Date of publication: 9 ആഗസ്റ്റ് 2015
വോള്യം10 / ലക്കം 2 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

## കേരളത്തിലെ സ്ത്രീകളും വികസനവും



സംഘടിതയുടെ പ്രിയ വായനക്കാർക്ക് ഹൃദയം നിറഞ്ഞ ഓണാശംസകൾ!

# സംഘടിത

## ഉള്ളടക്കം

ആഗസ്റ്റ് 2015 |വോള്യം 10 |ലക്കം 2


7. സ്ത്രീ പരിസരവും സാമൂഹ്യ വികസനവും
– **ആനി ജോർജ്ജ്/ഡോ. സീമാ ജെറോം**

14. മായ്ക്കാനാവാത്ത കയ്യൊപ്പുകൾ
– **എൻ. രജനി**

18. സാമ്പത്തികാസൂത്രണത്തിൽ
സ്ത്രീ പങ്കാളിത്തം
– **ടി. വി. ഉഷാദേവി**

23. നിയമരംഗവും സ്ത്രീകളും
– **ജെസ്സി അലക്സാണ്ടർ**

30. ആരോഗ്യസേവനരംഗവും വനിതകളും
– **അമ്പിളി പി. സി**

34. ജനപ്രതിനിധികളായ സ്ത്രീകളും
വികസനത്തിലെ ജനാധിപത്യവും
– **കൃഷ്ണ അരവിന്ദ്**

39. ക്രമസമാധാനം
– **സിൽവിക്കുട്ടി ജോസഫ്**

41. ചെങ്കൽചൂളയിലെ ജീവിതം -
അതിജീവനത്തിന്റെ പെൺഭാഷ്യങ്ങൾ
– **രശ്മി ജി.**

44. മണ്ണിനെസ്നേഹിച്ച് വിണ്ണോളമെത്തിയ
ഗായത്രീദേവി – **സന്ധ്യരാജ്**

46. ഞാനൊരു വെറുക്കപ്പെട്ട ഉന്നം : ടീസ്റ്റ
– **വിവ: അമ്പിളി സുധീർ**

48. പെൺപക്ഷം – **അജിത കെ.**

49. ഉപ്പും മുളകും – **ഗീത**

50. രാഷ്ട്രീയനിരീക്ഷണം – **ജ്യോതിനാരായണൻ**

51. വാസ്തവം – **ഡോ. ജാൻസി ജോസ്**

52. ചതിക്കപ്പെടുന്ന പെൺമക്കൾ
– **ഡോ. മിനി ഉണ്ണികൃഷ്ണൻ**

55. അതിരുകൾ മായ്ക്കുന്ന
സ്ത്രീവാദ സങ്കല്പങ്ങൾ
– **ഷംഷാദ് ഹുസൈൻ**

60. ശാസ്ത്രം – **സീമ ശ്രീലയം**

61. 'ഒരു തമാശ' ക്കഥ - (കവിത) - **ഉഷപ്രഭ**





**കേരളത്തിലെ സ്ത്രീകളും വികസനവും – ശാലിനി ലോറൻസ്**




**വികസനം, സ്ത്രീ , മാധ്യമം: ഒരു ബദൽ – ആർ. പാർവതി ദേവി**




**മത്സ്യമേഖലയിലെ പെൺപെരുമ – ലില്ലി**





എഡിറ്റർ :
ഷീബ കെ.എം.

മാനേജിംഗ് എഡിറ്റർ:
കെ. അജിത

എക്സി.എഡിറ്റർ:
രാജലക്ഷ്മി കെ.എം.

ഗസ്റ്റ് എഡിറ്റർ :
സീമ ജെറോം

പത്രാധിപ സമിതി :
ഡോ. ജാൻസി ജോസ്,
ഗിരിജ പി. പാതേക്കര,
ജ്യോതി നാരായണൻ,
ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത,
ഡോ.ഖദീജ മുംതാസ്,
സുനീത ടി.വി.,
അഡ്വ.കെ.കെ.പ്രീത,
ഷീബാ ദിവാകരൻ,
ഷംഷാദ് ഹുസൈൻ,
കുസുമം ജോസഫ്, സുൽഫത്ത്

സർക്കുലേഷൻ മാനേജർ :
ചാരുലത എ.എസ്.

ഉപദേശകസമിതി :
സുഗതകുമാരി,
പ്രൊഫ. എം. ലീലാവതി,
ഡോ. ശാരദാമണി,
ഡോ. മല്ലികാസാരാഭായ്,
ഡോ. ബീനാപോൾ

ലേഔട്ട് & കവർ:
സുവിജ

പ്രിന്റിംഗ് :
എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്,
0495 2441934, 2442934

സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്, ഫോൺ: 0495 2354041
09495230146

sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com

ഉഷപ്രഭ

# 'ഒരു തമാശ'ക്കഥ

ആറാം ക്ലാസ്സിലാണവൾ, ആതിരാസതീശ്
ആറേഴു നാളായിട്ടാകുലയാണവൾ
ആരേയും കൊതിപ്പിക്കുമുടലഴകില്ലവൾ-
ക്കെന്നാലുമുണ്ടൊരാനച്ചന്ത, മൊരോമനച്ചന്തം
ഇല്ലയവൾക്കാണുങ്ങളിലാർത്തി പെരുപ്പിക്കും
വിധം  മുമ്പും പിറകും , ഇടയും മുടിയും
ഇരുൾ നിറമാർന്ന്, ഈർക്കിൽ പോലെ
ഇരുമിഴികളിലുമിരമ്പുമാധിയുമായ്
ഇണ്ടൽ നിറഞ്ഞൊരിയ്യപ്പാവപോലെ
ഒരേ ഇരിപ്പാണവളെപ്പൊഴും ക്ലാസ്സി-
ലൊരേ ചകിത ഭാവമാണവൾക്കെന്നും.
നീയെന്തേ എഴുതുന്നില്ല? പഠിക്കുന്നില്ല?
നിനക്കെന്തേ നോട്ടുബുക്കില്ലേ? പേനയില്ലേ?
ആരായുന്നിതദ്ധ്യാപികയൻപോടെ
അടുത്തിരുന്നവർതഴുകുന്നു, അലിവോടെ
"അറിയില്ല ടീച്ചറേ, എനിക്കൊന്നുമറിയില്ല"
അതിദയനീയമായവൾ മൊഴിയുന്നു
"വീട്ടിലിരുന്നെന്തേ പഠിക്കാത്തൂ, നേരമില്ലേ?
വീട്ടിലെന്തിത്ര വേല നിനക്ക്, ആരുമില്ലേ?"
"വീട്ടിലിരിക്കാൻ പറ്റില്ല ടീച്ചറേ,
വീട്ടിലിരുന്നാലും പഠിക്കാനാകില്ല ടീച്ചറേ"
വിതുമ്പിക്കൊണ്ടവളിയമ്പുന്നു
"അവരെന്നെ കടിച്ചുകീറും, കള്ളടിച്ച്
കഞ്ചാവടിച്ച്, കരുണയില്ലാതെ
പിച്ചിചീന്തും പിശാചുക്കൾ..."
കുഞ്ഞുമിഴികൾ സാഗരങ്ങളാകുന്നു
"ആവില്ല ടീച്ചറേ, ഇനിയെനിക്കാവില്ല
അവിടേക്കിനി ഞാനില്ല... ഞാനില്ല...
അയക്കരുതെന്നെ അവിടേക്ക്, അരുതേ
ആയയായിട്ടെങ്കിലുമെന്നെ കൊണ്ടുപോകൂ..."
അദ്ധ്യാപികയെ കെട്ടിപ്പിടിച്ചവൾ കേഴുന്നു
"അരുതുമോളേ, യരുത്! അമ്മയില്ലേ
അത്താണിയായി, അഭയമായി, ആശ്വാസമായി?
പെറ്റമ്മയോളം പോരുമോ കുട്ടി മറ്റാരാനും?"
കനലെരിയും കൺകളോടെ കണ്ണകിയെ-
പ്പോലവൾ ഗർജ്ജിപ്പൂ,
"അമ്മ... അമ്മ-
യാണെന്നെ കൊടുത്തതവർക്ക, മ്മൂമ്മ
യാണെന്നെ കിടത്തിയതവിടെ, അഞ്ഞൂറു
പണത്തിനായ്, വെറും അഞ്ഞൂറ്....!"
അടക്കിയിട്ടും അടങ്ങാതെ തേങ്ങൽ
"ടീച്ചറേ, വരട്ടെയോ ഞാൻ കൂടെ?
വേലയെന്തും ചെയ്യാം, തരേണ്ടയാതൊന്നും...."
വാടിവീണവൾ വാഴത്തണ്ടുപോൽ
യാചിക്കുന്നൂ, ആ സങ്കടക്കണ്ണുകൾ
രക്ഷിക്കൂ.... എന്നെയാക്കാട്ടാളരിൽ നിന്നും...



## പുസ്തകപരിചയം







## കാർട്ടൂൺ




ഇന്നു നിന്റെ ദിവസമാണ്, തീരു
മാനം സ്വതന്ത്രമായി എടുത്തോളൂ.
നാളെ ഞാൻ അതു മാറ്റിക്കൊള്ളാം!!

കടപ്പാട് : മഞ്ജുൾ

# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

ഹിന്ദുത്വസർക്കാറിന്റെ കഠിനമായ പക്ഷപാതിത്വനയങ്ങളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഗുജറാത്തിലെ കൂട്ടക്കുരുതിക്കെതിരെ നെടുനാളായി പോരാടിക്കൊണ്ടിരിക്കുന്ന ടീസ്റ്റ സെതൽവാദിനെതിരെ ആസൂത്രിതമായി നടന്നുകൊണ്ടിരിക്കുന്ന നീക്കങ്ങൾ, നിയമത്തിന്റെ നീതിബലം മുഴുവൻ പ്രയോഗിക്കും മുമ്പേ ധൃതിപിടിച്ചു നടപ്പിലാക്കിയ യാക്കൂബ് മേമൻ വധശിക്ഷ തുടങ്ങി കുപ്രസിദ്ധ ലൈംഗികകുറ്റവാളിയായ ആശാറാം ബാപ്പുവിനെ മൂന്നാംക്ലാസ്സ് പാഠപുസ്തകത്തിൽ വരിഷ്ഠസന്യാസിമാരുടെ ഗണത്തിൽ ചേർത്തതുവരെ എത്തി നിൽക്കുന്നു ഈ പട്ടിക. 857 ഓളം നീലചിത്ര സൈറ്റുകൾ നിരോധിക്കാനുള്ളതാണ് ഒടുവിലുണ്ടായ നീക്കം. സ്ത്രീവാദപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏൻട്രിയ ഡ്വോർക്കിൻ (Andrea Dworkin) പോർണോഗ്രാഫിക്കെതിരെ നടത്തിയ ദീർഘകാല പോരാട്ടങ്ങൾ നമുക്ക് പരിചിതമാണല്ലോ. സ്ത്രീശരീരങ്ങളെ വസ്തുവൽക്കരിക്കുന്നതിലും പുരുഷകാമപൂർത്തിക്കുള്ള ഉപകരണങ്ങളാക്കി ചുരുക്കുന്നതിലും ലൈംഗികാതിക്രമങ്ങൾക്ക് വഴികാട്ടികളാവുന്നതിലും നീലചിത്രങ്ങൾക്കുള്ള പങ്ക് നേരത്തെ ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. ഉദാരതാവാദ ഭരണകൂടങ്ങൾ വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന്റെ പേരിൽ നിരോധനം നടപ്പാക്കാതിരിക്കുകയാണ് ചെയ്തിട്ടുള്ളത് നാളിതുവരെ. വ്യക്തിസ്വാതന്ത്ര്യം എന്ന സങ്കല്പനം തന്നെ എത്രമേൽ പുരുഷപക്ഷപാതപരമാണെന്ന് വ്യക്തമാക്കുന്നതാണീ നിലപാട്. എന്നാൽ, ഇപ്പോൾ നിരോധനം ആലോചിക്കപ്പെടുന്നത് ആർഷഭാരതസംസ്കാരത്തിന്റെ സംരക്ഷണത്തിന്റെ പേരിലാവുകയാണെങ്കിൽ അത് ആശ്വാസത്തേക്കാളേറെ ആശങ്കയ്ക്ക് വകയൊരുക്കാനാണ് സാദ്ധ്യത. സദാചാരവാദത്തിൽ നിന്നല്ലാതെ മറിച്ച് ലൈംഗികതയുടെ ജനാധിപത്യവൽക്കരണത്തിന്റെ ഭാഗമായുള്ളതാവണം നിരോധനത്തിന്റെ പ്രേരണകൾ.

അവിവാഹിതയായ അമ്മയ്ക്ക് തന്റെ കുട്ടികളുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുന്നതിന് അച്ഛന്റെ സമ്മതം ആവശ്യമില്ലെന്ന ഒരു സുപ്രധാനവിധി സുപ്രീംകോടതി പുറപ്പെടുവിക്കുകയുണ്ടായി. ജനനസർട്ടിഫിക്കറ്റ് നൽകുന്നതിന് അവിവാഹിതരായ അമ്മമാർ നൽകുന്ന അച്ഛന്റെ പേരില്ലാത്ത സത്യവാങ്മൂലം കണക്കിലെടുക്കണമെന്ന് കോടതി വ്യക്തമാക്കി. സ്ത്രീകൾക്ക് ഏറെ സഹായകരം തന്നെ ഈ വിധി.

'അച്ഛേ ദിൻ' വരുമെന്ന പ്രതീക്ഷയിൽ വികസനം ഏറെ ചർച്ചകൾക്കു വിധേയമാവുന്നുണ്ടല്ലോ ഇപ്പോൾ. എന്നാൽ ആധുനികതയുടെ തന്നെ വികസനയുക്തികളെ ചോദ്യം ചെയ്യേണ്ടുന്ന ആവശ്യകതയുണ്ട്. പ്രത്യേകിച്ചും സ്ത്രീപക്ഷത്തു നിന്നുകൊണ്ട്. വികസനം കമ്പോളാധിഷ്ഠിത വളർച്ചയുടെ അപരനാമമായി പരിഗണിക്കപ്പെടുമ്പോൾ മനുഷ്യക്ഷേമത്തിനുതകുന്ന പദ്ധതികൾ പരിഗണനാപട്ടികയിൽ പിന്നിലേക്ക് തള്ളപ്പെടുന്നു. വികസനത്തിന്റെ കേരളമാതൃക ഏറെ ആഘോഷിക്കപ്പെട്ട ഒന്നായിരുന്നുവല്ലോ. കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണനിരക്ക്, ആയുർദൈർഘ്യം, കൂടിയ വിവാഹപ്രായം തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയപ്പോൾ കേരളം വികസിതരാജ്യങ്ങൾക്കൊപ്പമെത്തുന്ന അഭിമാനാർഹമായ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടു. എന്നാൽ സ്വന്തം ജീവിതത്തിലെ അധികാരബന്ധങ്ങളെ പ്രതിരോധിക്കാൻ ശേഷിയും സൗകര്യവും ഒരുക്കാതിരിക്കുന്ന വികസനമാതൃകകൾ സ്ത്രീകളെ സംബന്ധിച്ച് ഗുണകരമല്ല തന്നെ. ലിംഗാനുപാതത്തിലും വിദ്യാഭ്യാസമേഖലയിലും മുന്നിട്ടു നിൽക്കുന്ന സ്ത്രീകൾ തൊഴിൽപങ്കാളിത്തത്തിൽ ഏറെ പിന്നിലാണെന്നതാണ് നഗ്നസത്യം. കുടുംബശ്രീ പോലുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ പലപ്പോഴും ലിംഗവാർപ്പുമാതൃകകളെ ഭേദിക്കുന്നില്ലെന്നു മാത്രമല്ല, പിൻവാങ്ങുന്ന സർക്കാർ സബ്സിഡികൾക്കും മുതൽമുടക്കുകൾക്കുമിടയിൽ ഞെരുങ്ങുന്ന സ്ത്രീ അദ്ധ്വാനത്തിനു മേൽ ദാരിദ്ര്യനിർമ്മാർജ്ജന സേനയുടെ പകിട്ടാർന്ന മേലങ്കി പുതപ്പിക്കുകയും ചെയ്യുന്ന ചിത്രമാണ് കാണാൻ കഴിയുന്നത്.

ഇത്തരം സ്ത്രീ അവസ്ഥകളേയും വികസന പരിപ്രേക്ഷ്യങ്ങളേയും മുന്നോട്ടു വയ്ക്കുകയാണ് സീമ ജെറോം സമ്പാദകയായ ഈ ലക്കം സംഘടിത. നമുക്കിത് സജീവ ചർച്ചകൾക്ക് വിധേയമാക്കേണ്ടതുണ്ട്.



സീമ ജെറോം

# വികസനവഴികളിലെ പെൺപെരുമ

രാഷ്ട്രത്തിന്റെ വിഭവശേഷി, ആളോഹരി വരുമാനം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ജനന മരണനിരക്ക്, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഇങ്ങനെ ഒട്ടനവധി ഏകകങ്ങളുടെ പൂരണത്തിലൂടെയാണ് വികസനം നിർണ്ണയിക്കപ്പെടുക. എന്നാൽ, വികസനം എന്നത് ഒരു ആൺ അധികാര പ്രക്രിയയാണെന്ന മിഥ്യാധാരണ പലവേദികളിലെയും വികസന സംബന്ധമായ ചർച്ചകളിൽ പ്രതിദ്ധ്വനിക്കാറുണ്ട്. ഭാരതത്തിന്റെയും കേരളത്തിന്റെയും നാളിതുവരെയുണ്ടായ വികസന ചരിത്രത്തിലെ പെൺ പങ്കാളിത്തം ഗൗരവമേറിയ പഠനഗവേഷണങ്ങൾക്ക് വേണ്ടത്ര വിഷയമായിട്ടില്ലെന്ന് വൈകിയെങ്കിലും തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഇന്ത്യയുടെ നിരവധി ഗ്രാമങ്ങൾ ദാരിദ്ര്യം, നിരക്ഷരത, ആരോഗ്യശുചിത്വ പ്രശ്നങ്ങൾ എന്നിവയാൽ അവികസിതമായിരിക്കെ, ഐക്യരാഷ്ട്രസഭയുടെ മാനദണ്ഡങ്ങൾ പ്രകാരം കേരളം വികസിതമാണെന്ന് നമുക്ക് അവകാശപ്പെടാം. ദേശത്തിന്റെ സമഗ്രവികസനം എല്ലാത്തരം തൊഴിൽ മണ്ഡലങ്ങളുടെയും സഹവർത്തിത്വത്തോടെ മാത്രമെ ഫലപ്രാപ്തി കൈവരിക്കൂ. കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും വിവിധ തൊഴിൽ മേഖലകളിലെ പങ്കാളിത്തവും മാനവവിഭവശേഷിയായി പരിഗണിക്കണം. ഈ വിഭവശേഷിയെ പരിപോഷിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്താത്തത് നമ്മുടെ കാഴ്ചപ്പാടുകളുടെ സങ്കുചിതത്വമാണെന്നു തിരിച്ചറിയണം.

ഗവൺമെന്റുകളും സന്നദ്ധസംഘടനകളും സ്ത്രീവിമോചന പ്രസ്ഥാനങ്ങളും ഊന്നൽ നൽകേണ്ട ചില അടിസ്ഥാന യാഥാർത്ഥ്യങ്ങൾ ഇനിയും ഗൗനിക്കാതെ പോകരുത്. 1. അധികാരം, ഭരണനിർവ്വഹണം എന്നിവയിൽ ലിംഗപരമായ തുല്യത ഉറപ്പുവരുത്താതെ വികസനങ്ങളുടെ അജണ്ട തയ്യാറാക്കുന്നത് നീതിയുക്തമല്ല. 2. എല്ലാ മേഖലകളിലുമുള്ള സ്ത്രീകളുടെ സാമൂഹികാവസ്ഥകളെ പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള വാർഷിക ബജറ്റുകളുടെ അഭാവം. 3. വീടകങ്ങളിലെ അധിക ഉത്തരവാദിത്വം പൊതുമണ്ഡലത്തിലെ സ്ത്രീയുടെ പ്രവർത്തനങ്ങളെ ദുർബ്ബലമാക്കാതിരിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. തൊഴിലിടങ്ങളിൽ ക്രഷ്, വിശ്രമമുറി, കൗൺസലിംഗ് എന്നിവ നിർബന്ധിതമാക്കുക. 4. ഗവൺമെന്റ് തലങ്ങളിലെയും അക്കാദമിക് തലങ്ങളിലെയും ചർച്ചകൾ നിർദ്ദേശങ്ങളിലൊതുങ്ങാതെ, യുദ്ധകാലാടിസ്ഥാനത്തിൽ താഴേത്തട്ടിൽ ബോധവത്കരണം നടപ്പിലാക്കുക.

സ്ത്രീകളുടെ ശാരീരികാദ്ധ്വാനം, ഇച്ഛാശക്തി, ആത്മാർത്ഥത എന്നിവ വികസനത്തെ ത്വരിതപ്പെടുത്തുന്നതെങ്ങനെയെന്നും തൊഴിൽ മേഖലകളിലെ ആൺകോയ്മാ സങ്കല്പങ്ങളും ഗാർഹികമായ സാമ്പത്തിക വ്യവഹാരങ്ങളിലെ അസ്വാതന്ത്ര്യവും വികസന വിരുദ്ധമാകുന്നതെങ്ങനെയെന്നും ഈ ലക്കം ചർച്ചചെയ്യുന്നു. വികസന പ്രക്രിയകളിൽ പങ്കാളികളാകുന്ന വിവിധ മേഖലകളിലെ സ്ത്രീകളെക്കുറിച്ചുള്ള അന്വേഷണം ഏറ്റെടുത്ത് സഹകരിച്ച സുഹൃത്തുക്കൾക്ക് നന്ദിയും അനുമോദനങ്ങളും. വിദ്യാഭ്യാസ മേഖലയിലെ പെൺ പങ്കാളിത്തം, എഴുത്തുകാരികളുടെ പ്രതിനിധാനം എന്നീ ലേഖനങ്ങൾ സമയോചിതമായ് ലഭിക്കാതിരുന്നതനാൽ ഉൾപ്പെടുത്താൻ കഴിയാത്തതിലുള്ള ഖേദവും മറച്ചുവെക്കുന്നില്ല.

ഉന്നതവിദ്യാഭ്യാസനിരക്ക് പുരുഷന്മാരേക്കാൾ ഉയർന്നു നിൽക്കുന്ന കേരളത്തിലെ സ്ത്രീകളുടെ കർമ്മമണ്ഡലങ്ങളിലെ അഭാവം അപമാനകരവും അപകടകരവുമാണെന്നു തിരിച്ചറിയാത്ത പക്ഷം വികസനവഴികളിലെ സ്ത്രീകളുടെ കർത്തൃത്വം പുരുഷാധിപത്യ സമവാക്യങ്ങൾക്കു വിധേയമായി തുടർന്നുകൊണ്ടേയിരിക്കും. വികസനം പരിപൂർണ്ണമാകണമെങ്കിൽ പ്രതിരോധങ്ങൾ അനിവാര്യമാണ്.



*മുപ്പത് വർഷത്തിലധിക കാലം വികസന മേഖലയിൽ പ്രവർത്തിച്ചതിന്റെ ആത്മവിശ്വാസവും പിൻബലവുമുണ്ട് ആനി ജോർജ്ജിന്റെ കാഴ്ച്ചപ്പാടുകൾക്ക്. ഇന്ത്യക്ക് അകത്തും പുറത്തുമായി വിവിധ ഗ്രാമീണ വികസന പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, നിരീക്ഷണം, വിലയിരുത്തൽ എന്നീ ചുമതലകളിൽ പ്രവർത്തിച്ചിട്ടുള്ള ആനിജോർജ്ജ് ഇപ്പോൾ തമിഴ്നാട്ടിലെ നാഗപ്പട്ടണം ആസ്ഥാനമായുള്ള ബെഡ്റോക്ക് എന്ന സംഘടനയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. സുനാമി, കോസി, നർഗീസ് എന്നീ വെള്ളപ്പൊക്കങ്ങൾ, ഇവാൻ, ഫാലൈൻ ചുഴലിക്കാറ്റ്, ഉത്തരഖണ്ഡിലെ പ്രളയക്കെടുതികൾ, നേപ്പാൾ ഭൂകമ്പം എന്നീ പ്രകൃതിക്ഷോഭങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക്  ബെഡ്റോക്കിലൂടെ നേതൃത്വം നല്കി വരുന്ന ആനി ജോർജ്ജ് ഗുജറാത്തിലെ ആനന്ദ് ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മന്റ് ആനന്ദിൽ (IRMA)നിന്നും ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. ഡോ. സീമാ ജെറോം നടത്തിയ അഭിമുഖത്തിൽ, തന്റെ അനുഭവങ്ങളിൽ നിന്നും കണ്ടെടുത്ത ഗ്രാമീണ യാഥാർത്ഥ്യങ്ങളെ കോർത്തിണക്കി സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയാണ് ആനി ജോർജ്ജ്.*

# സ്ത്രീ പരിസരവും സാമൂഹ്യ വികസനവും

ആനി ജോർജ്ജ്/സീമാ ജെറോം

*സാമൂഹ്യവികസന രംഗത്ത് പല മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് താങ്കൾ.  താങ്കളുടെ കാഴ്ചപ്പാടിൽ സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ വികസന പ്രശ്നം എന്താണ്?*

സ്ത്രീകളുടെ വികസനകാര്യത്തിൽ നമ്മൾ പുറകോട്ടു സഞ്ചരിക്കുകയാണ് എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.  ഒരു കാലത്ത് ശക്തരായ സ്ത്രീകൾ ഉണ്ടായിരുന്ന ഒരു സമൂഹമായിരുന്നു നമ്മുടേത്.  ഇപ്പോഴാകട്ടെ നാം നമ്മുടെ തന്നെ ആത്മവിശ്വാസം ഇല്ലാതാക്കാനുള്ള തത്രപ്പാടിലാണ്.  നാം നമുക്ക് ചുറ്റും മതിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്നു.  സ്ത്രീകൂട്ടായ്മകൾ സാമൂഹ്യതിന്മക്കെതിരെ പ്രതികരിക്കുന്നത് പ്രതീക്ഷ നല്കുന്നുണ്ട്.  സ്ത്രീകൾക്ക്  പുറത്ത് വരുന്നതിനുള്ള അനുകൂലപരിതസ്ഥിതിയും സംവിധാനങ്ങളും നിലവിൽ വന്നിട്ടുണ്ട്.  എങ്കിലും അതിലൂടെ കടന്നു പോകാൻ വിമുഖത കാണിക്കാനുള്ള സ്ത്രീമനസ്സ് തന്നെയാണ് സ്ത്രീ നേരിടുന്ന ഏറ്റവും വലിയ വികസന വെല്ലുവിളി.

*ഭാരതത്തിൽ നടപ്പാക്കുന്ന സാമൂഹ്യവികസനപ്രവർത്തനങ്ങളിൽ സ്ത്രീകൾ പ്രധാന ഗുണഭോക്താക്കളാകുന്നത് എങ്ങിനെയാണ്? പ്രകൃതിക്ഷോഭനിർമ്മാർജ്ജന (Disaster management activities)  പ്രവർത്തനങ്ങളും സ്ത്രീകളെ ലക്ഷ്യം വെക്കുന്നു.*

സ്ത്രീക്ക് ആത്യന്തികമായി മാതൃഭാവമാണുള്ളത്. എല്ലാവരേയും കരുതലോടെ കാണാനുള്ള പ്രകൃതിദത്തമായ മനോഭാവം.  ഇതിൽ സ്വന്തം ക്ഷേമം പോലും വെടിഞ്ഞു മുന്നിട്ടിറങ്ങാനുള്ള വാഞ്ഛയും ഉണ്ട്. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും ഈ മനോഭാവത്തിനു മാറ്റമൊന്നുമില്ല.  സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരെ രക്ഷിക്കാൻ ഇറങ്ങിയ സ്ത്രീകളുടെ ചിത്രങ്ങൾ സുനാമി നമുക്ക് സമ്മാനിക്കുകയുണ്ടായി.ഈ ഒരു മനോഭാവം കൊണ്ട് തന്നെ പ്രകൃതിക്ഷോഭങ്ങളിൽ ദുരിതമനുഭവിക്കുകകൂടുതലും സ്ത്രീകളാണ്.  രണ്ടാമതായി, സ്ത്രീകളുടെ ഭൗതിക പരിമിതികൾ.  വസ്ത്രധാരണ രീതികളും ഈ പരിമിതികളിൽ പെടുന്നു. ഇത്തരം പരിമിതികൾ പ്രകൃതിക്ഷോഭങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.

സ്ത്രീകളും പെൺകുട്ടികളും ചൂഷണം ചെയ്യപ്പെടാനും പ്രകൃതിക്ഷോഭങ്ങൾ കാരണമാകുന്നു. പ്രകൃതിക്ഷോഭങ്ങൾക്കു ശേഷമുള്ള നഷ്ടപരിഹാരത്തിനും സ്ത്രീക്ക് അർഹതയില്ല. എല്ലാം അവളുടെ ഭർത്താവിന്റെ പേരിലായതിനാൽ നഷ്ടപരിഹാരത്തുകയും അദ്ദേഹത്തിനു തന്നെ ലഭിക്കുന്നു. ഈ തുക കുടുംബത്തിനു വേണ്ടി ചെലവഴിക്കാനുള്ള സാധ്യത വളരെ കുറവാണ്. ഇത് മൂലം സ്ത്രീ മാത്രമല്ല, കുടുംബവും കഷ്ടപ്പെടേണ്ടി വരുന്നു.

പ്രകൃതിക്ഷോഭങ്ങളിൽപെട്ടവർക്കുള്ള ദുരിതാശ്വാസക്യാമ്പുകളുടെ സ്ഥിതി നോക്കുക. സ്ത്രീകൾക്കു കുളിക്കാനോ മലവിസർജ്ജനം ചെയ്യാനോ ഉള്ള സ്വകാര്യത ഇത്തരം ക്യാമ്പുകളിൽ ഉണ്ടാകാറില്ല. അതിനാൽ തന്നെ അവരുടെ മാനസിക പിരിമുറുക്കം വർദ്ധിക്കുന്നു. ഇതിൽ നഷ്ടപ്പെടുന്നവർ സ്ത്രീകൾ മാത്രമാണ്. ദുരിതബാധിത പ്രദേശങ്ങളിൽ ഭക്ഷണം ഹെലികോപ്ടറുകളിൽ വിതരണം ചെയ്യുന്നത് ഒരു സാധാരണ കാഴ്ച്ചയാണ്. കായിക ശക്തി ഉപയോഗിച്ച് വേണം ഈ ഭക്ഷണപ്പൊതികൾ കൈക്കലാക്കാൻ. എത്ര സ്ത്രീകൾക്ക് ഇതിനു സാധിക്കും?

സ്ത്രീകളും പെൺകുട്ടികളും ചൂഷണം ചെയ്യപ്പെടാനും പ്രകൃതി ക്ഷോഭങ്ങൾ കാരണമാകുന്നു. പ്രകൃതിക്ഷോഭങ്ങൾക്കു ശേഷമുള്ള നഷ്ടപരിഹാരത്തിനും സ്ത്രീക്ക് അർഹതയില്ല. എല്ലാം അവളുടെ ഭർത്താവിന്റെ പേരിലായതിനാൽ നഷ്ടപരിഹാരത്തുകയും അദ്ദേഹത്തിനു തന്നെ ലഭിക്കുന്നു. ഈ തുക കുടുംബത്തിനു വേണ്ടി ചെലവഴിക്കാനുള്ള സാധ്യത വളരെ കുറവാണ്. ഇത് മൂലം സ്ത്രീ മാത്രമല്ല, കുടുംബവും കഷ്ടപ്പെടേണ്ടി വരുന്നു.

ഇതെല്ലാം കണക്കാക്കുമ്പോൾ, പ്രകൃതിക്ഷോഭ നിർമ്മർജ്ജനപ്രവർത്തുനങ്ങളിലും സാമൂഹ്യവികസന പ്രവർത്തനങ്ങളിലും സ്ത്രീകൾ പ്രധാന ഗുണഭോക്താക്കളാകുന്നുഎന്നതിലല്ല കാര്യം, മറിച്ച് അത്തരം പ്രവർത്തനങ്ങൾ എങ്ങനെ അവർക്കു ഉപകാരപ്രദമാകുന്ന രീതിയിൽ നടപ്പാക്കാൻ സാധിക്കും എന്ന് ചിന്തിക്കുകയും അവ യാഥാർത്ഥവല്ക്കരിക്കുകയും ചെയ്യുക എന്നതിലാണ് കാര്യം.

*ഭാരതത്തിൽ നയ രൂപീകരണം സ്ത്രീ സൗഹാർദ്ദപരമല്ല (women friendly) എന്ന് തോന്നുന്നുണ്ടോ?*

രാജ്യത്ത് നിരവധി നയങ്ങളും നിയമങ്ങളും സ്ത്രീസംരക്ഷണത്തിനായി നിലവിലുണ്ട്. തമിഴ്നാട്ടിലെ കാര്യമെടുക്കാം. ഇവിടെ വിധവകൾക്കു മാത്രമല്ല, വിവാഹമോചനം നേടിയ സ്ത്രീകൾക്കും പെൻഷൻ നൽകാൻ നിയമം ഉണ്ട്. പക്ഷെ, ഇത് നടപ്പിലാക്കുന്നതിൽ ഭരണകൂടം പരാജയപ്പെടുന്നു. 35 വയസ്സുള്ള ഒരു വിധവക്ക്, പണം ആവശ്യമുള്ള ഒരു ജീവിതഘട്ടത്തിൽ, അത് നല്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. വിധവ 45 വയസുള്ള ആളാണെങ്കിൽ, ഉടനെത്തന്നെ വാർധക്യ പെൻഷൻ കിട്ടും എന്ന ന്യായം പറഞ്ഞു വിധവാ പെൻഷൻ വൈകിക്കുന്നു. നയങ്ങളുടെ താഴെത്തട്ടിലുള്ള യാഥാർത്ഥ്യവല്ക്കരണത്തിലെ പാളിച്ചകളാണ് ഇതെല്ലാം. ഇതേറെ മാറേണ്ടതുണ്ട്.



സ്ത്രീകളുടെ ഉപജീവനത്തിനായി (livelihoods) സർക്കാരുകൾ സ്ഥിരം നല്കുന്ന മൃഗങ്ങളാണ് ആടുകളും കോഴികളും. എന്നാൽ ഇവയെ വളർത്തേണ്ടുന്ന ശാസ്ത്രീയ രീതികളെക്കുറിച്ചോ അവയുടെ ഉല്പ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിനെക്കുറിച്ചോ സ്ത്രീകളെ ബോധവല്ക്കരിക്കുന്നില്ല, അതിനവരെ സഹായിക്കുന്നുമില്ല. കൊടുക്കാൻ വേണ്ടി കൊടുത്തു എന്ന പോലെ. ഈ ആടുകളെ ചികിത്സിക്കാനുള്ള ഡോക്ടറോ അനുബന്ധ സംവിധാനങ്ങളോ ഉണ്ടാകാറില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾ സർക്കാരുകൾക്ക് മനസ്സിലാകുന്നുണ്ട്. പക്ഷെ നിർഭാഗ്യവശാൽ പരിഹാരമാർഗങ്ങളിൽ ഒരു സമഗ്ര സമീപനം ഇല്ല.

*സ്ത്രീകൾക്കായുള്ള ക്ഷേമ പദ്ധതികൾ അവരിലേക്കെത്തുന്നില്ല എന്ന അഭിപ്രായമുണ്ടോ? അവർക്കായി ചെലവഴിക്കുന്ന പൈസയും ലക്ഷ്യത്തിലെത്തുന്നില്ല. എവിടെയാണ് ചോർച്ച? എവിടെയാണ് തടസ്സം?*

വിവിധകാരണങ്ങളാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.സ്വയം സഹായ സംഘങ്ങൾ സ്ത്രീകൾക്ക് പണം വായ്പ്പയായി നല്കാറുണ്ട്. മ

റ്റു സർക്കാർ പദ്ധതികളിൽ നിന്നും സ്ത്രീകൾക്ക് ഇത്തരത്തിൽ വായ്പാ സൗകര്യം ഉണ്ട്. ഇങ്ങനെ വായ്പ ലഭിച്ച സ്ത്രീകളെ നാം പോയി കണ്ടു നോക്കൂ. സ്ത്രീകളെ മുന്നിൽ നിർത്തി അവരുടെ ഭർത്താക്കന്മാരാണ് ഈ ലോൺ സംഖ്യ ഉപയോഗിക്കുന്നത് എന്ന് നമുക്ക് മനസിലാകും. ലോൺ കിട്ടാനുള്ള മാർഗം മാത്രമാണിവിടെ സ്ത്രീകൾ. ഇത് സ്ത്രീകളെ സഹായിക്കുന്ന പ്രവണതയാണോ? ഇത് മൂലം എന്ത് ഉന്നമനമാണ് പാവപ്പെട്ട സ്ത്രീകൾക്കുണ്ടാകുക? ഇങ്ങനെയാണ് സ്ത്രീവികസനപദ്ധതികൾ നടപ്പിലാക്കപ്പെടുന്നതെങ്കിൽ ഗ്രാമങ്ങളിലെ സ്ത്രീകളുടെ അവസ്ഥ പരിതാപകരമായിത്തന്നെ തുടരും.

നമ്മളിൽ എത്ര പേർക്ക് ഒരു സ്വയം തൊഴിൽ ചെയ്യാനുള്ള ചങ്കൂറ്റമുണ്ട്? ഇപ്പോഴത്തെ കാലത്ത് 'സ്റ്റാർട്ട് അപ്പ്' എന്ന് വിളിക്കുന്ന സ്വയം തൊഴിൽ സംരഭങ്ങൾ. വിരലിൽ എണ്ണാവുന്നവർ മാത്രമേ അതിനു മുതിരാറുള്ളൂ. എന്നാൽ സർക്കാർ ആഗ്രഹിക്കുന്നത് ഗ്രാമങ്ങളിലെ സ്ത്രീകൾ സ്വയം തൊഴിൽ ചെയ്യണം എന്നാണ്. അതും വെറും രണ്ടു ദിവസത്തെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ. ലോണെടുക്കാനും സ്വയം തൊഴിൽ ചെയ്യാനും അവരെ നിർബന്ധിക്കുന്നു. അവരെ പരിശീലിപ്പിക്കുന്നു. കുറെ കഴിഞ്ഞു പരാജിതരുടെ കണക്കെടുക്കുന്നു. ലോൺ സംഖ്യ തിരിച്ചടക്കാൻ നിർബന്ധിക്കുന്നു, സ്ത്രീകൾ വീണ്ടും നിരാശയിലേക്ക് മടങ്ങുന്നു. സോപ്പ് നിർമ്മാണ പരിശീലനത്തിനും മെഴുകുതിരി നിർമ്മാണ പരിശീലനത്തിനും ജില്ലാ കേന്ദ്രത്തിലേക്ക് പോകുന്ന സ്ത്രീകൾ നമ്മുടെ നാട്ടിലെ സ്ഥിരം കാഴ്ചയായിരുന്നു ഒരു കാലത്ത്. ഇതൊരു ചാക്രികപ്രക്രിയയാണ്, സ്ത്രീ ശാക്തീകരണത്തിന്റെ പേരിൽ, സാമ്പത്തിക ഉൾപ്പെടുത്തലിന്റെ (financial inclusion) പേരിൽ. എല്ലാം എണ്ണം കാണിക്കാനുള്ള ഒരു പരിപാടിയായി മാറിയിരിക്കുന്നു.

സർക്കാരും ഏജൻസികളും എന്തിനാണ് സ്ത്രീകൾക്ക് ഉത്പാദനവായ്പ (Productive loan) മാത്രം നൽകുന്നത്? ഇവിടെ അവരുടെ തീരുമാനങ്ങൾക്ക് ഒരു പ്രസക്തിയും ഇല്ലാതാകുകയല്ലേ? കേന്ദ്രീകൃത രീതിയിലുള്ള ലോൺ വിതരണ പദ്ധതികളിൽ പ്രാദേശിക കാര്യങ്ങൾ ഉൾക്കൊള്ളിക്കാനുള്ള സാധ്യത പരിമിതപ്പെടുമ്പോൾ തികച്ചും അന്യമായ ഒരു പ്രക്രിയയിലൂടെ കടന്നു പോകാൻ സ്ത്രീകൾ നിർബിന്ധിക്കപ്പെടുന്നു.

*നമ്മളിൽ എത്ര പേർക്ക് ഒരു സ്വയം തൊഴിൽ ചെയ്യാനുള്ള ചങ്കൂറ്റമുണ്ട്? ഇപ്പോഴത്തെ കാലത്ത് 'സ്റ്റാർട്ട് അപ്പ്' എന്ന് വിളിക്കുന്ന സ്വയം തൊഴിൽ സംരഭങ്ങൾ. വിരലിൽ എണ്ണാവുന്നവർ മാത്രമേ അതിനു മുതിരാറുള്ളൂ. എന്നാൽ സർക്കാർ ആഗ്രഹിക്കുന്നത് ഗ്രാമങ്ങളിലെ സ്ത്രീകൾ സ്വയം തൊഴിൽ ചെയ്യണം എന്നാണ്. അതും വെറും രണ്ടു ദിവസത്തെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ. ലോണെടുക്കാനും സ്വയം തൊഴിൽ ചെയ്യാനും അവരെ നിർബന്ധിക്കുന്നു.*

ആദ്യകാലങ്ങളിൽ പൊതുസാമൂഹ്യാധിഷ്ഠിത സംഘടനകൾ (Civil Socitey Organisations) വഴി ഈ പ്രാദേശികത വിവിധ പദ്ധതികളിൽ ഇഴചേർക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇന്ന് പൊതുസാമൂഹാധിഷ്ഠിത സംഘടനകൾ വെറും സേവന ദാതാക്കളായി മാറിക്കഴിഞ്ഞു.

*വികസന മേഖലയിൽ (Development Sector) സ്ത്രീകൾക്ക് ഏതെല്ലാം ജോലികളിൽ ഏർപ്പെടാൻ സാധിക്കും?*

എല്ലാ മേഖലകളിലും. വൈകിയാണെങ്കിലും സ്ത്രീ നേതാക്കളെ വികസന മേഖലയിൽ നമുക്ക് കാണാൻ സാധിക്കും.


സ്ത്രീകൾക്കായി ഒരു തരത്തിൽ 'സംവരണം' തന്നെ ചെയ്തു വെച്ചിരിക്കുന്ന ടെലിഫോൺ ഓപ്പറേറ്റർ, പ്രൈവറ്റ് സെക്രട്ടറി, റിസപ്ഷനിസ്റ്റ് എന്നീ പദവികളിൽ നിന്നും പെൺകുട്ടികൾ ക്രമേണ ഉയർന്ന പദവികളിലേക്ക് മുന്നേറാൻ തുടങ്ങിക്കഴിഞ്ഞു.

വികസന മേഖലയിലെ കാലാൾപ്പടകളായും പെൺകുട്ടികൾ മാറുന്നുണ്ട്. കുറെ പേരെ ഉന്നത പദവികളിലും കാണാൻ സാധിക്കുന്നുണ്ട്. സാമൂഹിക വ്യവസ്ഥിതിയുടെ ഭാണ്ഡമായിരിക്കാം ഈ മേഖലയിലേക്ക് വരുന്നതിൽ നിന്നും കുറെ പേരെയെങ്കിലും പിന്തിരിപ്പിക്കുന്നത്. അവസരങ്ങളും ഇടങ്ങളും ഈ മേഖലയിൽ സ്ത്രീകൾക്കുണ്ട്. അത് എങ്ങനെ ഉപയോഗിക്കണം എന്നു മാത്രമാണ് അവർ തീരുമാനിക്കേണ്ടത്.

*വികസന പ്രവർത്തനങ്ങളിൽ പൊതു സാമൂഹ്യാധിഷ്ഠിത സംഘടനകളുടെ പ്രസക്തി എന്താണ്?*

സർക്കാരിന്റെ കണ്ണും കാതും കാലുകളുമായി പ്രവർത്തിക്കാനും പദ്ധതി പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്ന ഉൾപ്രേരകമായി നില്ക്കാനും അവർക്ക് സാധിക്കും. സർക്കാരുകൾക്ക് താഴെത്തട്ടിലുള്ളവരുമായുള്ള ബന്ധം വളരെ കുറവാണ്. ഇതിനെ ശക്തമാക്കാനും പൊതു സാമൂഹാധിഷ്ഠിത സംഘടനകൾക്ക് കഴിയും. അതുവഴി താഴെത്തട്ടിലുള്ളവരെ ശാക്തീകരിക്കാനും, വികസന പ്രവർത്തനങ്ങൾക്ക് ഊർജ്ജം നല്കാനും സാധിക്കും..

*ഡോ. സീമാ ജെറോം- അസി. പ്രൊഫസ്സർ, മലയാളവിഭാഗം, കേരള സർവ്വകലാശാല*



കവർസ്റ്റോറി



ശാലിനി ലോറൻസ്

# കേരളത്തിലെ സ്ത്രീകളും വികസനവും

പുരോഗതിയുടെ മാനദണ്ഡം വികസന പ്രവർത്തനങ്ങളെയും സാമ്പത്തിക വ്യവഹാരങ്ങളെയും ആശ്രയിച്ചാണ് നിലനിൽക്കുന്നത്. സാമൂഹ്യ വളർച്ചയെ വിലയിരുത്തുമ്പോൾ അതത് സമൂഹത്തിലെ സ്ത്രീകൾ കൈവരിച്ച നേട്ടങ്ങളെ പ്രത്യേക അളവുകോലായി കണക്കാക്കുന്നുണ്ട്. ലിംഗപദവിയെ സംബന്ധിച്ച് ഒരു സമൂഹം പ്രകടിപ്പിക്കുന്ന ആശങ്കകളും പരിഗണനകളുമാണ് സ്ത്രീകളുടെ പദവിയുമായി ബന്ധപ്പെട്ടുള്ള ഇത്തരം വിലയിരുത്തലുകൾക്ക് കാരണം. ഈ അടുത്തകാലത്തായി ഉരുത്തിരിഞ്ഞു വന്ന പല വികസന സൂചികകളിലും ലിംഗപദവിയെ പ്രത്യേകമായി പരിഗണിക്കുന്നത് കാണാൻ കഴിയും. UNDP യുടെ ഹ്യൂമൻ ഡെവലപ്മെന്റ് റിപ്പോർട്ട് (1995) ഇത്തരം രണ്ട് സൂചികകൾ അവതരിപ്പിച്ചിട്ടുണ്ട്.

1. ജെൻഡർ റിലേറ്റഡ് ഡെവലപ്മെന്റ് ഇൻഡെക്സ് (GDI)
2. ജെൻഡർ എമ്പവർമെന്റ് മെഷർമെന്റ് (GEM)

ആയുർദൈർഘ്യം, വിദ്യാഭ്യാസപരമായ നേട്ടങ്ങൾ, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ സ്ത്രീകളും പരുഷന്മാരും തമ്മിലുള്ള വ്യത്യാസത്തെയാണ് GDI കൊണ്ട് അർത്ഥമാക്കുന്നത്. GEM സാമ്പത്തിക രാഷ്ട്രീയ തലങ്ങളിലെ ലിംഗവ്യത്യാസത്തെ കുറിക്കുന്നു. ഈ രണ്ട് സൂചികകളിലും കേരളത്തിലെ സ്ഥിതി മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ വളരെ ഉയർന്നതാണ്. ഇത് അർത്ഥമാക്കുന്നത് കേരളത്തിൽ ലിംഗപരമായ വിവേചനങ്ങൾ താരതമ്യേന കുറവാണെന്നാണ്.

നൂറുവർഷത്തിലധികമായി കേരളത്തിലെ മികച്ച സ്ത്രീ പുരുഷ അനുപാതമാണ് നിലനിൽക്കുന്നത്. 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ 1000 പുരുഷന്മാർക്ക് 1084 സ്ത്രീകളെന്നാണ് കണക്ക്. എന്നാൽ ഇന്ത്യ മൊത്തത്തിൽ അത് 943 ആണ്.സംസ്ഥാനത്ത് ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. ഈ പശ്ചാത്തലത്തിലാണ് വിവിധ മേഖലകളിലെ സ്ത്രീകളുടെ സ്ഥാനത്തെ വിശകലനം ചെയ്യേണ്ടത്.

**ആരോഗ്യം**

കേരളത്തിൽ സ്ത്രീകളുടെ ആയുർദൈർഘ്യം വികസിത രാജ്യങ്ങളുടെ സ്ത്രീകളുടെ ആയുർ ദൈർഘ്യത്തിന് തുല്യമാണ്. ഇത് പോഷണം, ആരോഗ്യം എന്നിവയിലെ മെച്ചപ്പെട്ട അവസ്ഥയെ പ്രകടിപ്പിക്കുന്നു. കേരളത്തിലെ മാതൃമരണ നിരക്കും താരതമ്യേന കുറവാണ്. എങ്കിലും സ്ത്രീകളുടെ ഇടയിൽ ജീവിത ശൈലി രോഗങ്ങൾ കൂടിവരുന്നതായി കാണാം. ക്യാൻസർ, ഹൃദ്രോഗങ്ങൾ, ഡയബറ്റിസ്, അനീമിയ എന്നിവയുടെ വർദ്ധനവ് ആശങ്കാജനകമാണ്. 30 ശതമാനം സ്ത്രീകൾക്ക് അമിതവണ്ണവും 12 ശതമാനം സ്ത്രീകൾക്ക് ഭാരക്കുറവും ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

**സാക്ഷരതയും വിദ്യാഭ്യാസവും**

കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ എല്ലാ വിഭാഗങ്ങളുടേയും സാക്ഷരതയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. സാക്ഷരതയുടെ കാര്യത്തിൽ ലിംഗവിവേചനം ദൃശ്യമല്ല. കേരളത്തിലെ സാക്ഷരതാ നിരക്ക് സ്ത്രീകൾക്ക് 92 ശതമാനവും പുരുഷന്മാർക്ക് 96 ശതമാനവും ആണ്. ഇന്ത്യ മൊത്തത്തിൽ എടുത്താൻ ഈ നിരക്ക് 66% വും 86% വും ആണ്.

പ്രൈമറി തലത്തിൽ സാർവത്രികമായ പ്രവേശനം (enrolment) ഉണ്ടാകുന്നുണ്ട്. മൊത്തം വിദ്യാർത്ഥികളിൽ സെക്കന്ററി തലത്തിലെ 50% വും ഡിഗ്രി തലത്തിലെ 60% വും പി.ജി തലത്തിലെ 70% ശതമാനവും പെൺകുട്ടികളാണ്. പെൺകുട്ടികൾക്കിടയിൽ ആർട്സ്, സയൻസ്, മെഡിസിൻ എന്നീ കോഴ്സുകളോട് കൂടുതൽ ആഭിമുഖ്യവും സാങ്കേതിക വിദ്യാഭ്യാസത്തോട് വൈമുഖ്യവും കാണാൻ കഴിയും. ഐ.ടി.ഐ, പോളിടെക്നിക്ക്. എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളിലെ കുറഞ്ഞ സ്ത്രീ സാന്നിദ്ധ്യം ഈ വസ്തുത അടിവരയിടുന്നു.

**തൊഴിൽ പങ്കാളിത്തം**
(workforce participation)

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുടുംബത്തിലും രാഷ്ട്രതലത്തിലുമുള്ള നിർണായക തീരുമാനങ്ങളെടുക്കുന്നതിനെ വളരെയധികം സ്വാധീനിക്കുന്ന ഒരു ഘടകമാണ്. വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് നേടാൻ കഴിഞ്ഞ വിജയഗാഥ തൊഴിൽ രംഗത്ത് ആവർത്തിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

തൊഴിൽ പങ്കാളിത്ത നിരക്കിലുള്ള സ്ത്രീപുരുഷ അന്തരം കേരളത്തിൽ (34.5%) ദേശീയതലത്തെ (27.75 %) അപേക്ഷിച്ച് വലുതാണ്. തൊഴിലില്ലായ്മ നിരക്ക് പരിശോധിക്കുകയാണെങ്കിൽ സ്ത്രീകളുടെ പ്രത്യേകിച്ച് വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ ദുരവസ്ഥ വ്യക്തമാക്കും.

**തൊഴിൽ നിലവാരം**
(Employment status)

പൊതുമേഖലയിൽ 1.85 ലക്ഷം സ്ത്രീകളും സ്വകാര്യ മേഖലയിൽ 2.59 ലക്ഷം സ്ത്രീകളും തൊഴിൽ ചെയ്യുന്നു. 82% പുരുഷന്മാരും 58% സ്ത്രീകളും അസംഘടിത മേഖലയിൽ പണിയെടുക്കുന്നതായി കാണാം.

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ നിശ്ചിത വരുമാനം നൽകുന്ന ജോലികളിൽ ഏർപ്പെടുന്നതായി കാണാം. മാത്രമല്ല കുറഞ്ഞ വരുമാനം ലഭിക്കുന്ന ജോലികളിൽ മാത്രമായി സ്ത്രീകൾ ഒതുങ്ങുന്നുണ്ട്. ഉയർന്ന യോഗ്യതകൾ ഉണ്ടെങ്കിലും കുടുംബത്തിന്റെ ആവശ്യങ്ങൾക്ക് മുന്നിൽ സ്ത്രീകൾ ബലിയാടുകളാകുന്നു.

സംസ്ഥാന തലത്തിലും ദേശീയ തലത്തിലും വേതനത്തിന്റെ കാര്യത്തിൽ സ്ത്രീ-പുരുഷ വിവേചനം പ്രകടമാണ്. ഇതിൽ നിന്ന് വിപരീതമായി തൊഴിലുറപ്പു പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ കൂടിയ വേതനം ലഭിക്കുതായി കാണാം.

**തൊഴിൽ പങ്കാളിത്ത നിരക്ക് 2011**

| | സ്ത്രീ | പുരുഷൻ |
|---|---|---|
| കേരളം | 18.23 | 52.73 |
| ഇന്ത്യ | 25.51 | 53.26 |

**തൊഴിൽ നിലവാരത്തിലധിഷ്ഠിതമായ വിഭജനം**

| | റൂറൽ | | അർബൻ | |
|---|---|---|---|---|
| | സ്ത്രീ | പുരു. | സ്ത്രീ | പുരു. |
| സ്വയം തൊഴിൽ ചെയ്യുന്നവർ | 36.4 | 38.9 | 36.3 | 36.3 |
| നിശ്ചിത വരുമാനക്കാർ | 23 | 15.5 | 46.6 | 31.6 |
| ദിവസ വരുമാനക്കാർ | 40.6 | 45.6 | 17.1 | 32.1 |

(NSSO data, 68th Round July 2011 - June 2012)

**രാഷ്ട്രീയ പങ്കാളിത്തം**

ഉയർന്ന സാക്ഷരതാ നിരക്കും വിദ്യഭ്യാസവുമുണ്ടായിട്ടും സ്ത്രീകൾ പൊതുവെ രാഷ്ട്രീയത്തിൽ നിന്ന് അകന്നു നിൽക്കുന്നു. ലോകസഭയിൽ കേരളത്തിനുള്ള 20 സീറ്റുകളിൽ രണ്ടെണ്ണത്തിൽ കൂടുതൽ ഒരിക്കലും സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. ഇപ്പോൾ കേരളത്തിൽ നിന്നും ഒരു വനിതാ എം.പി മാത്രമാണുള്ളത്. (5%) കേരള നിയമസഭയിലെ 140 സീറ്റുകളിൽ 7 എണ്ണം മാത്രമാണ് സ്ത്രീകൾ അലങ്കരിക്കുന്നത് (5%) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീ പങ്കാളിത്തം 50 ശതമാനത്തിൽ കൂടുതലാണ്.

**നീതിന്യായ വ്യവസ്ഥ**

കേരള ബാർകൗൺസിലിന്റെ കണക്കുകൾ പ്രകാരം മൊത്തം വക്കീലൻമാരിൽ 1/3 സ്ത്രീകളാണ്. ഹൈക്കോർട്ട് വക്കീലൻമാരുടെ കാര്യത്തിൽ സ്ത്രീപുരുഷ അനുപാതം 1:4 ആണ്. സീനിയർ തലത്തിൽ ഈ അനുപാതം 1:32 ആയി മാറുന്നു. വനിതാ ഹൈക്കോടതി ജഡ്ജിമാരിൽ വെറും 2 വനിതകൾ മാത്രമാണുള്ളത്.

**ഗാർഹിക തീരുമാനങ്ങളിലെ പ്രാതിനിധ്യം**

കണക്കുകൾ പ്രകാരം കേരളത്തിലെ വിവാഹിതരായ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളിൽ 89.7% നും തങ്ങളുടെ വരുമാനത്തിന്റെ വിനിയോഗത്തിൽ തീരുമാനം എടുക്കാനുള്ള അധികാരം ഉണ്ടെന്ന് കണ്ടെത്തി. എന്നാൽ കേരളത്തിലെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്ക് പരിഗണിക്കുകയാണെങ്കിൽ ഈ ശതമാനം വെറും 21 ശതമാനമായി കുറയുന്നു. ദേശീയ തലത്തിൽ ഇത് 44% മാത്രമാണ്. സ്വന്തം പേരിൽ ഭൂമിയുള്ളവർ 23.3% സ്ത്രീകൾ മാത്രമാണ്.

ഈ വസ്തുതകളൊക്കെ പരിശോധിച്ചാൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രശംസനീയമായ നേട്ടങ്ങൾക്കിടയിലും സാമ്പത്തികം, രാഷ്ട്രീയം എന്നീ മേഖലകളിലെ സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തവും പ്രാതിനിധ്യവും വ്യക്തമാകും. ഇതിൽ നിന്ന് നമുക്ക് അനുമാനിക്കാവുന്നത് കഴിവിന്റെ അഭാവമല്ല മിറച്ച് സാമൂഹികമായ ചട്ടങ്ങളും വ്യവസ്ഥകളുമാണ് സ്ത്രീ മുന്നേറ്റത്തിന് വിഘ്നമായി നിൽക്കുന്നത് എന്നാണ്.

**പ്രതിശീർഷ വരുമാന നിരക്ക്**

| | റൂറൽ | | അർബൻ | |
|---|---|---|---|---|
| | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| കേരളം | 240.45 | 368.44 | 412.47 | 519.84 |
| ഇന്ത്യ | 201.56 | 322.28 | 366.15 | 469.87 |

NSSO data, 68th Round July – 2011 - June 2012

*ശാലിനി ലോറൻസ് -അസി. പ്രൊഫസ്സർ, ഇക്കണോമിക്സ് വിഭാഗം, ആറ്റിങ്ങൽ ഗവ. കോളേജ്* ○



ആർ. പാർവതി ദേവി

# വികസനം, സ്ത്രീ , മാധ്യമം: ഒരു ബദൽ

ആണാധിപത്യം ശക്തമായി പിടി മുറുക്കിയിരിക്കുന്ന ഒരു മേഖലയാണ് മാധ്യമം. ആഗോളവല്ക്കരണ കാലത്ത് മാധ്യമങ്ങൾ വ്യവസായ സ്ഥാപനങ്ങൾ ആയി മാറിയതോടെ സമൂഹത്തിലെ പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ വിമോചനം എന്നത് മാധ്യമ അജണ്ടയിൽ ഉൾപെടാതെയായി. വിപണിവല്ക്കരണം വർത്തമാനകാല യാഥാർത്ഥ്യം ആകുമ്പോൾ സ്ത്രീ സൂപ്പർ മാർക്കറ്റിലെ ഷെൽഫിൽ പ്രതിഷ്ഠിക്കപ്പെട്ടു. പൂജിക്കുവാനും ആസ്വദിക്കുവാനും ഉപയോഗിക്കുവാനും കഴിയുന്ന ഒരു സുന്ദര വസ്തു ആയി സ്ത്രീയെ അവതരിപ്പിക്കുക എന്നത് ആഗോള മാധ്യമത്തിന്റെ അനിവാര്യ ആവശ്യവുമായി തീർന്നു. പൗരരെ ഉപഭോക്താവായി മാറ്റിയാൽ മാത്രമേ വിപണി സംസ്കാരത്തെ ചോദ്യം ചെയ്യാതെ വിഴുങ്ങുവാൻ തക്കവണ്ണം അവർ പരുവപെടുകയുള്ളൂ. ഇതിനു സ്ത്രീ ആണ് ഏറ്റവും സൗകര്യപ്രദമായ ഉപാധി. സ്ത്രീ ശരീരത്തെ പല കഷണങ്ങളായി മുറിച്ചെടുത്ത് ഓരോ അവസരത്തിനും അനുയോജ്യമായ വിധം ചേരുവകൾ ചേർത്ത് സ്വാദിഷ്ടമായ വിഭവം ആക്കി മാറ്റിയാണ് സമൂഹത്തിൽ ആർത്തി ഉത്പാദിപ്പിക്കുന്നത്.

മാധ്യമങ്ങൾ സ്വാധീനത്തിലും വലുപ്പത്തിലും വളരും തോറും മത്സരം വർദ്ധിക്കുകയും ചരക്കുവൽകൃത പെണ്ണുടൽ കൂടുതൽ അശ്ലീലം ആകുകയും ഇരയാക്കപ്പെടുകയും ചെയ്യുന്നു.

ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാലു തൂണുകളിൽ ഒന്നാണ് എന്ന് അവകാശപ്പെടുന്ന മാധ്യമങ്ങൾ നിലനില്ക്കുന്ന ചൂഷണാധിഷ്ഠിത വ്യവസ്ഥിതിയുടെ വക്താവും സംഘാടകനും ആയി പരിണമിക്കുന്നു. അതുകൊണ്ട് തന്നെ സ്ത്രീയുടെ നേട്ടങ്ങളും തമസ്കരിക്കപ്പെടുന്നു. മാധ്യമങ്ങളിലെ സ്ത്രീക്ക് ദേവിയുടെയോ ഇരയുടെയോ ചരക്കിന്റെയോ പദവി മാത്രമേ ലഭ്യമാകൂ. പൗര എന്ന നിലയിൽ സ്ത്രീയുടെ



ജീവിതം അടയാളപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്ക് വൻ പരാജയം സംഭവിച്ചിരിക്കുന്നു. ഇതിനു മറ്റൊരു കാരണം മാധ്യമങ്ങൾ വികസനം എന്ന വിഷയത്തെ അവഗണിക്കുന്നത് കൊണ്ട് കൂടിയാണ്. വികസന മാധ്യമപ്രവർത്തനം(development journalism) ഇന്ത്യയിൽ നിന്നും ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു. രാജ്യത്തിൻറെ പുരോഗതിക്കു വിലങ്ങുതടിയാകുന്ന പ്രശ്നങ്ങളെ തിരിച്ചറിയുകയും അവ മറികടക്കുന്നതിനുള്ള മാർഗങ്ങൾ രാഷ്ട്രീയ അധികാരം കയ്യാളുന്ന വിഭാഗങ്ങൾക്ക് ചൂണ്ടികാട്ടി കൊടുക്കുകയും ചെയ്യാനുള്ള ബാധ്യത മാധ്യമങ്ങൾക്ക് ഉണ്ട്. ഉദാഹരണങ്ങൾ നിരവധി . കുടിവെള്ളം , മാലിന്യ നിർമാർജനം എന്നിവ ചിലത് മാത്രം. അതുപോലെ തന്നെ ഒരു വികസന പ്രശ്നം ആയി സ്ത്രീ പദവിയും കാണേണ്ടതുണ്ട്. സ്ത്രീ പ്രശ്നത്തെ ഒരു വികസന പ്രശ്നം ആയി കണക്കാക്കുകയാണ് ശാസ്ത്രീയമായ സമീപനം . എന്നാൽ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീയുടെ കീഴാളാവസ്ഥ ദൃഢീ കരിക്കുകയാണ് മാധ്യമങ്ങൾ. സ്ത്രീയുടെ വാർപ്പ് മാതൃകയെ വാർത്തയിലൂടെ ,പരിപാടിയിലൂടെ, പരമ്പരയിലൂടെ, ഹാസ്യത്തിലൂടെ , റിയാലിറ്റി ഷോ യിലൂടെ ആവർത്തിച്ചു ഉറപ്പിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് സ്ത്രീകളുടെതായ ഒരു നവമാധ്യമം പ്രസക്തമാകുന്നത്. സ്ത്രീ 'ഇര' മാത്രം അല്ലെന്നും സ്ത്രീ ഈ സമൂഹത്തിൽ സക്രിയമായ പങ്കു വഹിക്കുന്ന കർതൃത്വം ഉള്ള പൗര ആണെന്നും ബോധ്യപെടുത്തുകയാണv www .womenpoint.in കൊണ്ട് ഉദ്ദേശിക്കുന്നത്. ബദലുകൾ ആവശ്യമാണെന്ന് മുഖ്യധാരാ മാധ്യമങ്ങൾ നിരന്തരം നടത്തുന്ന ഓർമപ്പെടുത്തലുകൾ ആണ് വിമൻ പോയിന്റിനുള്ള പ്രചോദനം. സ്ത്രീകളുമായി ബന്ധപെട്ട വാർത്തകളും വിശേഷങ്ങളും സമാഹരിക്കുക എന്നത് ഈ പോർട്ടൽ വളരെ പ്രധാനമായി കരുതുന്നു. സാമൂഹ്യ വികസന അജണ്ടയിലേക്ക് സ്ത്രീയെ കൊണ്ട് വരുവാൻ ഇത് സഹായിക്കും എന്നാണ് പ്രതീക്ഷ. മാത്രമല്ല , മുഖ്യധാരാചരിത്രം സ്ത്രീയെ നിഴലിൽ നിർത്തിയിരിക്കുന്നു . അവളെ പ്രകാശത്തിലേക്ക് മാറ്റി നിർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. സ്ത്രീയുടെ നേട്ടങ്ങളും പോരാട്ടങ്ങളും വിജയങ്ങളും സംഭാവനകളും ശേഖരിക്കുക, രേഖപ്പെടുത്തുക, അവതരിപ്പിക്കുക എന്ന ഉദ്ദേശ്യവും വിമൻ പോയിന്റിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു.



നവമാധ്യമങ്ങൾ വർത്തമാനകാലഘട്ടത്തിൽ വൻ ചലനങ്ങൾ സൃഷ്ടിക്കുമ്പോഴും പൊതു സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന ചൂഷണവും അതിക്രമങ്ങളും വിവേചനങ്ങളും അപമാനങ്ങളും ഡിജിറ്റൽ ലോകത്തും തുടരുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതിനു ബദലായി സ്ത്രീക്ക് സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയാനും സംവദിക്കുവാനും ചർച്ച ചെയ്യാനും വിമൻ പോയിന്റ് വേദി ഒരുക്കുന്നു. എന്ത് വിഷയത്തെ കുറിച്ചും സ്ത്രീകൾക്ക് തങ്ങളുടെ വീക്ഷണം തുറന്നു പ്രകടിപ്പിക്കുവാൻ വിമൻ പോയിന്റ് പ്രത്യേകം ഇടം ഒരുക്കിയിട്ടുണ്ട്. സ്ത്രീകളുടെ സംവാദത്തിന്റെയും സൗഹാർദത്തിന്റെയും കൂട്ടുചേ രലിന്റെയും പുതിയ തുറന്ന വേദിയായി വിമൻ പോയിന്റ് മാറുമെന്നാണ് പ്രതീക്ഷ

കേരളത്തിൽ ആദ്യത്തെ പൂർണമായ സ്ത്രീ വെബ് സൈറ്റ് ആണ് വിമൻ പോയിന്റ്. ഇത് വിജയം ആകണം എങ്കിൽ സ്ത്രീ സമൂഹം ഏറ്റെടുക്കണം. ഒന്നോ രണ്ടോ പേർ വിചാരിച്ചാൽ മാത്രം ലക്ഷ്യം നിറവേറ്റാൻ കഴിയില്ല. സ്ത്രീപക്ഷ മാധ്യമ പ്രവർത്തനം എന്നത് കൊണ്ട് നാം ഉദ്ദേശിക്കുന്നത് എന്താണെന്നു വിമൻ പോയിന്റിനു തെളിയിക്കുവാൻ ആകണം . വിമൻ പോയിന്റ് ഇങ്ങനെ പറയുന്നു: 'കേരളത്തിലെ സ്ത്രീകളുടെ ഡിജിറ്റൽ ഇടം. സ്ത്രീ ജീവിതങ്ങളുടെ ഒരു നേർക്കാഴ്ച. ഇതാണ് വിമൻ പോയിന്റ് . സ്ത്രീകൾക്ക് ഒത്തുചേരാനും ചർച്ച ചെയ്യുവാനും അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുവാനും ഇവിടെ കഴിയും. കേരളത്തിലെ പ്രമുഖ വനിതകളുടെ പ്രവർത്തനങ്ങളും അവരുടെ സംഭാവനകളും ജീവ ചരിത്രവും വിമൻ പോയിന്റിൽ നിന്നും ലഭിക്കും. സ്ത്രീകൾ സൂക്ഷ്മ, സ്ഥൂല തലങ്ങളിൽ നിരന്തരം നടത്തി വരുന്ന പോരാട്ടങ്ങൾ, അവരുടെ നേട്ടങ്ങൾ, പരാജയങ്ങൾ, പ്രശ്നങ്ങൾ, സന്തോഷങ്ങൾ, അഭിമാനങ്ങൾ എല്ലാം ഒരു ക്ലിക്കിൽ നിങ്ങൾക്ക് ലഭിക്കുന്നു. മുഖ്യധാരാ മാധ്യമങ്ങൾ കാണാതെ പോകുന്ന സ്ത്രീ വാർത്തകളും ഈ സൈറ്റിന്റെ പ്രധാന ഭാഗമാണ്.

കേരളത്തിലെ മുഴുവൻ സ്ത്രീകൾക്കും സംഗമിക്കുവാൻ കഴിയുന്ന ഒരു പൊതുവേദി ആയ വിമൻ പോയിന്റിലേക്ക് സ്വാഗതം. കമ്പ്യൂട്ടർ സാക്ഷരത ഇല്ലാത്തവർക്കും ഇതിൽ പങ്കെടുക്കാം. കാരണം നമ്മുടെ സമൂഹത്തിൽ ഇപ്പോഴും സ്ത്രീകൾക്ക് ഇ–ലോകം അപ്രാപ്യമാണ്. അതുകൊണ്ട് അവരെ ഒഴിച്ച് നിർത്താൻ ആവില്ല. അവരുടെ ശബ്ദവും വിമൻ പോയിന്റിലൂടെ കേൾപ്പിക്കാനാണ് തീരുമാനം.

*ആർ. പാർവതി ദേവി -മാധ്യമ പ്രവർത്തക*
*സുഭാഷ് നഗർ 9,*
*ഫോൺ : 9895395995*



# മായ്ക്കാനാവാത്ത കയ്യൊപ്പുകൾ



എൻ.രജനി

കേരളത്തിന്റെ വികസന ചരിത്രം പരിശോധിക്കുമ്പോൾ നവോത്ഥാനത്തിന്റെയും സാമൂഹ്യ പരിണാമത്തിന്റെയും വാഹകരും നേതാക്കളുമായി പുരുഷന്മാരാണ് കൂടുതലും ഉണ്ടായിട്ടുള്ളത്. വീട്ടകങ്ങളിലും പുറത്തും യന്ത്രം പോലെ പണിയെടുത്തു ജീവിച്ചു പോന്ന പെണ്ണുങ്ങളെ സാമൂഹ്യ രൂപീകരണ പ്രക്രിയയിലെ ഘടകങ്ങളായി കണക്കാക്കിയിരുന്നില്ല.സമൂഹത്തിന്റെ താഴെത്തട്ടു മുതൽ അധ്വാനിച്ചു ജീവിച്ച സ്ത്രീ കേരളത്തിലുണ്ടായിരുന്നെങ്കിലും അവൾ കുടുംബത്തിന്റെ പരിമിതമായ ഇടത്തു മാത്രം അറിയപ്പെട്ടു കഴിഞ്ഞു. അതു കൊണ്ടു തന്നെ വികസനത്തെക്കുറിച്ചുള്ള സങ്കൽപങ്ങളിലോ ചർച്ചകളിലോ സ്ത്രീയുടെ ഇടം എന്നത് അടയാളപ്പെടുത്താത്തതും ആയിരുന്നു. ഇതിനൊരു തിരുത്താണ് കുടുംബശ്രീ.

1998 മെയ് മാസത്തിൽ ഔദ്യോഗികമായി കേരള ഗവൺമെന്റ് രൂപീകരിച്ച ഈ സംഘടന വികസനത്തിന്റെ കേരളമോഡൽ എന്ന് വിശേഷിപ്പിക്കാൻ അർഹതയുള്ളതാണ്.

കേരളസംസ്ഥാനസർക്കാരിന്റെ ആഭിമുഖ്യത്തിൽ ദാരിദ്ര്യ നിർമാർജന മിഷൻ സ്വീകരിച്ചിട്ടുള്ള നൂതന ദാരിദ്ര്യ നിർമാർജന സ്ത്രീ ശാക്തീകരണപരിപാടി കുടുംബശ്രീ എന്ന പേരിൽ അറിയപ്പെടുന്നു എന്ന് സി ഡി എസ് ബൈലോ കുടുംബശ്രീയെ നിർവ്വചിച്ചിട്ടുണ്ട്.

രാഷ്ട്രത്തിന്റെ വികസനം എന്ന് പറയുന്നത് ദാരിദ്ര്യം തുടച്ചു നീക്കുന്നതിലൂടെ മാത്രം സാധ്യമാവുന്നതാണ്.വളരെ മഹത്തായ ലക്ഷ്യം കുടും

രാഷ്ട്രത്തിന്റെ വികസനം എന്ന് പറയുന്നത് ദാരിദ്ര്യം തുടച്ചു നീക്കുന്നതിലൂടെ മാത്രം സാധ്യമാവുന്നതാണ്. വളരെ മഹത്തായ ലക്ഷ്യം കുടുംബശ്രീയുടെ അജണ്ടയിലുണ്ട് എന്നു പറയുന്നത് ഇതുകൊണ്ടാണ്.

ബശ്രീയുടെ അജണ്ടയിലുണ്ട് എന്നു പറയുന്നത് ഇതുകൊണ്ടാണ്. ദാരിദ്ര്യ നിർമാർജനപ്രവർത്തനങ്ങളോടൊപ്പം കുടുംബശ്രീ കൈവരിച്ച നേട്ടങ്ങൾ ബഹുതല സ്പർശിയാണ്.സാമൂഹ്യമായും സാമ്പത്തികമായും സാംസ്കാരികമായും രാഷ്ട്രത്തെ മാറ്റിയെടുക്കാൻ കുടുംബശ്രീ നിർണായകമായ പങ്കു വഹിക്കുന്നു. സിദ്ധാന്തം കൊണ്ട് അളക്കുന്ന സ്ത്രീ ശാക്തീകരണത്തിന്റെ ചിന്താ വ്യായാമമല്ല അത്.ദരിദ്രരിൽ ദരിദ്രരായ പെൺകുട്ടത്തെ മുൻനിർത്തിയുള്ള അധ്വാനത്തിന്റെയും ആസൂത്രണത്തിന്റെയും മഹാഗാഥയാണ്.അതുകൊണ്ടാണ് കുടുംബശ്രീ വികസനത്തിന്റെ പൊളിച്ചെഴുത്താണ് എന്ന് പറയുന്നത്.

**കുടുംബശ്രീയുടെ ഘടന**

തദ്ദേശസ്വയംഭരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ത്രിതല സംഘടനാ സംവിധാനമാണ് കുടുംബശ്രീക്കുള്ളത്.ബൈലോ പ്രകാരമുള്ള ത്രിതല ഘടകങ്ങൾ ഇവയാണ്.

1 അയൽക്കൂട്ടം (Neigh bour hood Group NHG)

2 പ്രാദേശിക വികസന സംഘം (Area Development Society ADC)

3 സാമൂഹിക വികസന സംഘം (Community Development Society CDC)

ഈ മൂന്നു തലങ്ങളുടെയും ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ ജില്ലാമിഷനും സംസ്ഥാന സാക്ഷരതാമിഷനും ഏകോപിപ്പിക്കുന്നു.പതിനാലോളം ഉദ്ദേശ്യലക്ഷ്യങ്ങൾ കുടുംബശ്രീ വിഭാവനം ചെയ്യുന്നുണ്ട്.അവയിൽ ചിലത് :

◆ സ്തീശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തികവികസനത്തിനും ദാരിദ്ര്യ നിർമാർജനത്തിനും വേണ്ടി പ്രവർത്തിക്കുക

അയൽക്കൂട്ട കുടുബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മാനസികവുമായ പുരോഗതിക്കായി ഒരു അപ്പെക്സ് സന്നദ്ധസംഘമായി പ്രവർത്തിക്കുക

◆ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിനുതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗ കുടുംബാംഗങ്ങൾക്ക് നൽകുക

◆ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാർശ്വവൽക്കരണം നേരിടുന്ന ജനവിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹിക നീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക

◆ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും സദ്ഭരണത്തിനും വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

ഇത്തരം ലക്ഷ്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന വനിതാ കൂട്ടായ്മക്ക് സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നു കൊണ്ട് സമഗ്രവും സർവ്വതല സ്പർശിയുമായ മാറ്റം സൃഷ്ടിക്കാൻ കഴിയുമെന്ന് ഒറ്റ നോട്ടത്തിൽ തിരിച്ചറിയാം.

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വൈവിധ്യം നിറഞ്ഞതാണ്. എന്നാൽ അവയോരോന്നും വിവരിക്കുക ഈ ലേഖനത്തിന്റെ ലക്ഷ്യമല്ല. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എങ്ങനെയാണ് വനിതാശാക്തീകരണത്തിന്റെ മാതൃകയാകുന്നതെന്നും വികസനത്തിന്റെ പൊതുപാതയിലേക്ക് കുടുംബശ്രീ എത്തിച്ചേരുന്നതെങ്ങനെയെന്നും അതിന്റെ സ്വീകാര്യതക്ക് പിന്നിലുള്ള സമൂഹമനസ്സിന്റെ സ്വഭാവമെന്തെന്നും കണ്ടെത്താൻ ശ്രമിക്കുന്നു.

**കുടുംബവും കുടുംബശ്രീയും**

ആശയങ്ങളിലും പ്രയോഗങ്ങളിലും പ്രവർത്തനങ്ങളിലും പുരുഷപക്ഷപാതപരമാണ് നമ്മുടെ സമൂഹം. പെണ്ണ് കൂടി വഴങ്ങുന്ന പുരുഷാധിപത്യ ബോധത്തിന്റെ മറവിൽ തന്നെയാണ് കേരളത്തിലെ പെണ്ണുങ്ങൾ വളർന്നതും ജീവിച്ചതും. അതു കൊണ്ട് കുടുംബം എന്ന സ്ഥാപനത്തിന് പരിക്ക് പറ്റുന്നതൊന്നും ആണു മാത്രമല്ല കേരളത്തിലെ പെണ്ണും അനുവദിച്ചിരുന്നില്ല.കുടുംബം വിട്ട് പുറത്തിറങ്ങുന്ന പെണ്ണിനെ വിദഗ്ദമായി സമൂഹം തമസ്കരിക്കും. കുടുംബശ്രീ വ്യതിരിക്തമാവുന്നത് ഈ തലത്തിലാണ്.ഒന്നാമത്, അത് കുടുംബത്തെ നിലനിർത്തുന്നു. രണ്ടാമത്, നിലനിൽക്കുന്ന കുടുംബങ്ങളുടെ കൂട്ടായ്മയെ സൃഷ്ടിക്കുന്നു.മൂന്നാമത് ആരോഗ്യം. വിദ്യാഭ്യാസം, സാമ്പത്തികം എന്നീ കാര്യങ്ങളിൽ കുടുംബത്തിലെ മറ്റംഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നു. ഇത്തരത്തിൽ കുടുംബത്തിന്റെ ഭദ്രവും ശ്രേണീകൃതവുമായ അന്തരീക്ഷത്തിൽ നിന്നു കൊണ്ട് പ്രവർത്തിക്കുന്നു എന്നതാണ് കുടുംബശ്രീയുടെ ഏറ്റവും വലിയ പ്രത്യേകത. കു



ടുംബശ്രീ എന്നാൽ കുടുംബത്തിന്റെ ഐശ്വര്യം എന്ന പ്രത്യക്ഷ അർത്ഥം തന്നെ നോക്കുക. കേരള സമൂഹത്തിന്റെ പൊതു മനസ്സിന്റെ പ്രതിഫലനമാണ് ഇത്. അടിസ്ഥാന സമൂഹം മുതലിങ്ങോട്ട് കേരളത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകൾക്കും കുടുംബത്തെ നിഷേധിച്ചു കൊണ്ട് സ്വത്വബോധം ഉണ്ടാക്കിയെടുക്കുക സ്വീകാര്യമായിരുന്നില്ല. ഇതിനെ മറികടന്ന് പുരുഷന്റെ നിഴലിലല്ലാതെ സ്ത്രീ കൂട്ടായ്മ നിർമ്മിക്കപ്പെടുകയാണ് കുടുംബശ്രീയിൽ. കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സർവ്വ പിന്തുണയും നേടിയെടുത്ത് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ കുടുംബശ്രീക്ക് കഴിയുന്നതും ഇതു കൊണ്ടാണ്.

**സവിശേഷതകൾ**

ചെറുകിട നിക്ഷേപം (Micro Credit), സ്ത്രീ ശാക്തീകരണം (Women Empowerment), സ്വയം



സംരംഭകത്വം (Entrepreneur ship) ഈ മൂന്ന് സവിശേഷതകളാണ് കുടുംബശ്രീയെ സമാനതകളില്ലാത്ത ഒന്നാക്കി മാറ്റുന്നത്.കുടുംബശ്രീയുടെ പ്രത്യേകതകൾ നോക്കാം

◆കുടുംബം സുസ്ഥിരമായി നിൽക്കുന്നു

◆പ്രാപ്തിയുള്ള സ്ത്രീ നിർമ്മിക്കപ്പെടുന്നു

◆ഒരംഗം വഴി ഓരോ കുടുംബവും പരിവർത്തനത്തിലെത്തുന്നു

◆യുവത്വത്തിന്റെ കരുത്തും ഇച്ഛാ ശക്തിയും പ്രായപൂർത്തിയായവരുടെ ജീവിതാനുഭവവും ഒരേ സമയം ഉപയോഗപ്പെടുത്തുന്നു.

◆ബാലസഭകളുടെ പ്രവർത്തനം നിർണ്ണായകമാവുന്നു.

◆സമൂഹത്തിന്റെ വിവിധ വിജ്ഞാന വിതരണ മേഖലകളിൽ സ്ത്രീ പങ്കാളിയാവുന്നു.

◆ഗ്രാമസഭകൾ സ്ത്രീ പ്രാതിനിധ്യം കൊണ്ട് സക്രിയമാകുന്നു.

◆തദ്ദേശ സ്വയം ഭരണ വകുപ്പിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾക്ക് പ്രസക്തിയുണ്ടാവുന്നു.

◆ആത്മധൈര്യമുള്ള സ്ത്രീ സമൂഹത്തിന്റെ ഉണർവ്വും അഭിമാനവുമാകുന്നു.

◆സാധാരണ സ്ത്രീയുടെ അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് പ്രവർത്തിക്കുന്നു.

ആശയങ്ങൾക്കും തീരുമാനങ്ങൾക്കും പദ്ധതികൾക്കും വിലയുണ്ടാവുക എന്നത് ഏതൊരു സംഘടനയുടെയും സ്വത്വബോധം ഉയർത്തും.കുടുംബശ്രീയുടെ പ്രവർത്തനങ്ങളല്ല പ്രവർത്തനങ്ങൾക്കു പിന്നിലുള്ള ആശയമാണ് അതിന്റെ യഥാർത്ഥ ശക്തി.

തുടക്കത്തിൽ ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട് ഈ സംവിധാനം. അച്ചാറുണ്ടാക്കിയും പേറ്റു മരുന്നുണ്ടാക്കിയും കന്നുകാലി വളർത്തിയും സ്ത്രീയെ സ്ത്രീയാക്കി വീട്ടുജോലി കൊടുത്ത് തിരിച്ചയക്കുകയാണ് കുടുംബശ്രീ എന്നതായിരുന്നു ഏറ്റവും വലിയ വിമർശനം.പക്ഷെ യഥാർത്ഥ വഴികളിലൂടെ തന്നെയായിരുന്നു കുടുംബശ്രീ നടന്നു കയറിയത്.സമൂഹത്തിന്റെ ഏതു തൊഴിൽ മേഖലയിലും ആത്മാഭിമാനത്തോടെ പ്രവർത്തിക്കാൻ ആണിനും പെണ്ണിനും അതല്ലാത്തവർക്കും കഴിയുന്നിടത്താണ് ആരോഗ്യമുള്ള സമൂഹം രൂപപ്പെടുന്നത്. ഒരു പ്രദേശത്തിന്റെ സർവ്വ സന്തുലനങ്ങൾക്കും ഹാനി വരാത്ത വിധത്തിലുള്ള തൊഴിൽ സംരംഭങ്ങൾ സുസ്ഥിര വികസനത്തിന്റെ താക്കോലുകളാണ്.

തനതു പ്രദേശത്തിന്റെ ജൈവഘടന തകർക്കാതെ കാർഷികകേന്ദ്രിത വികസനത്തിന് പ്രാധാന്യം നൽകാൻ കുടുംബശ്രീ ശ്രദ്ധിക്കുന്നു.വ്യത്യസ്തവും നൂതനവും കേരളത്തിന്റെ സമ്പദ്ഘടനയെ പോഷിപ്പിക്കുന്നതുമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറിവു കൊണ്ടും പ്രവൃത്തി കൊണ്ടും സമൂഹത്തിന്റെ നിയന്ത്രണം ഇതുവരെ പുരുഷന്മാർ കൈയാളിയിരുന്നുവെങ്കിൽ അതേ അറിവും പ്രവൃത്തിയും ഉപയോഗിച്ച് വിദഗ്ധമായി സ്ത്രീകൾ ആ നിയന്ത്രണത്തിൽ പങ്കാളികളാവുന്നു.കൂട്ടായ്മയാണ് കുടുംബശ്രീയുടെ തത്വം എന്നതു കൊണ്ട് ഒറ്റയൊറ്റ മുതലാളിമാർ ഉയർന്നു വരുന്നില്ല.

വിദ്യാഭ്യാസത്തിലും സാമൂഹ്യ പരിഷ്കരണ രംഗങ്ങളിലും നവോത്ഥാന ബോധങ്ങളിലും കേരളം കൈവരിച്ച നേട്ടം മറ്റൊരു തരത്തിൽ സ്ത്രീകളെ പ്രതികൂലമായി ബാധിക്കുകയായിരുന്നു. സ്ത്രീകൾ നേരിട്ട വീട്ടമ്മവൽക്കരണമായിരുന്നു അത്. വിദ്യാഭ്യാസം നേടിയവളാണെങ്കിലും തൊഴിൽ രഹിതയാണെങ്കിൽ വിവാഹശേഷം ഉത്തമ കുടുംബിനിയായി വീട്ടു ജോലികൾ ഏറ്റെടുത്ത് നടത്തുകയാണ് അവൾ ചെയ്യേണ്ടത്. കൂലിയില്ലാത്ത ഈ ജോലികൾ അവളുടെ വ്യക്തി

ന്നും ഇവിടെ സംയോജിക്കുന്നു

**മുന്നേറാനുള്ള വഴികൾ**

പത്തു വർഷം കൊണ്ടുള്ള ദാരിദ്ര്യ നിർമ്മാർജനമാണ് കുടുംബശ്രീ ലക്ഷ്യമിട്ടത്.ഏറെക്കുറെ ഈ ലക്ഷ്യം സാർത്ഥകമായെങ്കിലും സ്ത്രീകളെ സംബന്ധിച്ചും കുട്ടികളെ സംബന്ധിച്ചും അരക്ഷിതമായ സാമൂഹ്യസാഹചര്യമാണ് ഇന്നുള്ളത്. വർദ്ധിച്ചു വരുന്ന ലൈംഗിക ചൂഷണങ്ങൾ, ഹിംസകൾ, ബാലപീഡകൾ എന്നിവ സമൂഹത്തിന്റെ വൈകൃതങ്ങളായി സ്ത്രീകളെയും കുട്ടികളെയും ഇരകളാക്കുന്നു.ഇത്തരം സാഹചര്യങ്ങളിൽ കുടുംബശ്രീ യൂനിററുകൾക്ക് ഏറെ പ്രസക്തിയുണ്ട്. എല്ലാവർക്കും കൂടിയുള്ളതാണ് ഈ ലോകം എന്ന് ഓർമ്മിപ്പിക്കാൻ നമ്മുടെ അയൽക്കൂട്ടങ്ങൾക്ക് കഴിയണം

ഒരേ വീട്ടിൽ/ഒരേ വാസസ്ഥാനത്ത് / ഒരേ അടുക്കളയിൽ /ഒരേ പാത്രത്തിൽ ഭക്ഷണം പാകം ചെയ്ത് കഴിക്കുകയും ഒന്നിച്ച് താമസിക്കുകയും ചെയ്യുന്ന പരസ്പരബന്ധമുള്ള ആൾക്കാർ അടങ്ങുന്നതാണ് ഒരു കുടുംബം എന്ന് കുടുംബത്തെ നിർവ്വചിച്ചിട്ടുണ്ട്.വ്യക്തികളുടെ മനസ്സംസ്കരണം ഉണ്ടാവേണ്ടത് ഈ ഇമ്പമുള്ള കുടുംബത്തിൽ നിന്നാവണം.

സ്ത്രീയുടെ ഒരു ചുവട് രാഷ്ട്രവികാസത്തിലേക്കുള്ള ഒരായിരം ചുവടുകളാണെന്ന ജവഹർ ലാൽ നെഹ്രുവിന്റെ വാക്കുകൾ കുടുംബശ്രീയോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. കേവലകക്ഷിരാഷ്ട്രീയ വീക്ഷണങ്ങൾക്കപ്പുറം ഈ കൂട്ടായ്മയുടെ മഹത്തായ ആശയങ്ങൾ പ്രാവർത്തികമാക്കാൻ നമുക്ക് കഴിയണം. തീരുമാനമെടുക്കുന്നതിലും നടപ്പാക്കുന്നതിലും വിജയിപ്പിക്കുന്നതിലും സാമ്പത്തിക സ്വാതന്ത്ര്യം വിനിയോഗിക്കുന്നതിലും കുടുംബശ്രീ കാണിച്ചു തന്ന മാതൃക തന്നെയാണ് ഏറ്റവും വലിയ വികസനവും വിപ്ലവവും. സ്ത്രീ മുന്നേറ്റത്തിന്റെ മായ്ക്കാനാവാത്ത കയ്യൊപ്പുകൾ തന്നെയാണത്.

*എൻ.രജനി - മലയാളവിഭാഗം മേധാവി, ബ്രണ്ണൻ കോളേജ്*

കവർസ്റ്റോറി


ടി.വി.ഉഷാദേവി

# സാമ്പത്തികാസൂത്രണത്തിൽ സ്ത്രീ പങ്കാളിത്തം

പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞനായ അമർത്യാസെനിന്റെ അഭിപ്രായത്തിൽ 'വികസനം' എന്നാൽ 'സ്വാതന്ത്ര്യം' എന്നർത്ഥം. ഏതുതരം സ്വാതന്ത്ര്യം എന്ന്, സംശയം തോന്നാം. എല്ലാതരത്തിലുമുള്ള സ്വാതന്ത്ര്യം എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പക്ഷേ അതിനായി നമുക്ക് എല്ലാകാര്യങ്ങളെപ്പറ്റിയുമുള്ള അറിവ്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവ അത്യന്താപേക്ഷിതം.


അമൃത്യാ സെൻ

ഇവിടെ മേൽകാണിച്ചിരിക്കുന്ന വിഷയത്തിൽ 'വികസനം' എന്നത് 'സാമ്പത്തികമായ വികസനം' മാത്രമല്ല. കാരണം ഒരു രാജ്യത്തിന്റെ വികസനം സാമ്പത്തികത്തേക്കാൾ സാമൂഹ്യ ക്ഷേമം, വിഭവ വിതരണത്തിലുള്ള സമത്വം, വിദ്യാഭ്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'തൊഴിൽ മേഖലയിലുള്ള സമത്വം' എന്ന ആശയം. ഇൻഡ്യയിൽ തന്നെ സ്ത്രീകൾ ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരുന്നതിൽ 'കേരളം' ഏതാണ്ട് മുൻപന്തിയിൽ തന്നെയുണ്ട് എന്ന് സാമ്പത്തിക സർവ്വേകൾ വ്യക്തമാക്കുന്നു. സ്ത്രീകൾ കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം കയ്യടക്കിയിരിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് തൊഴിൽ മേഖലയിലുള്ള സ്ത്രീകളുടെ കടന്നുകയറ്റം അല്ലെങ്കിൽ മുന്നേറ്റം. ഉന്നത വിദ്യാഭ്യാസവും തൊഴിൽ മേഖലയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം.

ഉന്നത വിദ്യാഭ്യാസത്തിനനുസരണമായുള്ള സ്ത്രീ തൊഴിൽ പങ്കാളിത്തം എല്ലാ മേഖലകളിലും നിലനിൽക്കുന്ന അതോ ചില മേഖലകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രവണതയാണോ കാണപ്പെടുന്നത്? അങ്ങിനെയെങ്കിൽ എന്തായിരിക്കും അടിസ്ഥാന കാരണം?

ഈയൊരു സംശയം ഇവിടെ പരമർശിക്കാൻ കാരണം മറ്റൊന്നുമല്ല. ചില മേഖലകൾ പരിശോധിച്ചാൽ പ്രത്യേകിച്ചും രാജ്യവികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിദ്യാഭ്യാസത്തിനനുസരിച്ചുള്ള സ്ത്രീകളുടെ തൊഴിൽ മേഖലയിലേക്കുള്ള കടന്നുകയറ്റം വളരെ പരിമിതമാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. അങ്ങനെയുള്ള ഒരു മേഖലമാത്രം ഇവിടെ പരാമർശിക്കുവാനും അതിലേക്ക് വായനക്കാരുടെ ശ്രദ്ധതിരിക്കാനും ഈ അവസരം ഉപയോഗിക്കട്ടെ. ജപ്പാൻ പോലെയുള്ള വികസിത രാജ്യങ്ങളുമായി കിടപിടിക്കുവാൻ ഇന്ത്യയെ പോലുള്ള സാമ്പത്തികമായും സാമൂഹ്യമായും വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിന് ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്നത് വസ്തുതയാണ്. ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയെ കുറിച്ച് ചർച്ച ചെയ്ത് വികസനം നടപ്പിൽ വരുത്തുക ബുദ്ധിമുട്ടേറിയ സംഗതിയാണ്. ഇത്തരം ചർച്ചകളുടെ അനന്തരഫലമാണ് 1950ൽ നിലവിൽ വന്ന ആസൂത്രണ കമ്മീഷൻ അഥവാ Planning commission ആസൂത്രണ കമ്മീഷനും ചരിത്രവും ആസൂത്രണം അഥവാ Planning എന്നത് വളരെ അർത്ഥവ

ത്തായ ഒരു ആശയമാണ്. ഒരു രാജ്യത്തിലെ വിഭവങ്ങളെയും ഉൽപ്പാദന സ്രോതസ്സുകളെയും ഏറ്റവും അനുയോജ്യവും ഫലപ്രദവുമായ രീതിയിൽ ഉപയോഗിച്ച് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും അതുവഴി പട്ടിണിയും തൊഴിലില്ലായ്മയും ഒരു പരിധിവരെ ഇല്ലാതാക്കുകയും ചെയ്യുവാൻ സാധിക്കും എന്നതാണ് ആസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. അസംസ്കൃത സാധനങ്ങളുടെ ഉപയോഗം, വിതരണം, ഗതാഗത സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, തൊഴിലാളികളുടെ അധ്വാനശക്തിയെ ശരിയായ രീതിയിലും ദിശയിലും ഉപയോഗപ്പെടുത്തുക തുടങ്ങിയവ മുൻകൂട്ടി നിശ്ചയിച്ച് ഉൽപ്പാദന വ്യവസ്ഥയെ പരിഷ്ക്കരിക്കുക എന്നതും ആസൂത്രണം കൊണ്ട് ഉദ്ദേശിക്കാം. അതായത് ജീവിത നിലവാരം ഉയർത്തുക വഴി ജനക്ഷേമവളർച്ച നടപ്പിൽ വരുത്തുവാനുള്ള കാര്യക്ഷമമായ ഒരു വഴിയായി ആസൂത്രണത്തെ കാണാം.



ഏലാ ഭട്ട്

സാമ്പത്തിക വികസനവും ആസൂത്രണവും ഇഴചേർന്ന രണ്ട് ആശയങ്ങളാണ്. ഈ ആശയത്തിന് ഏതാണ്ട് 2400 വർഷങ്ങൾ പഴക്കമുണ്ട് എന്നത് അത്ഭുതം ജനിപ്പിക്കാം. പ്രശസ്തനായ ‘Plato’ അദ്ദേഹത്തിന്റെ Republic എന്ന പുസ്തകത്തിലൂടെ ആസൂത്രണം എന്ന പദത്തിന് രൂപം നല്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം തകർന്നടിഞ്ഞ രാജ്യങ്ങളെ പുരോഗതിയിലേക്ക് നയിക്കുവാൻ നിലവിൽ വന്ന ആശയമായിരുന്നു ഇത്.

വിഭവസമാഹരണം ശരിയായ രീതിയിൽ നടപ്പിലാക്കുക വഴി രാജ്യത്തെ ഒരു പരിധി വരെ സാമ്പത്തികമായും സാമൂഹ്യമായും മുന്നോട്ട് കൊണ്ട് പോകുവാൻ സാധിക്കും എന്ന അടിസ്ഥാന ആശയമായിരിക്കാം ആസൂത്രണം വഴി നയതന്ത്രജ്ഞർ പിന്നീട് ഉദ്ദേശിച്ചത്. ഒരു പരിധിവരെ അവർ വിജയിച്ചു എന്ന് നമുക്ക് കരുതാം. പ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞൻ എം. വിശ്വേശ്വരയ്യ ‘Planned Economy For India '(1934) എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിലൂടെ ജനങ്ങളിലേയ്ക്ക് ആസൂത്രണം എന്ന ആശയം എത്തിക്കുകയുണ്ടായി. പിന്നീട് 1938ൽ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ National Planning committee യ്ക്ക് രൂപം നല്കുകയുണ്ടായി. 1944-ൽ J.R.D ടാറ്റാ, ബിർള പോലെയുള്ള എട്ട് പ്രമുഖ വ്യവസായികൾ ഒന്നിച്ചു ചേർന്ന് ‘Bombay plan’ എന്ന ആശയ രൂപീകരണം നടത്തി. അതേവർഷം തന്നെ അഗർവാളിന്റെ നേതൃത്വത്തിൽ ഗാന്ധിയൻ പദ്ധതി നിലവിൽ വന്നു. 1945-ൽ M.N.Roy രാജ്യത്തിന്റെ കൃഷിപുരോഗതിക്കായി People’s plan എന്ന പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. ശാസ്ത്രീയമായ ആസൂത്രണം ആരംഭിച്ചത് സ്വാതന്ത്ര്യലബ്ധിക്കു ശേഷം മാത്രം. പിന്നീട് ആസൂത്രണ ബോർഡ് അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങളോടു കൂടി 1950 മാർച്ച് മാസം നിലവിൽ വന്നു. അങ്ങനെ രാജ്യത്തിന്റെ വിഭവ സമാഹരണം ശരിയായ രീതിയിൽ നടപ്പിലാക്കുക വഴി സാമ്പത്തിക വികസനം എന്ന ലക്ഷ്യത്തോടു കൂടി 1951 ജൂലായിൽ പഞ്ചവത്സര പദ്ധതിയ്ക്ക് (Five Year Plan) ഇന്ത്യാ ഗവൺമെന്റ് രൂപം കൊടുക്കുകയുണ്ടായി. പട്ടിക1 ൽ ചരിത്രം ചുരുക്കത്തിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**
**ആസൂത്രണബോർഡിന്റെ ചരിത്രം**

| വർഷം | സംഭാവന |
|---|---|
| 1934 | വിശ്വേശ്വരയ്യ പദ്ധതി / Viswesvaraya Plan |
| 1938 | ദേശീയ ആസൂത്രണ കമ്മിറ്റി / National Planning Committee |
| 1944 | ബോംബെ പദ്ധതി / Bombay Plan |
| 1944 | ഗാന്ധിയൻ പദ്ധതി / Gandhian Plan |
| 1945 | ജനകീയ ആസൂത്രണം / People’s Plan |
| 1950 മാർച്ച് | ആസൂത്രണ ബോർഡിനായുള്ള മന്ത്രിസഭാതീരുമാനം |
| 1952 ആഗസ്റ്റ് | ദേശീയ വികസന കൗൺസിൽ / National Development Council |
| 2014 ആഗസ്റ്റ് | ആസൂത്രണ കമ്മീഷൻ നിർത്തലാക്കി |
| 2015 ജനുവരി | നീതി ആയോഗ് സംവിധാനം നിലവിൽ വന്നു. |

ഇപ്പോൾ ഇന്ത്യയിലെ ഏറ്റവും ശക്തമായതും കാര്യക്ഷമതയുള്ളതുമായ ഒരു ഏജൻസിയാണ് ‘ആസൂത്രണ ബോർഡ്’. പ്രധാനമന്ത്രി ചെയർമാനായുള്ള ആസൂത്രണ ബോർഡിൽ ഒരു Deputy Chairman, വിവിധ വകുപ്പ് മന്ത്രിമാർ കൂടാതെ അംഗങ്ങളും ഉണ്ട്. ഓരോ പദ്ധതിയിലും അംഗങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരാം. ചുരുക്കത്തിൽ പത്ത് അംഗങ്ങളിൽ കുറയാതെയുള്ള ഒരു ആസൂത്രണബോർഡാണ് ഇന്ത്യയിൽ നിലനിന്നിരുന്നത്. ആസൂത്രണ ബോർഡിൽ സ്ത്രീ പങ്കാളിത്തം ഇത്രയും ആധികാരികമായി ഈ വിഷയത്തെ പരാമർശിക്കുവാൻ മറ്റു ചില കാരണങ്ങളും ഉണ്ട്. നമ്മുടെ ചർച്ചാവിഷയം സ്ത്രീ പങ്കാളിത്തം വിവിധ തൊഴിൽ മേഖലയിൽ എന്നാണല്ലോ? ഇവിടെ ഉന്നത വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നില്ക്കുന്ന സ്ത്രികളുള്ള ഈ രാജ്യത്ത് സാമ്പത്തിക വികസനത്തിൽ ചുക്കാൻ പിടിക്കാൻ സ്ത്രീപങ്കാളിത്തം എത്രമാത്രം എന്ന് പരിശോധിക്കേണ്ടതുണ്ട്.

ആസൂത്രണ ബോർഡിന്റെ ആദ്യ പഞ്ചവത്സര പദ്ധതി മുതൽ

നോക്കിയാൽ 12 പദ്ധതികൾ പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.

നിലവിൽ നരേന്ദ്രമോദിസർക്കാർ ഈ ആസൂത്രണബോർഡിന് മറ്റൊരു പേരുനൽകി, 'നീതി ആയോഗ്'. ആസൂത്രണബോർഡിന്റെ കണക്കുകളും അവർ പുറത്തിറക്കിയിട്ടുള്ള രേഖകളും പരിശോധിച്ചാൽ വ്യക്തമാകുന്ന ചില കാര്യങ്ങൾ നമുക്കിവിടെ ചർച്ച ചെയ്യാം.

1951 മുതൽ 2014 വരെയുള്ള നീണ്ട 63 വർഷങ്ങൾ (അതായത്, ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ 12-ാം പഞ്ചവത്സര പദ്ധതി വരെ) പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു കാര്യം ഏതാണ്ട് 123 അംഗങ്ങളിൽ കുറയാതെ ആളുകൾ ഈ ആസൂത്രണ ബോർഡിൽ വന്നുപോയിരിക്കുന്നു എന്നാണ് (പട്ടിക.2) ആ പട്ടിക വിശദമായി പരിശോധിച്ചാൽ നമുക്ക് കാണാം സ്ത്രീ പങ്കാളിത്തം ഈ മേഖലയിൽ എത്ര പിറകോട്ട് പോകുന്നുവെന്ന്. ആസൂത്രണ കമ്മീഷന്റെ കണക്കു പ്രകാരം വകുപ്പു മന്ത്രിമാരെ മാറ്റി നിർത്തിയാൽ വെറും 7 അംഗങ്ങൾ മാത്രമാണ് ഈ നീണ്ട 63 വർഷങ്ങൾക്കുള്ളിൽ പഞ്ചവത്സര പദ്ധതികൾക്കുവേണ്ടി ആസൂത്രണ ബോർഡ് അംഗങ്ങളായിട്ടുള്ളത്. പട്ടിക.3 ൽ ഇത് വിശദമാക്കിയിരിക്കുന്നു. (ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് എണ്ണം പറഞ്ഞിരിക്കുന്നത്. ചെറിയ ചില വ്യത്യാസങ്ങൾ ചിലപ്പോൾ ഉണ്ടായേക്കാം). സ്ത്രീ വിദ്യാഭ്യാസത്തിന്റെ വികാസം ഇൻഡ്യയെപ്പോലുള്ള ജനാധിപത്യ രാജ്യത്തിൽ സ്ത്രീയുടെ പങ്കാളിത്തത്തെ കൂടുതൽ പ്രാധാന്യത്തോടെ കാണേണ്ടതല്ലേ എന്നയൊരു സംശയം ഇവിടെ കൂടുതൽ ശക്തമാകുന്നു.



ദുർഗാബായി ദേശ്മുഖ്

ആസൂത്രണ കമ്മീഷൻ പോലെയുള്ള ഒരു ഏജൻസി സ്ത്രീകളെ കൂടുതൽ ഉൾക്കൊള്ളിക്കാൻ താൽപര്യം കാണിക്കാത്തതിന്റെ അടിസ്ഥാന കാരണം എന്തായിരിക്കാം? സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് വാദിക്കുന്ന വിവിധ സംഘടനകൾ ഇതുപോലുള്ള മേഖലകളെക്കുറിച്ചും അതിൽ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടത് അത്യന്താപേക്ഷിതം തന്നെയാണ്. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട മറ്റൊരു സംഗതി ലിംഗ പദവിയും തൊഴിൽ മേഖലയിലെ അസമത്വവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുതന്നെയാണ്.

ശ്രദ്ധയിൽപ്പെടേണ്ട മറ്റൊരു വിഷയവും കൂടി ഇവിടെ ചർച്ച ചെയ്യട്ടെ. ആസൂത്രണ കമ്മീഷന് ഓരോ പഞ്ചവത്സര പദ്ധതിയിലും ഓരോ ഡെപ്യൂട്ടി ചെയർമാൻ ഉണ്ടായിരിക്കും. ആ ഒരു പട്ടിക (പട്ടിക 4)എടുത്താലും ലജ്ജാവഹമായ ഒരു വസ്തുത നമുക്ക് കാണാം. ഏതാണ്ട് വരുന്ന ഡെപ്യൂട്ടി ചെയർമാൻ പട്ടികയിൽ സ്ത്രീ പങ്കാളിത്തം ഇല്ലായിരുന്നു എന്നത് ന്യായീകരിക്കാൻ പറ്റുന്ന സംഗതിയാണോയെന്ന് വായനക്കാർ ആലോചിക്കേണ്ടതുണ്ട്.

നരേന്ദ്രമോദി സർക്കാരിന്റെ ഭരണ പരിഷ്ക്കാരത്തിന്റെ ആസൂത്രണ കമ്മീഷന് പകരമായി നിലവിൽ വന്ന 'നീതി ആയോഗ്' സംവിധാനം എത്രമാത്രം സ്ത്രീ പങ്കാളിത്തം നിലനിർത്തും എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. 'നീതി ആയോഗ്' എന്ന സംവിധാനവും പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ തന്നെയുള്ളതാണ്.

## ആസൂത്രണ കമ്മീഷൻ പോലെയുള്ള ഒരു ഏജൻസി സ്ത്രീകളെ കൂടുതൽ ഉൾക്കൊള്ളിക്കാൻ താൽപര്യം കാണിക്കാത്തതിന്റെ അടിസ്ഥാന കാരണം എന്തായിരിക്കാം? സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് വാദിക്കുന്ന വിവിധ സംഘടനകൾ ഇതുപോലുള്ള മേഖലകളെക്കുറിച്ചും അതിൽ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടത് അത്യന്താപേക്ഷിതം തന്നെയാണ്.

ചെയർമാൻ, വൈസ് ചെയർമാൻ, മുഖ്യമന്ത്രിമാർ, മുഴുവൻ സമയ അംഗങ്ങൾ തുടങ്ങി ഏതാണ്ട് 12ൽ കുറയാതെയുള്ള സംവിധാനത്തിൽ നിലവിൽ സ്ത്രീ പങ്കാളിത്തം വളരെ ചെറിയ തോതിൽ മാത്രം ഉള്ളതായി മനസ്സിലാക്കാം. ഈ സംവിധാനത്തെ മുഴുവനായും ഇപ്പോൾ വിലയിരുത്തുക ഉചിതമായി തോന്നുന്നില്ല. മേൽ ചർച്ചകളിൽ നിന്നും നമ്മൾ മനസ്സിലാക്കേണ്ട പ്രധാന സംഗതിയെന്തെന്നാൽ സ്ത്രീകളോടും അവളുടെ തൊഴിലിനോടും സ്വാതന്ത്ര്യത്തിനോടും എല്ലാം ശത്രുതാ മ



ചിത്ര നായിക്

## പട്ടിക – 2 ആസൂത്രണ കമ്മീഷൻ അംഗങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| V.T. Krishnamachari | Dr. J.D. Sethi | Dr. D. Swaminathan | Dr. S.P. Gupta | Dr. A.N. Khosla | Prof. P.N. Srivastava | Prof. G.V. Ramakrishna | Prof. Abhijit Sen | Shriman Narayan |
| G.L. Mehta | G.V.K. Rao | Prof. S.R. Hashim | Dr. S.R. Hashim | Vishnu Sahai | P. Shiv Shankar | N.R. Ranganathan | Dr. V.L. Chopra | Shri T.N. Singh |
| R.K. Patil | Dr. M.S. Swaminathan | Prof. Sher Singh | Dr. D.N. Tewari | Tarlok Singh | J. Vengal Rao | P. Chidambaram | Dr. Bhalchandra Mungekar | Buta Singh |
| C.D. Deshmukh | Mohd. Fazal | Smt. Jyotsna Ben Shah | Bangaru Laxman | Prof. M.S. Thacker | Dr. M.R. Srinivasan | Prof. S. Chakravarty | Dr.(Ms.) Syeda Hameed | G.S. Dhillon |
| Smt. Durgabai Deshmukh | Dr. C.H. Hanumantha Rao | Prof. C.N.R. Rao | Arun Shourie | Prof. V.K.R.V. Rao | Vasant Sathe | Chaturanan Mishra | B.N. Yugandhar | Dr. Jayant Patil |
| K.C. Neogy | Prof. A.M. Khusro | Prof. G.S. Bhalla | Som Pal | Swaran Singh | B. Shankaranand | Dr. Y.K. Alagh | Anwar-ul-Hoda | Miss Mira Seth |
| Prof. P.C. Mahalanobis | Prof. M.G.K. Menon | Dr. Manmohan Singh | Dr. K. Venkatsubramanian | S.G. Barve | Z.R. Ansari | Dr. B.D. Nagchaudhuri | B.K. Chaturvedi | Rajeeva Ratna Shah |
| Dr. J.C. Ghosh | Abid Hussain | Sharad Pawar | Kamaluddin Ahmed | Sachindra Chaudhuri | Bhajan Lal | Dr. (Smt.) Chitra Naik | Dr. Saumitra Chaudhuri | Dr. Kirit Parikh |
| T.T. Krishnamachari | Hiten Bhaya | Balram Jakhar | N.K.Singh | Y.B. Chavan | Biren Singh Engti | Prof. J.S. Bajaj | Dr. Narendra Jadhav | L.C.Jain |
| Dr. B.S. Minhas | Dr. Raja J. Chelliah | Dr. V. Krishnamurthy | S.B. Mookherjee | R. Venkataraman | J.D. Sethi | Dr. Arjun K. Sengupta | Dr. Mihir Shah | Dr. Rajni Kothari |
| C.M. Trivedi | Dr. Y.K. Alagh | Dr. C. Rangarajan | M.V. Rajashekharan | Pitamber Pant | Dr. A. Vaidyanathan | Dr. S.R. Hashim | Dr. K. Kasturirangan | T.N. Seshan |
| Morarji Desai | V.P. Singh | Dr. S.Z. Qasim | V. Narayanasamy Minister of State | B. Venkatappaih | Arun Ghosh | S.P. Shukla | Arun Maira | Smt. Ela Bhatt |
| Smt. Sudha Pillai | Dr. G. Thimmaiah | Dr. Bimal Jalan | B. Sivaraman | Rahmatullah Ansari | Montek Singh Ahluwalia | V.G. Rajadhyaksha | Dr. Har Swaroop Singh | Jaswant Singh |
| M.S. Pathak | Smt. Ratanamala Savanoor | Prof. Raj Krishna | Yashwant Sinha | Ram Naik | | | | |

## പട്ടിക.3

നോഭാവം നിലനിൽക്കുന്ന ഈ സമൂഹത്തിൽ ഏത് മേഖലകളിലേക്കുമുള്ള അവളുടെ കടന്നുകയറ്റം ദുർഘടം നിറഞ്ഞതാണ്. സ്വാതന്ത്ര്യം കിട്ടി ഇത്ര വർഷങ്ങൾ കഴിഞ്ഞിട്ടും രാജ്യ വികസനത്തിന്റെ നയരൂപീകരണത്തിൽ സ്ത്രീകളുടെ പങ്കിന് യാതൊരു വിലയും നിലനിൽക്കുന്നില്ല എന്നത് ചിന്തനീയമാണ്. കുടുംബപരമായും തൊഴിൽ പരമായുമുള്ള ഉത്തരവാദിത്വങ്ങളുടെ കൂടെ അതിനേക്കാൾ ഉത്തരവാദപ്പെട്ട തൊഴിൽ മേഖലകളിലേക്ക് പോകുവാൻ സ്ത്രീകൾ തയ്യാറാകുന്നില്ലേ? ഒരു സമൂഹത്തിൽ സ്ത്രീയുടെ ഉയർച്ച, സമസ്ത മേഖലകളിലുള്ള സമത്വം ഇവയെല്ലാം ഒന്നിച്ചെങ്കിൽ മാത്രമേ ഒരു വികസനോന്മുഖ പാത കെട്ടിപ്പടുക്കുവാനും നാടിനെ പുരോഗതിയിലേക്ക് നയിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാരണങ്ങളാൽ സ്ത്രീകളുടെ ബൗദ്ധികമായ വളർച്ച അവശ്യം വേണ്ടതാകുന്നു എന്ന സത്യം എല്ലാവരും മനസ്സിലാക്കേ സമയം അതിക്രമിച്ചിരിക്കുന്നു. അതിനായി നിരന്തരമായ പോരാട്ടം സ്ത്രീകളുടെ ഭാഗത്തു നിന്നും അവൾക്ക് പ്രചോദനമേകുന്ന സംഘടനകളിൽ നിന്നും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് മാത്രം ഓർമ്മിപ്പിക്കുന്നു. വരാനിരിക്കുന്നതും ഇപ്പോൾ നിലനിൽക്കുന്നതുമായ പലവിധ സംവിധാനങ്ങളും സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നതായിരിക്കട്ടെ എന്ന് പ്രത്യാശിക്കുകയും ചെയ്യാം.

*ടി.വി.ഉഷാദേവി-അസി.പ്രൊഫ.ഇക്കണോമിക്സ് വിഭാഗം, എസ്.എൻ.കോളേജ്, ചേർത്തല*

**പട്ടിക-4**

**ആസൂത്രണ കമ്മീഷൻ - ഡെപ്യൂട്ടി മേയർ**

| Sl.No | Name | From | To |
|---|---|---|---|
| 1. | Gulzari Lal Nanda | 17.02.53 | 21.09.63 |
| 2. | V.T. Krishnamachari | 17.02.53 | 21.06.60 |
| 3. | C.M. Trivedi | 22.09.63 | 02.12.63 |
| 4. | Ashok Mehta | 03.12.63 | 01.09.67 |
| 5. | Dr. D.R. Gadgil | 02.09.67 | 01.05.71 |
| 6. | C. Subramaniam | 02.05.71 | 22.07.72 |
| 7. | D.P. Dhar | 23.07.72 | 31.12.74 |
| 8. | P.N. Haksar | 04.01.75 | 31.05.77 |
| 9. | Dr. D.T. Lakdawala | 01.06.77 | 15.02.80 |
| 10. | N.D. Tiwari | 09.06.80 | 08.08.81 |
| 11. | S.B. Chavan | 09.08.81 | 19.07.84 |
| 12. | P.C. Sethi | 20.07.84 | 31.10.84 |
| 13. | P.V. Narasimha Rao | 01.11.84 | 14.01.85 |
| 14. | Dr. Manmohan Singh | 15.01.85 | 31.08.87 |
| 15. | P. Shiv Shanker | 25.07.87 | 29.06.88 |
| 16 | Madhav Singh Solanki | 30.06.88 | 16.8.89 |
| 17. | R.K. Hegde | 05.12.89 | 06.07.90 |
| 18. | Prof. Madhu Dandavate | 07.07.90 | 10.12.90 |
| 19. | Mohan Dharia | 11.12.90 | 24.06.91 |
| 20. | Pranab Mukherjee | 24.06.91 | 15.05.96 |
| 21. | Prof. Madhu Dandavate | 01.08.96 | 21.03.98 |
| 22. | Jaswant Singh | 25.03.98 | 04.02.99 |
| 23. | K.C. Pant | 05.02.99 | 17.06.2004 |
| 24. | Montek Singh Ahluwalia | 04.07.2004 | 05.06.2009 |
| 25. | Montek Singh Ahluwalia | 06.06.2009 | 26.05.2014(FN) |

| Sl No |
|---|
| 1 |
| 2 |
| 3 |
| 4 |
| 5 |
| 6 |
| 7 |



ജെസ്സി അലക്സാണ്ടർ

# നിയമരംഗവും സ്ത്രീകളും

**പോ**ലീസിംഗ് എത് നിയമ സംരക്ഷണങ്ങളുടെയും നിയമ സമാധാനങ്ങളുടെയും ഭാഗമെന്നതുപോലെതന്നെ പൗരാവകാശങ്ങളുടെ സംരക്ഷണം കൂടിയാണ്. ഒരു സാമൂഹിക ജീവി എന്ന നിലയിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയമനിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ നിയമസ്ഥാപനങ്ങളുടെയും അടിസ്ഥാനപരമായ പ്രവർത്തനം നീതി നിർവ്വഹണമാണ്. അതുകൊണ്ട് തന്നെ നിയമത്തിന്റെ നിർവ്വഹണവും (enforcement of law) നീതിയുടെ നിർവ്വഹണവും (enforcement of justice) ഒരു നാണയത്തിന്റെ രണ്ട് വശങ്ങളായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ഏതൊരു സമൂഹത്തിന്റെയും സാംസ്കാരിക പ്രാതിനിധ്യം വെളിവാക്കുന്നത് അവിടെ നിലനിൽക്കുന്ന നിയമനിർവ്വഹണ വ്യവസ്ഥയാണ്. എന്നാൽ ഇന്നത്തെ നീതിന്യായ നിർവ്വഹണ സംവിധാനം ക്രൂരമായ ശിക്ഷാനടപടികളുടെയും യഥാർത്ഥമായ നീതി അർഹിക്കുന്നവർക്ക് ലഭ്യമാകാത്തതിന്റെയും പ്രശ്ന സങ്കീർണ്ണതകളിലൂടെയാണ് കടന്നുപോകുന്നത്.

1809 ൽ ദിവാൻ ഉമ്മിണിത്തമ്പിയുടെ ഭരണകാലത്താണ് 'കാവിൽ' എന്ന പേരിൽ തിരുവിതാംകൂറിൽ വ്യവസ്ഥാപിതമായ ഒരു പോലീസ് സംവിധാനമുണ്ടാകുന്ന



ത്. തിരുവിതാംകൂറിൽ അക്കാലത്ത് രൂപം കൊണ്ട പോലീസ് വിഭാഗം ജനങ്ങളുടെ അവകാശപോരാട്ടങ്ങൾക്ക് വിരുദ്ധമായാണ് പിറവിയെടുത്തത്. ബ്രിട്ടീഷ് ഇന്ത്യ നടപ്പാക്കിയ നിയമങ്ങൾക്കും ജനവിരുദ്ധമായ റഗുലേഷനുകൾക്കുമെതിരെ നടന്ന പ്രക്ഷോഭങ്ങളുടെയും പ്രതിഷേധങ്ങളുടെയും പശ്ചാത്തലത്തിൽ ജനരോഷത്തെ ശമനം ചെയ്യാൻവേണ്ടിയാണ് കാവൽ എന്ന സൈന്യത്തെ രൂപീകരിച്ചത്. പ്രത്യേക പരിശീലനമോ യോഗ്യതകളോ ഇല്ലാതെയാണ് ഇത്തരമൊരു നിയമസംവിധാനം അക്കാലത്ത് രൂപപ്പെട്ടത്. 1881 ൽ നടന്ന പോലീസ് പുനഃസംഘടനയോടെയാണ് പോലീസ് വിഭാഗത്തിന്റെ നിയന്ത്രണം സൂപ്രണ്ടിന്റെ അധികാരപരിധിയിൽ വരുന്നത്. തുടർന്ന് 1919 – ൽ നടന്ന പുനഃസംഘടനയോടെ തിരുവിതാംകൂർ പോലീസിന്റെ മുഴുവൻ ചുമതലയും പോലീസ് കമ്മീഷണർ എന്ന പദവിയുടെ കീഴിലായി. ഈ പുനഃസംഘടനയോടെയാണ് പോലീസിന് കൂടുതൽ അധികാരങ്ങൾ ലഭിക്കുന്നത്.

1957 ൽ ഐക്യകേരളത്തിലെ ആദ്യത്തെ മന്ത്രിസഭ അധികാരമേറ്റതോടെ പോലീസ് നയത്തെ സംബന്ധിച്ച കൂടുതൽ വ്യക്തമായ രൂപരേഖകൾ പ്രാബല്യത്തിൽ വന്നു. എങ്കിൽ പോലും നിയമാനുസൃതമായ പോലീസ് നയങ്ങൾ നടപ്പാക്കുന്നതിൽ പിഴവ് സംഭവിച്ചു. അടിയന്തരാവസ്ഥക്കാലത്തു

സമൂഹത്തിന്റെ ജനാധിപത്യസ്വഭാവത്തിന് പിൻബലമാകേണ്ട ഒരു പോലീസ് നയമാണ് സുഗമമായ സാമൂഹിക സ്ഥിതിഗതികൾക്ക് ആവശ്യം. കുറ്റകൃത്യങ്ങളെ തടഞ്ഞും ക്രമസമാധാനം നിലനിർത്തിയും അപകടഘട്ടങ്ങളിൽ ജനങ്ങൾക്ക് സഹായകമാകുന്ന ഒരു ജനാധിപത്യപോലീസിന് മാത്രമേ സമാധാനപരമായ ഒരു സാമൂഹിക നിയമക്രമത്തിന് കാവലാളാകാൻ കഴിയൂ എന്നതാണ് യാഥാർത്ഥ്യം.

നടന്ന രാജൻവധക്കേസ് പോലുള്ള രാഷ്ട്രീയ സംഭവങ്ങൾ പോലീസിലെ ഘടനാപരവും ജനാധിപത്യവിരുദ്ധവുമായ നിയമസംഹിതകളുടെ നേർക്കാഴ്ചയാണ്. ഭരണഘടന അനുശാസിക്കുന്നതും പൗരന്മാരുടെ മൗലികാവകാശങ്ങൾക്ക് അനുസരിച്ചും ജനകീയമായ കാഴ്ചപ്പാടോടു കൂടിയതുമായ ഒരു പോലീസ് നയം എക്കാലത്തും ആവശ്യമാണ്. സമൂഹത്തിന്റെ ജനാധിപത്യസ്വഭാവത്തിന് പിൻബലമാകേണ്ട ഒരു പോലീസ് നയമാണ് സുഗമമായ സാമൂഹിക സ്ഥിതിഗതികൾക്ക് ആവശ്യം. കുറ്റകൃത്യങ്ങളെ തടഞ്ഞും ക്രമസമാധാനം നിലനിർത്തിയും അപകടഘട്ടങ്ങളിൽ ജനങ്ങൾക്ക് സഹായകമാകുന്ന ഒരു ജനാധിപത്യപോലീസിന് മാത്രമേ സമാധാനപരമായ ഒരു സാമൂഹിക നിയമക്രമത്തിന് കാവലാളാകാൻ കഴിയൂ എന്നതാണ് യാഥാർത്ഥ്യം.

ഏറ്റവും കൂടുതൽ പ്രതിബദ്ധതയും ധാർമ്മികതയും പ്രതീക്ഷിക്കുന്ന ഒരു സംവിധാനമാണ് ഇന്ത്യൻ പോലീസിംഗിന്റേത്. നിരവധി സമ്മർദ്ദങ്ങളുടെയും മാനസിക അസംതൃപ്തികളുടെയും നടുവിലാണ് ഇന്നത്തെ പോലീസ് സംവിധാനത്തിന് ജോലി നടപ്പാക്കേണ്ടി വരുന്നത്. പരിതാപകരമായ തൊഴിൽ സാഹചര്യങ്ങളും അപകടസാധ്യത കൂടിയ തൊഴിൽ മേഖലയുമായി മറ്റേതൊരു തൊഴിലിടത്തിൽ നിന്നും നിയമപരിപാലന വ്യവസ്ഥിതി വ്യത്യസ്തമാകുന്നു.

സമൂഹത്തിൽ പുരുഷനെ പോലെ തന്നെ എല്ലാവിധമായ അവകാശങ്ങളും തുല്യ അവസരങ്ങളും ഉള്ളവരാണ് സ്ത്രീകൾ. എന്നാൽ കാലങ്ങളായി നിലനിൽക്കുന്ന വിവേചനവും അടിച്ചമർത്തലും ചൂഷണവും അനുഭവിക്കുന്നവരാണ് സ്ത്രീസമൂഹം. പുരുഷനോടൊപ്പം തുല്യ അവകാശങ്ങളും അവസരങ്ങളും ലഭ്യമാകുന്നതിനു വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടങ്ങൾക്ക് രണ്ടോമൂന്നോ നൂറ്റാണ്ടുകളുടെ ചരിത്രം മാത്രമാണ് അവകാശപ്പെടാനുള്ളത്. സുരക്ഷിതമായി ജീവിക്കാനും ഇഷ്ടമുള്ള തൊഴിൽ മേഖലകളിൽ ഏർപ്പെടാനും സ്വതന്ത്രമായി യാത്രചെയ്യാനും സ്ത്രീകൾക്ക് ഇന്നും കഴിയാത്ത ഒരു സമൂഹവ്യവസ്ഥയിലാണ് അവർ ജീവിക്കുന്നത്. മാത്രമല്ല പലപ്പോഴും വിവാഹവും കുടുംബവും സ്ത്രീയുടെ അടിസ്ഥാനപരമായ അവകാശങ്ങളെയും അവസരങ്ങളെയും ഹനിക്കുന്ന വ്യവസ്ഥിതികളായി മാറുന്ന സാഹചര്യവും നിലവിലുണ്ട്. ജൈവശാസ്ത്രപരമായ വിവേചനങ്ങൾ മാറ്റി നിർത്തിയാൽ ബുദ്ധിയിലും കഴി



വിലും പുരുഷനോളം പ്രാപ്തയായ സ്ത്രീ നിയമനിർമ്മാണത്തിലും നിയമസംരക്ഷണത്തിലും കഴിവുകൾ തെളിയിച്ച് സാമൂഹികമായ ചുറ്റുപാടുകൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് മാറുന്ന കാഴ്ചയും ഇന്ന് സാധാരണമാണ്. സ്ത്രീപുരുഷ ചുമതലകളെക്കുറിച്ചും പദവിയെക്കുറിച്ചും അടിച്ചമർത്തലിന്റെ, അധികാരബലത്തെക്കുറിച്ചും നിലനിൽക്കുന്ന മുൻവിധികളും ധാരണകളുമാണ് നിയമപാലനവൃത്തിയിൽ നിന്നും സ്ത്രീയെ ബോധപൂർവ്വമായി അകറ്റിനിർത്താൻ കാരണമായത്. വിവിധ സാമൂഹിക സാഹചര്യങ്ങളിലും അവസ്ഥകളിലും സ്ത്രീകൾ നേരിടുന്ന പിന്നാക്കമായ സ്ഥിതിവിശേഷം തന്നെയാണ് അധികാരസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീ അനുഭവിക്കുന്ന വിവേചനം. പോലീസിംഗ് പോലെയുള്ള അധികാരസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് അവരർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമായി തന്നെ ഇന്നും നിലനിൽക്കുന്നു. ഓഷോയുടെ അഭിപ്രായത്തിൽ, എല്ലാം സംഭവിക്കുന്ന ലോകത്തു നിന്ന്, അധികാരത്തിന്റെ ലോകത്തുനിന്ന് സ്ത്രീയെ മാറ്റി മറിക്കുന്നതിന് നിഗൂഡ മാർഗ്ഗങ്ങളുണ്ട്. സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം ശരീരത്തിന്റേതു മാത്രമാണ്. ബുദ്ധിയുടേതോ ബോധത്തിന്റേതോ അല്ല. ദൗർഭാഗ്യവശാൽ പുരുഷൻ എന്നും സ്ത്രീയെ അടിച്ചമർത്താൻ ശ്രമിച്ചു. അധികാരത്തിന്റെ ലോകത്തു നിന്ന് പുരുഷന്റെ നിഗൂഢതന്ത്രങ്ങളാൽ സ്ത്രീ പുറത്താക്കപ്പെട്ടതിന്റെ, യാഥാർത്ഥ്യമാണ് ഓഷോ പങ്കുവയ്ക്കുന്നത്. തൊഴിൽ രംഗങ്ങളിൽ സ്ത്രീ അനുഭവിക്കുന്ന ഇത്തരം വിവേചനങ്ങൾ ലിംഗവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലുള്ള രീതി ഭേദങ്ങൾക്കെതിരെ നിയമത്തിന്റെയും അധികാരസ്ഥാപനങ്ങളുമായും പിന്തുണ ആവശ്യപ്പെടുന്നുണ്ടെന്ന വസ്തുത യാഥാർത്ഥ്യമാണ്.

ഭരണഘടനയും മറ്റുനിയമാവലികളും അനുശാസിക്കുന്ന തുല്യനീതി എന്ന മൗലിക തത്വത്തിൽ നിന്നും തികച്ചും ഭിന്നമാണ് സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം. നിലനിൽക്കുന്ന നീതിന്യായ വ്യവസ്ഥകൾ, നിയമത്തിന്റെ പ്രായോഗിക രംഗത്തും വ്യാഖ്യാന രംഗത്തും സ്ത്രീയ്ക്ക് കൃത്യമായി നീതിലഭ്യമാകാത്ത സാഹചര്യം തുടങ്ങിയ ചുറ്റുപാടുകളാണ് സ്ത്രീ നീതിയുടേയും സ്ത്രീ ശാക്തീകരണത്തിന്റെയും പുതിയ ആശയങ്ങൾ പോലിസിംഗിലേക്ക് കൊണ്ടു വരുന്നത്. പോലീസ് ഡിപ്പാർട്ട്മെന്റിൽ നിലനിന്നുപോകുന്ന പുരുഷാധിപത്യ പ്രവണതകൾ മറ്റേതൊരു പൊതുസ്ഥാപനത്തിന്റെ രീതിഭേദങ്ങളിൽ നിന്നും ഭിന്നമല്ല. 'പുരുഷവർഗത്തിന്റെ താത്പര്യസംരക്ഷണത്തിനുള്ള ശിക്ഷണങ്ങളുടെ ഫലമായാണ് സ്ത്രീയുടെ അടിമത്തവും സ്ത്രീ ചൂഷണവും' സാധ്യമായതെന്നാണ് മഹാത്മാഗാന്ധി നിരീക്ഷിക്കുന്നത്. പോലീസ് പ്രവർത്തനങ്ങൾ സ്ത്രീയ്ക്ക് ചേർന്നതല്ല എന്ന ചിന്താഗതിയും അതിനെ ശരിവയ്ക്കുന്ന തരത്തിലുള്ള സ്ത്രീവിരുദ്ധമായ നടപടികളും സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്ന ചൂഷണ സാധ്യതകളും പോലീസിംഗ് രംഗത്ത് നിന്നും സ്ത്രീയെ അകറ്റിനിർത്തുകയാണ് ചെയ്തത്. പുരുഷന്മാർക്കെതിരായ പരാതികളുമായി സ്ത്രീകൾക്ക് പുരുഷപോലീസിന്റേതായ അധികാരയിടത്തിൽ കയറിചെല്ലുമ്പോൾ അനുഭവിക്കേണ്ടിവരുന്ന ഭയവും വൈമുഖ്യവുമാണ് പോലീസ് രംഗങ്ങളിലെ സ്ത്രീസാന്നിധ്യം അനിവാര്യമാക്കിയത്. സ്ത്രീ പ്രാതിനിധ്യത്തിന്റെ നല്ലവശങ്ങൾ



സമൂഹത്തിൽ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗം കൂടിയാണിത്. അതിനുവേണ്ടി സ്ത്രീ നീതിയുടെ നിർവ്വഹണത്തിനുവേണ്ടി ഒട്ടനവധി നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരുന്നുണ്ട്. എങ്കിൽ പോലും അസഹിഷ്ണുതയുടെയും അസ്വീകാര്യതയുടെയും മാനസിക പരിസരത്തിലാണ് സ്ത്രീകളായ പോലീസുകാർ ഇന്നും പണിയെടുക്കുന്നത്. ഇതിനിടയിലും പുതിയ സാഹചര്യങ്ങളിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ സ്ത്രീയ്ക്ക് ലഭ്യമാക്കേണ്ട തുല്യനീതിയുടെ ചില ആശാസ്യമായ

മാറ്റങ്ങൾ സംഭവിക്കുന്നു എന്നത് പുതിയ പ്രതീക്ഷകൾക്ക് വക നൽകുന്നതാണ്. വനിതാ പോലീസുദ്യോഗസ്ഥയുടെ അംഗസംഖ്യയിലും വനിതാ പോലീസ് ശാഖകളുടെ എണ്ണത്തിലും ഉണ്ടായ വർദ്ധനവ് ഇതിന് തെളിവാണ്.

പ്രായോഗിക പരിസരം കണക്കിലെടുത്ത് എല്ലാത്തരം ജോലികളിലും പ്രാതിനിധ്യം നൽകുക എന്ന പൊതു നിലപാടാണ് നീതിപാലകരായ സ്ത്രീകൾക്ക് വേണ്ടത്. എന്നാൽ രാത്രി ബീറ്റടക്കമുള്ള ഡ്യൂട്ടികൾക്കാണ് പുതിയ സാഹചര്യത്തിൽ സ്ത്രീകളെ നിയോഗിക്കുന്നത്. മാനസികമായും ശാരീരികമായും പരുവപ്പെടുത്തി പോലീസ് ഡിപ്പാർട്ട്മെന്റിന്റെ പൊതുമനോഭാവത്തിലേക്ക് വനിതാ പോലീസുകാരെ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ഡ്യൂട്ടികൾക്കു വേണ്ടി സ്ത്രീകളെ നിയോഗിക്കുന്നത്. എന്നാൽ സ്ത്രീസമത്വത്തിന്റെ പേരിൽ ചെയ്യുന്ന ഇത്തരം സമ്പ്രദായങ്ങൾ വനിതകളായ പോലീസുകാരിലെ മാനസികമായ മുരടിപ്പാണ് വരുത്തിതീർക്കുന്നത്. പുരുഷൻ ചെയ്യുന്ന ജോലി അതേ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങളിലും അടിച്ചേൽപ്പിക്കുക എന്നതല്ല സ്ത്രീസമത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം പ്രവണതകളിലൂടെ, യാതൊരു മാനസികോല്ലാസവും ഇല്ലാതെ, ബുദ്ധിമുട്ടിച്ച് സ്ത്രീകളെ പണിയെടുപ്പിക്കുന്നത് പരമ്പരാഗതമായി നിലനിന്നുപോരുന്ന പുരുഷാധിപത്യപരവും അടിമത്താധിഷ്ഠിതവുമായ അച്ചടക്ക നടപടികളിലേക്ക് അവരെ എത്തിക്കുന്നതിന്റെ ഭാഗമാണ്. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് രൂപപ്പെട്ട അച്ചടക്ക സംഹിതകളും നിയമാവലികളും പെരുമാറ്റച്ചട്ടങ്ങളും അതേപടി അടിച്ചേൽപ്പിക്കുന്നതിലൂടെ മേലുദ്യോഗസ്ഥ കീഴുദ്യോഗസ്ഥ ബന്ധത്തിന്റെ ചട്ടക്കൂടിനുള്ളിൽ സ്ത്രീ നീതിയുടെയും സ്ത്രീ സമത്വത്തിന്റെയും എല്ലാ നിയമവശങ്ങളും ലംഘിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് വനിതകളായ പോലീസുകാരിൽ കടുത്ത

**പോലീസിംഗ് പോലെയുള്ള നിയമപരിപാലന മേഖലയിലും മറ്റ് അധികാര സ്ഥാപനങ്ങളിലും എത്തുന്ന സ്ത്രീകൾക്ക് പലപ്പോഴും സ്ത്രീ ജനങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സ്വീകരിക്കേണ്ടിവരുന്നതും ഒരു പ്രധാന പ്രശ്നമാണ്. പുരുഷാധികാര കേന്ദ്രങ്ങളോട് ചേർന്നു നിന്നു പ്രവർത്തിക്കുന്ന ഇത്തരം സ്ത്രീകൾ, സ്ത്രീവിരുദ്ധമായ നിലപാടുകളാണ് സ്വീകരിച്ചുകാണുനത്.**



മാനസിക സംഘർഷങ്ങൾ സൃഷ്ടിക്കാറുണ്ട്. പലപ്പോഴും സ്ത്രീസമത്വം എന്ന പേരിൽ നടത്തുന്ന പൊതു പ്രവണതകൾ സ്ത്രീവിരുദ്ധമായ അനുഭവങ്ങളാണ് സ്ത്രീകൾക്ക് നൽകുന്നത്.

വ്യക്തിജീവിതത്തിലും സാമൂഹിക,സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലുമെല്ലാം സ്ത്രീകൾക്ക് ശരിയായ രീതിയിലുള്ള അവകാശങ്ങൾ ലഭ്യമാകാതെ നീതി നിഷേധിക്കപ്പെടുന്നുണ്ട്. പുരുഷനോളം കായിക ബലവും മാനസിക പക്വതയും ഇല്ലാത്ത അബലയും അവശയുമായ സ്ത്രീ എന്ന കാഴ്ചപ്പാടുകൾ നിലനിൽക്കുന്നതുകൊണ്ടു തന്നെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകൾക്ക് സാമൂഹിക പ്രവർത്തന മണ്ഡലങ്ങളിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാതിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. പോലീസിംഗ് എന്നാൽ കുറ്റവാളികളെ, ക്രിമിനാലിറ്റിയെ കായികമായി കീഴ്പ്പെടുത്തുക മാത്രമാണെന്ന പരമ്പരാഗത ചിന്താഗതികൾ കാലങ്ങളായി സ്ത്രീസാന്നിധ്യത്തെ പോലീസിൽ നിഷേധിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീസഹജമായ സൗമ്യതയോടും സൗഹാർദ്ദപൂർവ്വമായ ഇടപെടലോടും കൂടി സ്ത്രീ വിഷയങ്ങളെയും അതിലൂടെ സാമൂഹിക വിഷയങ്ങളെയും കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സ്ത്രീയ്ക്ക് മാത്രമേ കഴിയൂ. അതിനാൽ തന്നെ പോലീസ് സംവിധാനത്തിൽ സ്ത്രീസാന്നിധ്യം ഏറെ ആവശ്യമാണെന്ന് നിലനിൽക്കുന്ന സാമൂഹിക പ്രശ്നങ്ങൾ വെളിവാക്കുന്നു.

പോലീസിംഗ് പോലെയുള്ള നിയമപരിപാലന മേഖലയിലും മറ്റ് അധികാര സ്ഥാപനങ്ങളിലും എത്തുന്ന സ്ത്രീകൾക്ക് പലപ്പോഴും സ്ത്രീജനങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സ്വീകരിക്കേണ്ടിവരുന്നതും ഒരു പ്രധാന പ്രശ്നമാണ്. പുരുഷാധികാര കേന്ദ്രങ്ങളോട് ചേർന്നു നിന്നു പ്രവർത്തിക്കുന്ന ഇത്തരം സ്ത്രീകൾ, സ്ത്രീവിരുദ്ധമായ നിലപാടുകളാണ് സ്വീകരിച്ചുകാണുനത്. നിലനിന്നു പോകുന്ന വ്യവസ്ഥിതിയെ എതിർക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്നവർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിൽ സ്ഥാനമില്ല എന്ന വസ്തുത വിനയയുടെ ജീവിതം ശരിവയ്ക്കുന്നു. സ്വാഭാവികമായ പ്രതികരണങ്ങൾ പോലും അച്ചടക്ക ലംഘനമോ വിപ്ലവമോ ആയി കാണുന്ന പോലീസ് ഡിപ്പാർട്ട്മെന്റിന്റെ അയവില്ലാത്ത ചട്ടക്കൂടിനുള്ളിൽ പ്രതികരിക്കുന്ന സ്ത്രീയ്ക്ക് ഇടമില്ല എന്നത് യാഥാർത്ഥ്യമാണ്. കേരള പോലീസിനുള്ളിൽ വിനയ എന്ന പോലീസുകാരി നടത്തിയ പൗരാവകാശ പോരാട്ടങ്ങളും അതിന് അവർക്ക് അനുഭവിക്കേണ്ടി വന്ന യാതനകളും പോലീസിംഗിലെ മാറ്റമില്ലാത്ത സ്ത്രീവിരുദ്ധനടപടികളുടെ

*ശേഷം പേജ് 29*




# മത്സ്യമേഖലയിലെ പെൺപെരുമ



ലില്ലി

**പൊ**തു ഇടങ്ങളിൽ മറ്റുള്ളവർ തീർത്ത അദൃശ്യമായ അതിർവരമ്പുകൾ ലംഘിക്കാതെ ആരേയും ശല്യപ്പെടുത്താതെ (മറ്റുള്ളവർക്ക് മീൻ നാറ്റം ഒരു ശല്യമാണല്ലോ) കുടുംബ വരുമാനത്തിന്റെ കുറവു നികത്താനായി പരിശ്രമിക്കുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകൾ ഒരേ സമയം കുടുംബത്തിന്റെയും രാജ്യത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുകയാണെന്ന വസ്തുത പൊതു സമൂഹം ബോധപൂർവ്വം വിസ്മരിക്കുന്നു. കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളിൽ അതിജീവനത്തിന്റെ ഭീഷണി നേരിടുന്ന ഒരു തൊഴിൽ മേഖലയാണ് മത്സ്യ കച്ചവടം. കായലിനോടും കരയോടും ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ മുഖ്യ ഉപജീവന മാർഗ്ഗമാണ് മത്സ്യബന്ധനം. പുരുഷന്മാർ മത്സ്യബന്ധന രംഗത്തും സ്ത്രീകൾ മത്സ്യവിപണന രംഗത്തുമാണ് തൊഴിലെടുക്കുന്നത്. മാന്യമായി ചെയ്യുന്ന ഏതൊരു തൊഴിലിനും അന്തസ്സുണ്ടെന്നു പറയുമെങ്കിലും മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് പൊതുസമൂഹത്തിന്റെ പരിഗണന വേണ്ടത്ര ലഭിക്കുന്നില്ല. മാത്രമല്ല പലപ്പോഴും സമൂഹത്തിന്റെ അവജ്ഞ നിറഞ്ഞ നോട്ടത്തിനു പാത്രമാകാറുണ്ട്.

മത്സ്യത്തൊഴിലാളികളായ സ്ത്രീകളിൽ ഭൂരിപക്ഷവും കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ഈ തൊഴിൽ മേഖലയിലേക്ക് എത്തപ്പെട്ടവരാണ്. കുടുംബം മുന്നോട്ടു പോകുന്നതിന് ആവശ്യമായ തുക കുടുംബനാഥന്മാരിൽ നിന്ന് ലഭിക്കാത്തപ്പോൾ കഠിനമായ അദ്ധ്വാനവും കുറഞ്ഞ വരുമാനവുമാണെന്ന് അറിഞ്ഞുകൊണ്ടു തന്നെ ഈ തൊഴിൽ രംഗത്തേയ്ക്ക് കടന്നുവരുന്നു. മത്സ്യബന്ധന അനുബന്ധ മേഖലയിലാണ് സ്ത്രീകൾ കൂടുതലും തൊഴിലെടുക്കുന്നത്. മത്സ്യക്കച്ചവടം, ചെമ്മീൻ പീലിങ്ങ്, കക്കാവാരൽ, നീറ്റുകക്ക നിർമ്മാണം തുടങ്ങി കടൽ വിഭവങ്ങളുമായി ബന്ധപ്പെട്ട മേഖലകളിൽ പണിയെടുക്കുന്നത് പ്രയാസകരമാണെ

ങ്കിലും കുടുംബത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കായി ജോലിക്കു പോകേണ്ടത് അനിവാര്യമായിത്തീരുന്നു. ഇവരുടെ കുടുംബപശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികളായ കുടുംബനാഥന്മാരിൽ നിന്നും ലഭിക്കുന്ന വരുമാനം വളരെ കുറവാണെന്നു കാണാൻ കഴിയും. മദ്യപാനികളായ ഭർത്താക്കന്മാരാണെങ്കിൽ വരുമാനമേ ലഭിക്കുകയില്ല. ഈ സാഹചര്യത്തിൽ കുടുംബം പുലർത്താൻ മീൻ കുട്ട ചുമക്കാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു.

മീൻകുട്ടയുടെ ഭാരത്തെക്കാളുപരിയായി കുടുംബ പ്രാരാബ്ധത്തിന്റെ ഭാരവും ചുമന്നു നീങ്ങുന്ന ഇവരുടെ അദ്ധ്വാനത്തിന് കുടുംബം ഉൾപ്പെടുന്ന സമൂഹം യാതൊരു വിലയും കല്പിക്കുന്നില്ല. കുടുംബത്തിനു വേണ്ടി മാസം മൂവായിരം മുതൽ പതിനായിരം രൂപ വരെ സമ്പാദിക്കുന്ന ഇവരുടെ അദ്ധ്വാനത്തെ ലഘൂകരിച്ചു കാണാനാണ് കുടുംബനാഥന്മാർ ശ്രമിക്കുന്നത്. അതിരാവിലെ വീട്ടുജോലികളെല്ലാം ചെയ്തു തീർത്ത ശേഷം പണിക്കു പോകുന്ന ഇവർ പലപ്പോഴും സ്വന്തം ആരോഗ്യംപോലും ശ്രദ്ധിക്കാറില്ല. വീട്ടുചെലവ്, മക്കളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം എന്നിങ്ങനെ ചെയ്തു തീർക്കേണ്ട കർമ്മങ്ങൾ നിരവധിയാണ്. പുരുഷന്മാർ മദ്യപാനം, പുകവലി, കഞ്ചാവ് എന്നിങ്ങനെയുള്ള ദുശ്ശീലങ്ങൾക്കുവേണ്ടി പണം ചിലവാക്കുമ്പോൾ മത്സ്യത്തൊഴിലാളി സ്ത്രീകൾ അവരുടെ വരുമാനം പൂർണ്ണമായി കുടുംബത്തിനുവേണ്ടി വിനിയോഗിക്കുന്നു. കുടുംബത്തിന്റെ വാർഷിക വരുമാനത്തിന്റെ കണക്കെടുക്കുകയാണെങ്കിൽ എൺപത് ശതമാനവും ഇവരുടെ സംഭാവനയാണ്.

മത്സ്യത്തൊഴിലാളികളായ സ്ത്രീകൾ കുടുംബ വരുമാന വർദ്ധനവിലും ദേശീയവരുമാന വർദ്ധനവിലും മാത്രമല്ല വികസന പ്രക്രിയയിലും സജീവ സാന്നിധ്യമായി മാറിക്കഴിഞ്ഞു. ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം കയറ്റുമതി ചെയ്യുന്ന കടൽ വിഭവങ്ങളായ കൊഞ്ച്, കണവ എന്നിവ വൃത്തിയാക്കി പായ്ക്ക് ചെയ്ത് ഫ്രീസിങ്ങ് പ്ലാന്റുകളിൽ എത്തിക്കുന്നതുവരെയുള്ള എല്ലാ ജോലികളും ചെയ്യുന്നത് സ്ത്രീ തൊഴിലാളികളാണ്. ഐസുമായി ബന്ധപ്പെട്ട ജോലിയായതുകൊണ്ട് തന്നെ പലപ്പോഴും അതികഠിനമായ തണുപ്പു സഹിക്കേണ്ടിവരുന്നു. നിത്യ ചെലവിനു വേണ്ടി കഷ്ടപ്പെടുന്ന ഈ സ്ത്രീ തൊഴിലാളികൾ കയറ്റുമതിയിലൂടെ ലഭിക്കുന്ന ദേശീയ വരുമാന വർദ്ധനവിൽ തങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് തീർത്തും അജ്ഞരാണ്. രാജ്യത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ പങ്കു വഹിക്കുന്ന ഇവരുടെ അദ്ധ്വാനത്തിന്റെ മഹത്വവും മൂല്യവും അധികാരികൾ വിലമതിക്കുന്നില്ല.



മത്സ്യബന്ധന അനുബന്ധമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീത്തൊഴിലാളികൾ തികച്ചും അസംഘടിതരാണ്. ഇവരിൽ ചെറിയൊരു ശതമാനം സ്ത്രീ തൊഴിലാളികൾ മാത്രമാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ളത്. സർക്കാരിൽ നിന്ന് ലഭിക്കുന്ന ഈ ക്ഷേമനിധി പലപ്പോഴും അനർഹരായിട്ടുള്ളവർക്കാണ് ലഭിക്കുന്നത്. അതിനു കാരണം രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമാണ്. ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികളുടെ ഏക വരുമാനമാണ് ക്ഷേമനിധി പെൻഷൻ. മത്സ്യബന്ധന അനുബന്ധന മേഖലയിൽ തൊഴിൽ ചെയ്യുന്ന ഭൂരിഭാഗം സ്ത്രീ തൊഴിലാളികളിലേക്കും ഈ സഹായധനം എത്തുന്നില്ല.

ഉൾ നാടൻ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന സ്ത്രീകളെ പൊതുവെ ആരും ശ്രദ്ധിക്കാറില്ല. കായലിൽ മുങ്ങിത്തപ്പി കക്കാവാരുക, ചൂണ്ടയിടുക, കാലുപയോഗിച്ച് മീൻ പിടിക്കുക തുടങ്ങിയവയാണ് പ്രധാനമായും ചെയ്യുന്ന ജോലികൾ. ഇവർ പലപ്പോഴും ചെറുവള്ളത്തിൽ ഒറ്റയ്ക്കാണ് ജോലി ചെയ്യുന്നത്. ജീവൻ പണയം വച്ചുകൊണ്ടുള്ള ഇവരുടെ അദ്ധ്വാനം പ്രത്യേകം അഭിനന്ദനമർഹിക്കുന്നവയാണ്. സ്ത്രീശാക്തീകരണത്തിന്റെ വേറിട്ട മുഖം നമുക്കിവിടെ കാണാൻ സാധിക്കും. വ്യാവസായികാടിസ്ഥാനത്തിൽ മീൻ, കൊഞ്ച് മുതലായവ വളർത്തി സ്വയം സംരംഭയാകാൻ കഴിഞ്ഞ സ്ത്രീരത്നങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. മത്സ്യലഭ്യത കുറഞ്ഞ ഈ സാഹചര്യത്തിൽ ഇത്തരം സംരംഭങ്ങൾ ധനസമ്പാദനത്തിനും മത്സ്യ ലഭ്യ

തയ്ക്കും പരിഹാരമാകുന്നു. കൂടാതെ നാലോ അഞ്ചോ സ്ത്രീകൾ കൂടി ചേർന്ന് ബാങ്കു ലോണുകളുടെ സഹായത്തോടെ മത്സ്യഫെഡുമായി സഹകരിച്ച് നടത്തുന്ന ഫിഷ് സ്റ്റോളുകൾ ഈ തൊഴിൽ രംഗത്തെ സ്ത്രീകളുടെ മറ്റൊരു മുന്നേറ്റമാണ്. മെച്ചപ്പെട്ട സാമ്പത്തിക ലാഭം നേടാൻ ഇത്തരം സംരംഭങ്ങൾക്കു കഴിയുന്നു എന്ന വസ്തുത അഭിമാനകരമാണ്.

മത്സ്യഅനുബന്ധ മേഖലയിലെ പ്രധാന കുടിൽ വ്യവസായമാണ് ഉണക്കമീൻ കച്ചവടം. സ്ത്രീകൾ ഒറ്റയ്ക്കും കൂട്ടായും ചെയ്യുന്ന ഈ തൊഴിലിന്റെ മറ്റൊരു പ്രത്യേകത നഷ്ടം വരാൻ സാധ്യത വളരെ കുറവാണ് എന്നുള്ളതാണ്. മത്സ്യം കീറി ഉണക്കി പായ്ക്ക് ചെയ്ത് ചെറു കടകൾ മുതൽ സൂപ്പർ മാർക്കറ്റുകൾ വരെ വിൽപ്പന നടത്തുന്ന ഇവർ ഇതിലൂടെ ഭേദപ്പെട്ട വരുമാനം ഉണ്ടാക്കുന്നു. ഉണക്കമീൻ കയറ്റുമതി രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളിൽ കൂടുതലും സ്ത്രീകളാണ്. ചുരുക്കത്തിൽ കുടുംബവരുമാനത്തിലും ഇന്ത്യയുടെ ദേശീയ വരുമാനത്തിലും നിർണ്ണായക സാന്നിധ്യമായി മാറാൻ മത്സ്യമേഖലയിലെ സ്ത്രീത്തൊഴിലാളികൾക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ മത്സ്യബന്ധന മേഖല ഇന്ന് കടുത്ത വെല്ലുവിളി നേരിട്ടു കൊണ്ടിരിക്കുകയാണ്. നമ്മുടെ സമുദ്രാതിർത്തി കടന്ന് വിദേശ ട്രോളറുകകളുടെ ആഴക്കടൽ മത്സ്യബന്ധനവും യന്ത്രവത്കൃതമായ നവീന രീതിയിലുള്ള മത്സ്യബന്ധനവും അശാസ്ത്രീയമായ മത്സ്യബന്ധന ഉപകരണങ്ങളും മത്സ്യ ലഭ്യത കുറയുന്നതിനു കാരണമായി തീർന്നിട്ടുണ്ട്. ഈ അവസ്ഥ മത്സ്യത്തൊഴിലാളികളായ സ്ത്രീകളെയാണ് പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. ഉയർന്ന വിദ്യാഭ്യാസം നേടാൻ സാഹചര്യമില്ലാത്ത വീട്ടിലെ പ്രാരബ്ധം മൂലം മാന്യതയില്ലാത്ത തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളുടെ മാന്യതയും പെരുമയും തിരിച്ചറിയുന്ന കാലം അതിവിദൂരമാണ്.

***ലില്ലി രാജു*** *മലയാള വിഭാഗം ഗസ്റ്റ് അദ്ധ്യാപിക,ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം*

*പേജ് 26 തുടർച്ച*

ഭാഗമാണ്. പോലീസിൽ ചേർന്നത് ഏറെ ഇഷ്ടത്തോടെയാണെന്ന് പറഞ്ഞതിന് മേലുദ്യോഗസ്ഥരുടെ ശിക്ഷാനടപടികൾ വിനയയ്ക്ക് അനുഭവിക്കേണ്ടിവന്നത്, സ്ത്രീയ്ക്ക് ഈ ജോലി പറ്റിയതല്ല എന്ന പുരുഷാധിപത്യ വ്യവസ്ഥിതിയുടെ കാഴ്ചപ്പാട് കൂടിയാണ് വ്യക്തമാക്കുന്നത്. പാരമ്പര്യമായി പുരുഷൻ കൈയ്യാളിയ ഇടങ്ങളിലെല്ലാം തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കുന്നതിന് വേണ്ടി ഇന്നത്തെ സ്ത്രീ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പുരുഷനോടൊപ്പം തുല്യ അവസരം ലഭ്യമാകാനും സ്ഥാനകയറ്റം, ശമ്പളംപോലെയുള്ള ആനുകൂല്യങ്ങളിൽ കൂടി തങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുതിന് വനിതകൾ ശ്രമിക്കുന്നു എന്നത് ആശാസ്യമാണ്. സംസ്ഥാനത്തെ മറ്റേതൊരു സർവ്വീസ് മേഖലയുമായി തട്ടിച്ചുനോക്കിയാലും നിയമപരിപാലന രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. വനിതാ ക്യാമ്പുകളിലും ലോക്കൽ പോലീസ് സ്റ്റേഷനുകളിലും താരതമ്യേന സ്ത്രീസാന്നിധ്യം പത്തുശതമാനമോ അതിൽ താഴെയോ ആണ്. പോലീസിംഗിലെ വനിതാസ്ഥാപനങ്ങളെല്ലാം തന്നെ ശോചനീയമായതും അവഗണിക്കപ്പെട്ട നിലയിൽ ഉള്ളതുമാണ്. അവശ്യസൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളോ മതിയായ വാഹന സൗകര്യങ്ങളോ ഇല്ലാതെ അവഗണിക്കപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങളും പൊതുവെ സ്ത്രീസാന്നിധ്യം കുറയാൻ ഒരു കാരണമായി തീർന്നേക്കാം.

സ്ത്രീസമത്വത്തെയും സ്ത്രീയുടെ വ്യക്തിത്വത്തെയും അംഗീകരിക്കാത്ത പുരുഷപോലീസിന്റെ ഭാഗത്തുള്ള ഈഗോക്ലാഷുകളും സമാധാനപരമായ ജോലി സാധ്യതകളിൽ നിന്നും സ്ത്രീയെ അകറ്റി നിർത്തുന്നു. കൂടുതൽ സർവ്വീസ് ഉള്ള പോലീസുദ്യോഗസ്ഥരിൽ സ്ത്രീസാന്നിധ്യം കൂടുതൽ എതിർപ്പുണ്ടാക്കുന്നു എന്നത് വസ്തുതയാണ്. ഗർഭിണികൾ, കൊച്ചുകുട്ടികൾ തുടങ്ങിയ അസൗകര്യങ്ങളുള്ള വനിതാ പോലീസുകാർക്ക് ജോലിയുടെ സമയവും സ്വഭാവവും ബുദ്ധിമുട്ടുണ്ടാക്കുന്നതും മറ്റൊരു പ്രശ്നമാണ്. അതുപോലെ തന്നെ തുടർച്ചയായി വരുന്ന ഡേ-നൈറ്റ് ഡ്യൂട്ടികൾ, നൈറ്റ് പട്രോളിംഗ് തുടങ്ങി മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു പറ്റം പ്രശ്നങ്ങളുടെ നടുവിലാണ് നിയമപരിപാലനരംഗത്തെ സ്ത്രീകൾ പ്രവർത്തിക്കുന്നത്. മറ്റ് തൊഴിൽ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതുപോലെയുള്ള സൗകര്യങ്ങളും മനസ്സമാധാനവും ലഭിച്ചെങ്കിൽ മാത്രമേ പോലീസുകാരായ സ്ത്രീകൾക്ക് കാര്യക്ഷമമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സാമൂഹിക നീതിയുടെ ഭാഗമാകാനും കഴിയൂ.

ചൂഷണോന്മുഖമായ, തുല്യനീതി ലഭ്യമാകാത്ത പോലീസ് ചട്ടക്കൂടിനുള്ളിൽ സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിത്വം കണ്ടെത്താനോ പ്രശ്നപരിഹാരം സാധ്യമാക്കാനോ കഴിയുന്നില്ല. ഈ സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാകണമെങ്കിൽ നിലനിൽക്കുന്ന നീതിന്യായ വ്യവസ്ഥിതിയും നിയമാവലികളും ബ്യൂറോക്രസിയുടെ നിലപാടുകളും മാറേണ്ടതായുണ്ട്. എങ്കിൽ മാത്രമേ പോലീസിംഗിൽ നിലനിൽക്കുന്ന പെരുമാറ്റച്ചട്ടങ്ങളും ഭാഷാ പ്രയോഗരീതികളും മാറി സേവന മനസ്ഥിതിയുള്ളതും സാംസ്കാരികോന്നമനം ലക്ഷ്യമാക്കുന്നതുമായ പരിവർത്തനങ്ങളിലൂടെ നീതി പാലനത്തിന്റെ കാവലാളായി സ്ത്രീയ്ക്ക് നിലകൊള്ളാനാവുകയുള്ളൂ.

*ജെസ്സി അലക്സാണ്ടർ - അസി. പ്രൊഫ., മലയാളം വകുപ്പ്, കാത്തോലിക്കേറ്റ് കോളേജ്*



അമ്പിളി പി.സി.

# ആരോഗ്യസേവനരംഗവും വനിതകളും

കേരള ആരോഗ്യമാതൃക സാർവ്വദേശീയമായി പ്രകീർത്തിക്കപ്പെടുന്നത് വികസിതരാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യ നേട്ടങ്ങൾ കൈവരിച്ചതുകൊണ്ടാണ്. നിരവധി സാമൂഹ്യസാമ്പത്തിക മുന്നേറ്റങ്ങളിലൂടെ സാമൂഹ്യനീതിയിലധിഷ്ഠിതമായും ചെലവുകുറഞ്ഞതുമായ മികച്ച ആരോഗ്യനിലവാരം കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിരിക്കുന്നു.

വ്യക്തികളുടെ ആരോഗ്യമാണ് സമൂഹത്തിന്റെ വികസനത്തിന് അടിസ്ഥാനമായി പ്രവർത്തിക്കുന്നത്. രോഗമില്ലാത്ത അവസ്ഥ എന്നതിനേക്കാളുപരി ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയെയാ



ണ് ആരോഗ്യമെന്ന സംജ്ഞകൊണ്ട് അർത്ഥമാക്കുന്നത്. കേരള ആരോഗ്യമാതൃക സാർവ്വദേശീയമായി പ്രകീർത്തിക്കപ്പെടുന്നത് വികസിതരാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യ നേട്ടങ്ങൾ കൈവരിച്ചതുകൊണ്ടാണ്. നിരവധി സാമൂഹ്യസാമ്പത്തിക മുന്നേറ്റങ്ങളിലൂടെ സാമൂഹ്യനീതിയിലധിഷ്ഠിതമായും ചെലവുകുറഞ്ഞതുമായ മികച്ച ആരോഗ്യനിലവാരം കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ തൊഴിൽ മേഖലയിലെ വമ്പിച്ച സ്ത്രീസാന്നിധ്യം കേരളത്തിലെ സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പാക്കിയിരിക്കുന്നു. ഈ കാരണങ്ങളെല്ലാം ചേർന്ന് കേരളീയ വനിതകളുടെ ശാക്തീകരണം സാധ്യമാക്കുകയും അതിന്റെ പ്രതിഫലനം ആരോഗ്യമേഖലയിൽ അനുഭവപ്പെടുകയും ചെയ്തു.

പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്ന മെ

ഡിക്കൽ ആക്ട് 1512 പ്രകാരം ആരോഗ്യരംഗത്തെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുരുഷന്മാർക്കു മാത്രമേ അവകാശമുണ്ടായിരുന്നുള്ളൂ. പിന്നീട് വന്ന ഖാക്സ് ചാർട്ടർ പ്രകാരം (Quack's Charterd) മിഡ്‌വൈഫറി രംഗത്ത് പരിശീലനം നേടാനും തൊഴിലെടുക്കാനും സ്ത്രീകൾക്ക് അവകാശം ലഭിച്ചുണ്ട്[1]. കാലക്രമേണയാണ് മെഡിക്കൽ രംഗത്തെ എല്ലാ കോഴ്സുകൾക്കും സ്ത്രീകൾക്ക് പ്രവേശനം ലഭിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് (1848) പ്രസിദ്ധീകൃതമായ എലിസബത്ത് ബ്ലാക്ക്‌വെൽ എന്ന വനിതാഡോക്ടറുടെ മെഡിസിൻ ആസ് എ പ്രൊഫഷൻ ഫോർ വുമൺ എന്ന ഗ്രന്ഥത്തിൽ സമൂഹത്തിൽ വനിതാ ഡോക്ടറുടെ ആവശ്യകതയെക്കുറിച്ച് ആധികാരികമായി സമർത്ഥിക്കുന്നുണ്ട്[2]. ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷന്റെ കണക്കുപ്രകാരം സമീപകാലത്ത് ബ്രിട്ടണിൽ ആതുരസേവനരംഗത്തെ സ്ത്രികളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ വളരെ കൂടുതലാണ് 61% ത്തിലധികവും പഠിതാക്കൾ സ്ത്രീകളാണ്. മെഡിക്കൽ രംഗം സ്ത്രീകളുടെ പ്രൊഫഷനായി അവിടെ അറിയപ്പെട്ടുകഴിഞ്ഞു.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിലായിരുന്ന ഇന്ത്യയിലെ ആദ്യമെഡിക്കൽ കോളേജ് സ്ഥാപിതമായത് കൽക്കത്തയിലാണ്. 1852 – ൽ ഇവിടെ സ്ത്രീകൾക്ക് പ്രവേശനം ലഭിച്ചു. 1914 – ൽ വുമൺസ് മെഡിക്കൽ സർവ്വീസ് സ്ഥാപിതമായതോടെ വനിതാഡോക്ടർമാരുടെ പുരോഗമനത്തിന് കാരണമായി. ആറ് ഇന്ത്യൻ ഡോക്ടർമാർ മാത്രമായിരുന്നു അതിലുണ്ടായിരുന്നത്. വംശീയമായി പാർശ്വവൽക്കരിക്കപ്പെടുകയും സാമ്രാജ്യത്വത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുകയും ചെയ്തുകൊണ്ടാണ് ആദ്യകാലത്ത് വനിതകൾ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുത്.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിലായിരുന്ന ഇന്ത്യയിലെ ആദ്യ മെഡിക്കൽ കോളേജ് സ്ഥാപിതമായത് കൽക്കത്തയിലാണ്. 1852 – ൽ ഇവിടെ സ്ത്രീകൾക്ക് പ്രവേശനം ലഭിച്ചു. 1914– ൽ വുമൺസ് മെഡിക്കൽ സർവ്വീസ് സ്ഥാപിതമായതോടെ വനിതാഡോക്ടർമാരുടെ പുരോഗമനത്തിന് കാരണമായി. ആറ് ഇന്ത്യൻ ഡോക്ടർമാർ മാത്രമായിരുന്നു അതിലുണ്ടായിരുന്നത്. വംശീയമായി പാർശ്വവൽക്കരിക്കപ്പെടുകയും സാമ്രാജ്യത്വത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുകയും ചെയ്തുകൊണ്ടാണ് ആദ്യകാലത്ത് വനിതകൾ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചത്.

1978 – ൽ സോവിയറ്റ് യൂണിയനിലെ കസാക്കിസ്ഥാനിൽ ചേർന്ന ആരോഗ്യവുമായി ബന്ധപ്പെട്ട അന്തർദ്ദേശീയ സെമിനാറിൽ ആരോ



ഗ്യവാനായിരിക്കുക എന്നത് ഏതൊരു വ്യക്തിയുടെയും അവകാശമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വികസിതരാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങൾ ആരോഗ്യമേഖലയിൽ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യസേവന മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ചർച്ച സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്.

ആരോഗ്യപരിപാലനത്തിനായി കേരളത്തിൽ സർക്കാർ മേഖലയിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, എന്നിങ്ങനെ മൂന്ന് വിധത്തിലുള്ള സംവിധാനങ്ങൾ നിലനിൽക്കുന്നു. കേരളത്തിൽ 1996 മുതലാണ് ജനകീയാസൂത്രണ പ്രസ്ഥാനം നടപ്പിലായത്. ആരോഗ്യരംഗത്ത് വമ്പിച്ച പുരോഗതിക്ക്  ഇത് വഴി തുറന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തുകളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെയും താലൂക്ക് ആശുപത്രികൾ മുൻസിപ്പാലിറ്റികളുടെയും ജില്ലാ ആശുപത്രികൾ ജില്ലാപഞ്ചായത്തുകളുടെയും നിയന്ത്രണത്തിലാണ്. കേരളത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 835 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും 230 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 103 താലൂക്ക് / ജില്ലാതല ആശുപത്രികളും പ്രവർത്തിക്കുന്നു[3].

എങ്കിൽതന്നെയും ആരോഗ്യരംഗത്തെ സ്വകാര്യമേഖലയുടെ പ്രവർത്തനം വളരെ കൂടുതലാണ്. ആശുപത്രികളുടെയും ഡോക്ടർമാരുടെയും എണ്ണത്തിൽ സ്വകാര്യ മേഖല വളരെ മുന്നിലാണ്. അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സർക്കാർ ആശുപത്രികളെക്കാൾ വളരെ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ. സ്വകാര്യമെഡിക്കൽ കോളേജുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇവിടെ നിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ ഗ്രാമീണമേഖലയിലും സർക്കാർ ആശുപത്രികളിലും സേവനം ചെയ്യാൻ വിമുഖത കാട്ടുന്നു. സർക്കാർ രംഗത്ത് പ്രതിഫലം കുറവായതാണ് ഇതിന്റെ പ്രധാനകാരണം. അതേസമയം, ഭൂരിപക്ഷം വനിതാ ഡോക്ടർമാരും ഗ്രാമീണമേഖലയിൽ സേവനം ചെയ്യാൻ താല്പര്യം കാട്ടുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും വനിതാഡോക്ടർമാരുടെ വർദ്ധനവ് സമീപകാലത്ത് ഉണ്ടായിട്ടുണ്ട്. വൈദ്യശാസ്ത്രമൂല്യങ്ങൾ പിൻതുടർന്ന് ചികിത്സിക്കുവാനും, രോഗികളുടെ മാനസികാവസ്ഥ മനസ്സിലാക്കി ക്ഷമയോടെ പരിചരിക്കുവാനുമുള്ള വനിതാ ഡോക്ടർമാരുടെ കഴിവ് പ്രശംസനീയമാണ്. വ്യക്തിപരമായ പ്രശ്നങ്ങളും രോഗാവസ്ഥയും രോഗികൾ തുറന്നു സംസാരിക്കാനിഷ്ടപ്പെടുന്നത് വനിതാ ഡോക്ടർമാരോടാണ്. നഴ്സ്, മിഡ്‌വൈഫ്, ലാബ്ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഹെൽത്ത് ഇൻസ്പെക്ടർ കൗൺസെലർ തുടങ്ങിയ മേഖലകളിലും സ്ത്രീകളുടെ സജീവ സാന്നിധ്യം ഉണ്ട്.

> വൈദ്യശാസ്ത്രമൂല്യങ്ങൾ പിൻതുടർന്ന് ചികിത്സിക്കുവാനും, രോഗികളുടെ മാനസികാവസ്ഥ മനസ്സിലാക്കി ക്ഷമയോടെ പരിചരിക്കുവാനും വനിതാ ഡോക്ടർമാരുടെ കഴിവ് പ്രശംസനീയമാണ്. വ്യക്തിപരമായ പ്രശ്നങ്ങളും രോഗാവസ്ഥയും രോഗികൾ തുറന്നു സംസാരിക്കാനിഷ്ടപ്പെടുന്നത് വനിതാ ഡോക്ടർമാരോടാണ്. നഴ്സ്, മിഡ്‌വൈഫ്, ലാബ്ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഹെൽത്ത് ഇൻസ്പെക്ടർ കൗൺസെലർ തുടങ്ങിയ മേഖലകളിലും സ്ത്രീകളുടെ സജീവ സാന്നിധ്യം ഉണ്ട്.

ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തേക്കാൾ കൂടുതൽ നഴ്സുമാരെ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. ബി.എസ്.സി. എം.എസ്.സി. നഴ്സിങ് മേഖലകളിലെ സിംഹഭാഗവും പെൺകുട്ടികൾ കൈയ്യടക്കിയിരിക്കുന്നു. പെൺകുട്ടികളുടെ സഹജമായ സേവന, ത്യാഗമനോഭാവങ്ങൾ കാരണം തൊഴിലിൽ ആത്മസംതൃപ്തിയടയാൻ അവർക്ക് കഴിയുന്നു. 1972 – ൽ തിരുവനന്തപുരത്ത് മെഡിക്കൽകോളേജിൽ ആരംഭിച്ച ജനറൽ നഴ്സിംഗ് പരിശീലനം ഇന്ന് ലോകാരോഗ്യസംഘടനയുടെ സഹായത്തോടെ നടക്കുന്ന പി.എച്ച്.ഡി. കോഴ്സ് വരെ എത്തിനിൽക്കുന്നു. സർക്കാർ ആശുപത്രികളുടെ നിലനിൽപ്പ് തന്നെ ജനറൽ നഴ്സിംഗ് കഴിഞ്ഞ വനിതകളുടെ സേവനത്തിന്റെ ഫലമായി ആണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖ്യമായും സ്ത്രീകളുടെ ആരോഗ്യത്തെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നവയാണ്. ജനസംഖ്യാനിയന്ത്രണസംവിധാനങ്ങളും ഗർഭകാല പരിരക്ഷയും ഇവയുടെ മുഖ്യലക്ഷ്യങ്ങളാണ്. മാതൃമരണനിരക്ക്, ശിശുമരണ നിരക്ക് ഇവ കേരളത്തിൽ വളരെക്കുറവായതു പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ വനിതാ ആരോഗ്യപ്രവർത്തകരുടെ ശ്രമഫലമായി ആണ്. സാമൂഹികമായ ഒറ്റപ്പെടലിനും ഭ്രഷ്ടിനും വിധേയരാക്കപ്പെടുന്ന മാനസിക രോഗികളുടെ ചികിത്സാ സഹായത്തിനായി ധാരാളം വനിതാ മനോരോഗവിദഗ്ദ്ധരും സോഷ്യൽവർക്കർമാരും കൗൺസലർമാരും കേരളത്തിൽ പ്രവർത്തിക്കുന്നു.  മാനസിക സംഘർഷങ്ങൾ ലഘൂകരിക്കാനുള്ള ഉപദേശങ്ങൾ തരുന്ന കൗൺസിലേഴ്സിന്റെ സേവനം ആരോഗ്യമുള്ള ജനസമൂഹത്തിന്

ആരോഗ്യരംഗത്തെ ലൈംഗിക പക്ഷപാതം എന്നതിനെകുറിച്ച് കൂടുതൽ ശക്തമായ തിരിച്ചറിവുകൾ ആവശ്യമാണ്. ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരിൽ ഭൂരിഭാഗവും സ്ത്രീകളാണെങ്കിലും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ്. വനിതാ ആരോഗ്യ പ്രവർത്തകരുടെ സ്വതന്ത്രമായ പ്രവർത്തനത്തിനും സ്വകാര്യതയ്ക്കും തടസ്സം നിൽക്കുന്ന അനേകം ഘടകങ്ങൾ ആശുപത്രികളിൽ നിലനിൽക്കുന്നു.

അത്യന്താപേക്ഷിതമാണ്. വർധിച്ചുവരുന്ന ആത്മഹത്യയുടെ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളീയരുടെ ദുർബലയായ മാനസികാവസ്ഥയാണ്. വികസിത രാജ്യങ്ങളിൽ ഒരു ലക്ഷംപേർക്ക് ശരാശരി മുപ്പത് മാനസികാരോഗ്യ സാമൂഹ്യപ്രവർത്തകർ പ്രവർത്തിക്കുമ്പോൾ കേരളത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളൂ. അതിലേറെപ്പേരും വനിതകളാണെന്നുള്ളത് അഭിമാനാർഹമാണ്.

സ്ത്രീകൾ നേരിടുന്ന പ്രധാനപ്പെട്ട ആരോഗ്യപ്രശ്നമായ പ്രസവ സംബന്ധമായ രോഗാവസ്ഥകൾ കേരളത്തിൽ കുറവാണ്. ഏതാണ്ട് 95% പ്രസവവും ആശുപത്രിയിൽ നടക്കുന്നത് സ്ത്രീകളുടെ പ്രസവവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ തടയുന്നതിനുള്ള മുഖ്യകാരണമാണ്. പ്രസവ ചികിത്സാ രംഗത്ത് വനിതാ ഡോക്ടർമാരുടെ സേവനം സ്തുത്യർഹമാണ്. പ്രസവ സമയത്തുള്ള സ്ത്രീകളുടെ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പ്രവർത്തിക്കാനും പരിചരിക്കാനും ഒരു വനിതാ ഡോക്ടർക്കു മാത്രമേ കഴിയൂ. ശിശുരോഗവിഭാഗത്തിലും സമാനാവസ്ഥയാണ് നിലനിൽക്കുന്നത്. മാതൃത്വത്തിന്റെ അനുഭവം ഉൾക്കൊണ്ട് കുഞ്ഞുങ്ങളെ വേണ്ടവിധത്തിൽ ക്ഷമയോടെ പരിചരിക്കാനും കുട്ടികളുടെ പ്രശ്നങ്ങൾ കൂടുതൽ മനസ്സിലാക്കാനും വനിതാ ഡോക്ടർമാർക്ക് കഴിയുന്നു. സർജറി, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളിൽ സ്ത്രീകളുടെ സ്പെഷ്യലൈസേഷൻ കുറവായത് പുരുഷന്മാരുടെയൊപ്പം അക്കാദമിക് നിലവാരം ഇല്ലാത്തതുകൊണ്ടല്ല മറിച്ച് ഉദ്യോഗ ജീവിതത്തോടൊപ്പം കുടുംബത്തിന്റെ ഉത്തരവാദിത്വവും ഒരുമി




ച്ചു കൊണ്ടുപോകാൻ സൗകര്യപ്രദമല്ലാത്തതുകൊണ്ടാണ്.

പുരുഷാധിപത്യ സ്വഭാവമുള്ള മറ്റേതു മേഖലയും പോലെ മെഡിക്കൽ രംഗത്തും സ്ത്രീവിവേചനം ശക്തമാണ്. 1865 ൽ മുമ്പൈയ്ക്കടുത്തുള്ള കല്യാണിൽ ജനിച്ച ആനന്ദിബായ് ജോഷി അമേരിക്കയിലെ ഫിലാഡെൽഫിയിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസം നേടിയതോടെ സ്വദേശത്തും വിദേശത്തുമായി ഒട്ടേറെ വനിതകൾ മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്ത് പ്രകടമായ സ്ത്രീ സാന്നിധ്യം കേരളത്തിലുണ്ടെങ്കിലും പുരുഷകേന്ദ്രീതമായ ആശയങ്ങളിലാണ് മെഡിക്കൽരംഗം പ്രവർത്തിക്കുന്നത്.

ആരോഗ്യരംഗത്തെ ലൈംഗിക പക്ഷപാതം എന്നതിനെകുറിച്ച് കൂടുതൽ ശക്തമായ തിരിച്ചറിവുകൾ ആവശ്യമാണ്. ആശുപത്രികളിലെ ആരോഗ്യ പ്രവർത്തകരിൽ ഭൂരിഭാഗവും സ്ത്രീകളാണെങ്കിലും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ്. വനിതാ ആരോഗ്യ പ്രവർത്തകരുടെ സ്വതന്ത്രമായ പ്രവർത്തനത്തിനും സ്വകാര്യതയ്ക്കും തടസ്സം നിൽക്കുന്ന അനേകം ഘടകങ്ങൾ ആശുപത്രികളിൽ നിലനിൽക്കുന്നു. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലെ പാത്തോളജി ലക്ചറർ ആയ എസ്. സന്ധ്യാമണി മെഡിക്കൽ രംഗത്തെ വിവേചനങ്ങളെ അതിജീവിച്ച അനേകം ഡോക്ടർമാരിൽ ഒരാളാണ്. 1992 ൽ പാരീസിൽ നടന്ന ഇന്റർനാഷണൽ യൂണിയൻ ഓഫ് ആൻജിയോളജിയുടെ ലോക കോൺഗ്രസിൽ പുരസ്കാരം ലഭിക്കുകയും ദക്ഷിണാഫ്രിക്കയിലെ ബന്നിബക്കർ മെമ്മോറിയൽ പ്രഭാഷണം നടത്താൻ ക്ഷണിക്കപ്പെടുകയും ചെയ്ത ഏക വനിതാ ശാസ്ത്രജ്ഞയും ആദ്യത്തെ ഏഷ്യാക്കാരിയും അവരായിരുന്നു. എങ്കിലും കഠിനമായ പ്രശ്നങ്ങളി

*ശേഷം പേജ് 53*



# ജനപ്രതിനിധികളായ സ്ത്രീകളും വികസനത്തിലെ ജനാധിപത്യവും



കൃഷ്ണ അരവിന്ദ്

**കൗ**ടില്യന്റെ അർത്ഥശാസ്ത്രം ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ രൂപം കൊണ്ട സാമ്പത്തിക സാംസ്കാരിക-രാഷ്ടീയ വിചാരങ്ങളുടെ അർത്ഥം മാത്രമല്ല; പുരുഷനുവേണ്ടി പുരുഷനാൽ രൂപം കൊണ്ട രാഷ്ടീയ വികസനത്തിന്റെ രൂപരേഖ കൂടിയാണ്. ഇത്തരം രൂപരേഖകൾ വരച്ചിട്ട രാഷ്ട്രീയ ഭൂപടത്തിലൂടെയാണ് ഇന്ത്യൻ സാമൂഹിക ചരിത്രം സഞ്ചരിച്ചുകൊണ്ടിരുന്നത്. കൗടില്യൻമാർ രൂപപ്പെടുത്തിയ രാഷ്ട്രീയ വികസന വഴികളിൽ നിന്ന് പുറത്തു കടന്ന് സ്വന്തം ശബ്ദം കേൾപ്പിക്കാൻ ഓരങ്ങളിൽ പാർക്കുന്നവർ ശ്രമിക്കുമ്പോഴാണ് ചരിത്രം ജനാധിപത്യപരമാവുന്നത്. നവോത്ഥാന കാലഘട്ടത്തിലാണ് ഇത്തരം ജനാധിപത്യ മൂല്യങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങൾ കൂടുതലും നടന്നത്. എന്നാൽ ഈ മുന്നേറ്റങ്ങളെ അർത്ഥപൂർണമായി വികസിപ്പിക്കുവാൻ ഇന്ത്യൻ സമൂഹത്തിനു സാധിച്ചുവോ എന്നത് പ്രസക്തമായ ഒരു ചോദ്യമാണ്. വിവരങ്ങളും മാധ്യമങ്ങളും പ്രബലമായി നിലനിൽക്കുന്ന ആഗോളീകരണകാലത്തും നിർണായകമായ ഇത്തരം ചോദ്യങ്ങളെ വീണ്ടും അഭിസംബോധന ചെയ്യേണ്ടിവരുന്നത് എന്തുകൊണ്ടാണ്? വികസനം എന്ന വാക്കിനെ സംബന്ധിച്ച് കാലാകാലങ്ങളായുള്ള ഭരണകൂടങ്ങൾ നൽകുന്ന നിർവ്വചനത്തിന്റെ പ്രശ്നമാണത്.

ആഗോളീകരണവും ഉപഭോഗതൃഷ്ണയും ചേർന്നു നിർമ്മിച്ചെടുക്കുന്ന കോർപ്പറേറ്റ് തന്ത്രങ്ങൾക്കുള്ളിൽ ഷോപ്പിങ്ങ്മാളുകളും ബഹു

നില കെട്ടിടസമുച്ചയവും. അദാനിയുടെയും റിലയൻസിന്റെയും ഓഹരിമൂല്യവും ലാഭക്കണക്കുകളും രാജ്യത്തിന്റെ വികസന മാനദണ്ഡമാകുമ്പോൾ ചേരികളിലും തെരുവോരങ്ങളിലും അന്തിയുറങ്ങുന്ന ദരിദ്രവർഗത്തിന്റെ ജീവിതാവശ്യങ്ങൾ പരിഗണിക്കപ്പെടാതെ പോകുന്നു. പലപ്പോഴും ഭരണകൂടത്തിന്റെ താൽപ്പര്യം കോർപ്പറേറ്റുകളുടെ താൽപ്പര്യമായി പരിവർത്തനം ചെയ്യപ്പെടുമ്പോൾ മർദ്ദിത ജനവിഭാഗത്തിനുവേണ്ടിയുള്ള അവകാശങ്ങൾ കൂടിയാണ് ശ്രദ്ധിക്കാതെ പോകുന്നത്. ഗാട്ട് കരാറും ആണവക്കരാറും ആസിയാൻ കരാറും ഇങ്ങനെ നിർമ്മിക്കപ്പെടുന്നവയാണ്.

ഒരു ജനാധിപത്യ രാഷ്ട്രത്തിൽ വികസനം എന്താവണം? ആരുടെ പക്ഷത്തു നിന്നു വേണം അതു നടപ്പിലാക്കുവാൻ? എന്നിങ്ങനെയുള്ള കാര്യങ്ങൾ പ്രസക്തമാവുന്നത് വികസനത്തിന്റെ ജനാധിപത്യ പരിപ്രേക്ഷ്യം എന്ന ആശയത്തെ ലക്ഷ്യം വയ്ക്കുമ്പോഴാണ്. രാഷ്ട്രത്തിന്റെ വികസനമാനദണ്ഡങ്ങൾ നിർണയിക്കുമ്പോൾ അവിടുത്തെ മാർദ്ദിത ജനതയുടെ ജീവിതനിലവാരം, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ, സ്വാതന്ത്ര്യം, ബൗദ്ധികവികാസം എന്നിവ പരിഗണിക്കേണ്ടതുണ്ട്. ദളിത്, സ്ത്രീ എന്നീ നിമഗ്നവിഭാഗത്തെ ജനാധിപത്യ പരമായ അവകാശങ്ങൾക്കുവേണ്ടി പ്രാപ്തരാക്കുന്നതാണ് യഥാർത്ഥവികസനം. അമർത്യസെന്നിന്റെ അഭിപ്രായത്തിൽ എല്ലാ പ്രതിസന്ധികളെയും തുടച്ചുമാറ്റിക്കൊണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടി ജനങ്ങളെ സുസജ്ജമാക്കുന്ന പ്രക്രിയയാണ് വികസനം. അതിലൂടെ ഓരോ ജനതയ്ക്കും അവരുടെ വിധി സ്വയം നിർണയിക്കുവാൻ കഴിയുന്നു.
നമ്മളും അവരുമായി അന്യവത്ക്കരിച്ച അധികാര താത്പര്യങ്ങൾ മർദ്ദിത ജനവിഭാഗം തിരിച്ചറിയുകയും അവർ എന്ന അപരരൂപത്തിൽ നിന്ന് പുറത്തുവരികയും അവകാശങ്ങളെക്കുറിച്ച് ബോധ്യമുണ്ടാവുകയും ചെയ്യുമ്പോഴാണ് അവരവരുടെ വിധി സ്വയം നിർണയിക്കാൻ കഴിയുന്നത്.

> ദളിത്, സ്ത്രീ എന്നീ നിമഗ്നവിഭാഗത്തെ ജനാധിപത്യ പരമായ അവകാശങ്ങൾക്കുവേണ്ടി പ്രാപ്തരാക്കുന്നതാണ് യഥാർത്ഥവികസനം. അമർത്യസെന്നിന്റെ അഭിപ്രായത്തിൽ എല്ലാ പ്രതിസന്ധികളെയും തുടച്ചുമാറ്റിക്കൊണ്ട് സ്വാതന്ത്ര്യത്തിനുവേണ്ടി ജനങ്ങളെ സുസജ്ജമാക്കുന്ന പ്രക്രിയയാണ് വികസനം. അതിലൂടെ ഓരോ ജനതയ്ക്കും അവരുടെ വിധി സ്വയം നിർണയിക്കുവാൻ കഴിയുന്നു.

ദളിത്, സ്ത്രീ, പരിസ്ഥിതി എന്നീ പാർശ്വവത്കൃത വിഭാഗങ്ങളെ പരിഗണിച്ചുകൊണ്ട് അവരുടെ പക്ഷത്തു നിൽക്കുന്ന വികസന സാദ്ധ്യതകൾ രൂപീകരിച്ചെടുക്കുന്ന തരത്തിലേക്ക് നമ്മുടെ പദ്ധതികൾ മാറേണ്ടതുണ്ട്. എല്ലാ ജനവിഭാഗത്തെയും ഉൾക്കൊണ്ട് ഏറ്റവും താഴേത്തട്ടിലുള്ള ജനതയുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലുള്ള പദ്ധതികൾ നടപ്പിലാവണം. താഴേത്തട്ടിലുള്ള ജനങ്ങളുടെ പക്ഷത്തുനിന്നുള്ളതാവണം വികസനമെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള സമീപനമാണ് ഈ പഠനത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**രാഷ്ട്രീയാധികാരവും സ്ത്രീകളും**

രാഷ്ട്രം ഒരു പുരുഷസങ്കല്പമാണ്. കാലാകാലങ്ങളായുള്ള ആധിപത്യവ്യവസ്ഥകൾ രൂപപ്പെടുത്തിയ പുരുഷനോട്ടങ്ങളുടെ ഉത്പന്നമെന്ന നിലയിലാണ് രാഷ്ട്രത്തെയും രാഷ്ട്രീയാധികാരത്തെയും സംബന്ധിച്ച തത്ത്വങ്ങൾ നിലനിന്നിട്ടുള്ളത്. വിഷ്ണുശർമ്മാവിന്റെ പഞ്ചതന്ത്രം കഥകൾ രാജകുമാരനെ രാഷ്ട്രതന്ത്രം പരിശീലിപ്പിക്കാൻവേണ്ടി രചിക്കപ്പെട്ടവയാണ്. എന്നാൽ ചരിത്രത്തിലൊരിടത്തും ഒരു രാജകുമാരിമാർക്കുവേണ്ടിയും പഞ്ചതന്ത്രം കഥകൾ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെയാണ് രാഷ്ട്രീയാധികാരത്തിന്റെ നിർണായക സ്ഥാനങ്ങളിലേക്ക് സ്ത്രി കടന്നുവരാതിരുന്നത്. ചരിത്രം, രാഷ്ട്രതന്ത്രം പരിശീലിക്കാനാണ് പുരുഷനെ പ്രാപ്തനാക്കിയതെങ്കിൽ വൈശികതന്ത്രങ്ങൾ അഭ്യസിക്കാൻ പാകത്തിലാണ് സ്ത്രീയെ വളർത്തിയെടുത്തത്. സ്വന്തം സത്തയെ തിരിച്ചറിയാനോ പൊതു ഇടങ്ങളിലെ ക്രിയാത്മക സംവാദങ്ങളിൽ പങ്കാളിയാകാനോ അധികാരത്തിലെത്താനോ അനുവദിക്കാതെ ശിഥിലമാക്കിയ സ്വത്വത്തിനുള്ളിലാണ് സ്ത്രീ രൂപപ്പെട്ടത്.

ഓരോ സ്ത്രീയും രാഷ്ട്രീയാധികാരത്തിലേക്ക് എത്തിച്ചേരുന്നത് പല തരത്തിലുള്ള പ്രതിസന്ധികളെ നിർദ്ദയം വിചാരണചെയ്തുകൊണ്ടാണ്. വ്യവസ്ഥാപിത സമൂഹം സ്ത്രീയെപ്പറ്റി രൂപപ്പെടുത്തിയ സാമാന്യ ബോധത്തിനോട് നിരന്തരം കലഹങ്ങൾകൂട്ടിയും സമരസപ്പെട്ടുമാണ് സ്ത്രീ അവളുടെ പൊതുജീവിതം ഉയർത്തിക്കൊണ്ടു വരുന്നത്. കേരളത്തിൽ നവോത്ഥാന മൂല്യങ്ങളുടെ പിൻതുടർച്ചയെന്ന നിലയിൽ വേണം പൊതുരംഗത്തേക്കു കടന്നു വന്ന സ്ത്രീകളെ വിലയിരുത്തേണ്ടത്. കേരളത്തിൽ ഭരണത്തിലേക്ക് എത്തിച്ചേർന്ന സ്ത്രീ പ്രതിനിധികൾക്ക് വികസനത്തിൽ എന്തുതരം ഇടപെടലാണ് നടത്താൻ കഴിഞ്ഞത് എന്നതിനെക്കുറിച്ച് വിശദീകരിക്കാൻ പഠനസൗകര്യത്തിനായി കെ. ആർ. ഗൗരിയമ്മ (മന്ത്രി), സോ. ടി. എൻ. സീമ (എം.പി), അഡ്വ. അയിഷാ പോറ്റി (എം.എൽ.എ), അഡ്വ. പ്രതിഭാ ഹരി (പഞ്ചായത്ത് പ്രസിഡന്റ്)എന്നിവരെ തിരഞ്ഞെടുക്കുന്നു. മർദ്ദിതവിഭാഗങ്ങളോടൊപ്പം നിൽക്കുന്നതാവണം വികസനം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് രീതിശാസ്ത്രം വികസിപ്പിച്ചിരിക്കുന്നത്.

## അവശവിഭാഗത്തിന്റെ മുന്നേറ്റവും വികസനവും

ജനങ്ങളുടെ ജീവിതനിലവാരത്തെ ഗുണകരമായി പരിവർത്തിപ്പിക്കുന്നതാവണം വികസനം എന്ന് ജോസഫ് .ഇ. സ്റ്റിഗ്ളസ് അഭിപ്രായപ്പെടുന്നുണ്ട്. ജീവിതത്തെ പരിവർത്തിപ്പിക്കുകയെന്നുവച്ചാൽ അടിസ്ഥാനസൗകര്യങ്ങളിലും സ്വാതന്ത്ര്യത്തിലും നിലയുറപ്പിച്ചുകൊണ്ട് ഒരു ജനതയ്ക്ക് അവരുടെ ഭാവിയെ രൂപപ്പെടുത്താൻ കഴിയുന്ന തരത്തിൽ ജീവിതനിലവാരത്തെ അഴിച്ചുപണിയുക എന്നാണർത്ഥം. ഓരോ കാലഘട്ടത്തിലും മർദ്ദിത വിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങളെ സവിശേഷമായ രീതിശാസ്ത്രത്തിലേക്ക് വികസിപ്പിക്കുകയും ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാൻ ഉതകുന്ന തരത്തിലുള്ള



കെ. ആർ. ഗൗരിയമ്മ

പദ്ധതികൾ രൂപപ്പെടണം. അത്തരത്തിലുള്ള വികസനത്തിനേ അവശവിഭാഗത്തെ ഉൾക്കൊള്ളാൻ സാധിക്കൂ. നവോത്ഥാനകാലഘട്ടത്തിലാണ് കേരളത്തിലെ മർദ്ദിതജനത നിലനിൽപ്പിനെയും അതിജീവിതത്തെയും സംബന്ധിച്ച പ്രശ്നങ്ങളെ എതിരിടുന്നത്. നവോത്ഥാനത്തിന്റെ അനന്തരഫലമായി രൂപപ്പെട്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭ ഇതിനുദാഹരണമാണ്. 1957-ലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ റവന്യൂ വിഭാഗം മന്ത്രിയായിരുന്നപ്പോഴാണ് കെ.ആർ. ഗൗരിയമ്മ നിയമസഭയിൽ കാർഷികബന്ധബിൽ അവതരിപ്പിച്ചത്. കുടിയൊഴിപ്പിക്കൽ പൂർണമായി നിരോധിച്ചു. എല്ലാ കുടിയാൻമാർക്കും കുടിയായ്മാവകാശവും സ്ഥിരാവകാശവും ഉറപ്പു നൽകി. കൈവശ ഭൂമിയുടെ ജന്മാവകാശം വാങ്ങുന്നതിനുള്ള അധികാരം കൂടിയാന് നൽകുന്ന ഒരു നിയമമായിരുന്നു കർഷകബന്ധബിൽ.

1957 ഏപ്രിൽ അഞ്ചിനു നിലവിൽ വന്ന ഇ.എം.എസ് മന്ത്രിസഭ അതേവർഷം ഏപ്രിൽ പതിനൊന്നിന് കുടിയാൻമാരായ കൃഷിക്കാരേയും കുടികിടപ്പുകാരെയും അവർ കൃഷി ചെയ്യുന്ന ഭൂമിയിൽ നിന്നും താമസിക്കുന്ന കുടിലിൽ നിന്ന് ഒഴിപ്പിക്കുന്നത് തടയുകയും പാട്ടപിരിവും പാട്ടകുടിശ്ശികയും തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസ് പുറത്തിറക്കുകയും ചെയ്തു.

1964ലെ ഭൂപരിഷ്കരണ നിയമം പി. ടി. ചാക്കോ റവന്യൂ മന്ത്രിയായിരുന്നപ്പോഴാണ് നടപ്പിലാക്കിയത്.



ഡോ. ടി. എൻ. സീമ

1969-ൽ കെ. ആർ. ഗൗരിയമ്മ റവന്യൂ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം എഴുതി തയ്യാറാക്കുകയും പാസാക്കുകയും ചെയ്തു. 1957-ലെ സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് ജന്മികളുടെ കൈവശമുള്ള ഭൂമി 12 ലക്ഷം ഏക്കർ ആയിരുന്നു. ഭൂപരിഷ്ക്കരണ ഭേദഗതിയിലൂടെ ഒരു കുടുംബത്തിനു കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കറായി സ്ഥിരപ്പെടുത്തി.

കാർഷികബന്ധബില്ലിലൂടെ സ്വന്തം ഭൂമിയിലും പാർപ്പിടത്തിലും അന്യവത്കൃതരായി കഴിയേണ്ടി വന്ന മർദ്ദിത ജനവിഭാഗത്തെ അടിമത്തത്തിൽ നിന്ന് ഉടമസ്ഥതയിലേക്കെത്തിക്കാൻ കഴിഞ്ഞു. ഏക്കർ കണക്കിന് ഭൂമി കൈവശം വച്ചിരുന്ന ജന്മിമാരിൽ നിന്ന് അത് പിടിച്ചെടുത്ത് അധ്വാനിക്കുന്ന സാധാരണക്കാർക്ക് ഭൂമിയുടെ അവകാശം ഉറപ്പുവരുത്തി.

ദളിത് വിഭാഗത്തിന്റെ അടിസ്ഥാന വികസനത്തിനും മുന്നേറ്റത്തിനും വേണ്ടി. അഡ്വ. അയിഷാപോറ്റി എം. എൽ. എ. നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കുളക്കട അംബേദ്ക്കർ കോളനിയിലെ എസ്.സി വിഭാഗങ്ങളുടെ ഉന്നമനത്തിനായി റോഡ്, കുടിവെള്ളം എന്നീ പദ്ധതികളും മാലിന്യസംസ്കരണത്തിനായുള്ള ശാസ്ത്രീയമാർഗങ്ങളും നടപ്പിലാക്കി. നിർധനരായ രോഗികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യഫാർമസി, കാരുണ്യ ഡയാലിസിസ് സെന്റർ എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചു. എല്ലാ മാസവും 20 ലക്ഷം രൂപയോളം ചികിത്സാ സഹായ ഫണ്ട് അനുവദിക്കുന്നുണ്ട്.



അഡ്വ. അയിഷാപോറ്റി

സോ. ടി. എൻ.സീമ എം. പിയും ഈ മേഖലയിൽ അടിസ്ഥാന വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് നടത്തുന്നത്. അമ്പൂരി - കാരിക്കുഴി പുരളിമല റോഡ്, കുന്നത്തുകാൽ റോഡ്, തൊടിയൂർ ആശാന്റയ്യത്ത് റോഡ്, ചിറ്റാർ ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റിഹാൾപ്പടി റോഡ്, അഞ്ചാനക്കുഴിഅരപ്പാലം എന്നിവ എസ്. സി, എസ്. ടി മേഖലയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതികളാണ്. വികസനം സൗകര്യങ്ങൾ വർധിപ്പി



പ്രതിഭാഹരി

ക്കാൻ മാത്രമല്ല സാംസ്കാരിക കൂട്ടായ്മകളുടെ രൂപീകരണത്തിനു കൂടിയാണെന്ന ലക്ഷ്യത്തോടെ തുറവൂർ, പുറക്കാട് എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു. മാവേലിക്കര ഐ. ടി. സി യിൽ ദളിത് വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി പുതിയ കെട്ടിടം അനുവദിച്ചു.

തകഴിപഞ്ചായത്തിലും പ്രതിഭാഹരിയുടെ നേതൃത്വത്തിൽ അടിസ്ഥാനവർഗത്തിന്റെ ക്ഷേമത്തിനായി ആയിരം പട്ടികജാതി കുടുംബങ്ങൾക്കായി അടുക്കള പദ്ധതി രൂപീകരിച്ചു. അഗതി ആശ്രയപദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീവഴി പഞ്ചായത്തിലെ ദരിദ്രരായ പത്തോളം പേർക്ക് ഭക്ഷണ പദാർത്ഥങ്ങളും വസ്ത്രവും വീട്ടിലെത്തിച്ചു നൽകി. ഇ.എം. എസ് സമ്പൂർണ്ണ ഭവനപദ്ധതിയിൽ 172 വീടുകൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി നൽകി.

ഏറ്റവും താഴേത്തട്ടിലുള്ള ജനങ്ങളുടെ മുന്നേറ്റത്തിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സ്വയം പര്യാപ്തതയിലേക്ക് കൊണ്ടുവരാൻ ഈ പദ്ധതികളിലൂടെ ഒരു പരിധി വരെയെങ്കിലും സാധിക്കുന്നുണ്ട്.

### പരിസ്ഥിതിയും വികസനവും

പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിയുടെ പ്രവർത്തനത്തിനെതിരെ മയിലമ്മയുടെ നേതൃത്വത്തിൽ നടന്ന സമരം പാരിസ്ഥിതികാധിനിവേശത്തിനെതിരെയുള്ളതായിരുന്നു. ഇത്തരം പ്രതിരോധങ്ങൾ രൂപപ്പെട്ടുവരുന്നത് വികസനമെന്ന സങ്കല്പത്തിൽ പരിസ്ഥിതിയെ പരിഗണിക്കാതിരിക്കുമ്പോഴാണ്. വിഭവങ്ങളുടെ ഉപയോഗം ഭാവിയെ കണക്കാക്കി എല്ലാ വിഭാഗം ജനതയെയും പങ്കാളിയാക്കിക്കൊണ്ടുള്ളതാവണം. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ നിലനിർത്തിക്കൊണ്ട് ചുറ്റുപാടുകൾക്ക് അനിയോജ്യമായ വിധത്തിൽ നയരേഖകൾ രൂപീകരിക്കുമ്പോൾ മാത്രമേ വികസനം ക്രിയാത്മകമാകുന്നുള്ളൂ.

വികസനപദ്ധതികൾ രൂപീകരിക്കുമ്പോൾ പാരിസ്ഥിതിക വിഷയങ്ങളെ അഭിസംബോധന ചെയ്യാൻ

പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിയുടെ പ്രവർത്തനത്തിനെതിരെ മയിലമ്മയുടെ നേതൃത്വത്തിൽ നടന്ന സമരം പാരിസ്ഥിതികാധിനിവേശത്തിനെതിരെയുള്ളതായിരുന്നു. ഇത്തരം പ്രതിരോധങ്ങൾ രൂപപ്പെട്ടുവരുന്നത് വികസനമെന്ന സങ്കല്പത്തിൽ പരിസ്ഥിതിയെ പരിഗണിക്കാതിരിക്കുമ്പോഴാണ്. വിഭവങ്ങളുടെ ഉപയോഗം ഭാവിയെ കണക്കാക്കി എല്ലാ വിഭാഗം ജനതയെയും പങ്കാളിയാക്കിക്കൊണ്ടുള്ളതാവണം.

വനിതാ ജനപ്രതിനിധികൾക്ക് കഴിയുന്നുണ്ടോ എന്ന അന്വേഷണമാണ് ഈ ഭാഗത്ത് നടത്തുന്നത്.

കൊട്ടാരക്കരയിലെ മൂന്ന് പഞ്ചായത്തുകളിലൂടെ ഒഴുകുന്ന പുലമൺ



മയിലമ്മ

തോടിനെ മാലിന്യമുക്തമാക്കി അരികുകെട്ടി സംരക്ഷിക്കുന്ന പദ്ധതി അയിഷാപോറ്റി എം.എൽ.എ ആവിഷ്ക്കരിച്ചു. തോടു കയറിയുള്ള കൈയ്യേറ്റ ശ്രമങ്ങൾ ഒഴിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. വെളിയം പഞ്ചായത്തിലുള്ള മുട്ടറയെ പരിസ്ഥിതി സൗഹാർദ്ദ പഞ്ചായത്തായി പ്രഖ്യാപിച്ചുകൊണ്ട് മുട്ടറപാറയെ സംരക്ഷിക്കുന്നു. മീൻപിടിപാറ ഇക്കോ ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് 50 ലക്ഷം രൂപയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. മാലിന്യനിർമാർജനത്തിലും അയിഷാപോറ്റി എം. എൽ. എ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൊട്ടാരക്കര മാർക്കറ്റിലും പരിസര പ്രദേശങ്ങളിലുമുള്ള മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനായി ഉഗ്രംകുന്ന് കേന്ദ്രമാക്കി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പരിസ്ഥിതി സൗഹാർദ്ദവികസന വഴികൾ തിരഞ്ഞെടുത്താണ് ടി. എൻ. സീമ എം. പി പ്രവർത്തിക്കുന്നത്. രോഗികൾക്ക് മെഡിക്കൻ കോളേജിനുള്ളിൽക്കൂടിയുള്ള യാത്ര സൗകര്യപ്രദമാക്കുന്നതിന് ഇലക്ട്രിക് കാർ നൽകി. പുത്തരിക്കണ്ടം, ശംഖുമുഖം എന്നിവിടങ്ങളിൽ പബ്ലിക്ക് സാനിട്ടേഷനുവേണ്ടി ഇ-ടോയ്ലറ്റ് സ്ഥാപിച്ചു. ശാസ്ത്രീയമായ മാലിന്യ നിർമാർജനത്തിനായി ചെമ്പഴന്തി എസ്. എൻ കോളേജിൽ എയ്റുബിക്ബിൻ സ്ഥാപിച്ചു. മണക്കാട് ഗവൺമെന്റ് സ്കൂളിലും, കോട്ടൺഹിൽ സ്കൂളുകളിലും സ്റ്റീം കിച്ചൻ പ്രവർത്തിപ്പിക്കുവാൻ വേണ്ട ഫണ്ട് നൽകി. ഊർജ്ജം പാഴാക്കാതെ ഏറ്റവും വേഗത്തിൽ പാകം ചെയ്യാൻ കഴിയുന്ന സ്റ്റീം കിച്ചൻ, മാലിന്യം പുറംതള്ളാതെ ഉള്ളിൽത്തന്നെ നിർമ്മാർജനം ചെയ്യുന്ന ഇ-ടോയലറ്റുകൾ, പരിസര മലിനീകരണം ഉണ്ടാക്കാത്ത ഇലട്രിക്ക്കാറുകൾ എന്നിവ പരിസ്ഥിതിയുടെ ഭാവിയെ പരിഗണിച്ചുകൊണ്ടുള്ള വികസനമാർഗങ്ങളാണ്.

ഹരിതഗ്രാമമെന്ന പൊതു സങ്കല്പത്തെ അടിസ്ഥാനമാക്കിയാണ് തകഴി പഞ്ചായത്തിന്റെ വികസന രൂപരേഖകൾ നിർണയിച്ചിട്ടുള്ളത്. പ

ഞ്ചായത്തിലെ തോടുകൾ ആഴം കൂട്ടി മാലിന്യമുക്തമാക്കി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും അവ സംരക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്. സാംസ്കാരിക വികാസത്തിന്റെ മാർഗരേഖകൾ കൂടിയായ ജലസംഭരണികളുടെ സംരക്ഷണം വിഭവങ്ങളുടെ നീക്കിവയ്പു മാത്രമല്ല സാംസ്കാരിക ചരിത്രത്തിന്റെ സംരക്ഷണം കൂടിയാണ്.

സ്ത്രീയും വികസനവും

ഒരു സമൂഹത്തിന്റെ പുരോഗതി ആ സമൂഹത്തിലെ സ്ത്രീകളുടെ പദവിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മാർക്സ് അഭിപ്രായപ്പെടുന്നു. തുല്യപങ്കാളിത്തത്തോടെ പുരുഷനും സ്ത്രീയും രാഷ്ട്രീയ- സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കാൻ പ്രാപ്തിയുണ്ടാക്കുന്ന വികസനസങ്കല്പങ്ങൾക്കേ ജനാധിപത്യപരമായി പ്രവർത്തിക്കാൻ കഴിയൂ. നൂറ്റാണ്ടുകളായുള്ള പുരുഷാധിപത്യം രൂപപ്പെടുത്തിയ കർത്തൃത്വത്തിൽ നിന്ന് പുറത്തുകടക്കാനും ആധിപത്യതന്ത്രങ്ങളെ പ്രതിരോധിക്കാനും സ്വാതന്ത്ര്യത്തിലൂടെ സ്വയം നിർണയിക്കാനുമുള്ള അവകാശത്തിലേക്ക് പെണ്ണിനെ എത്തിക്കാൻ കഴിയുന്ന വികസനവഴികൾ രൂപപ്പെടണം. അത്തരം വികസനത്തിലൂടെ മാത്രമേ വസ്തുവത്ക്കരിക്കപ്പെട്ട സ്ത്രൈണാവസ്ഥകളെ വിമോചനാത്മകമായി പരിവർത്തിപ്പിച്ചുകൊണ്ട് പൊതു ഇടത്തിലെ സംവാദാത്മക തുറസുകളിൽ പെണ്ണിനു കൂടി പങ്കാളിത്തം ലഭിക്കുകയുള്ളൂ.

സ്ത്രീകളിൽ സാമ്പത്തിക സ്വാശ്രയത്വം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാന്നാനം കോണത്ത് ടി. എൻ. സീമ എം. പിയുടെ വികസന പദ്ധതിയിൽ നിന്നും തൊഴിൽ പരിശീലന കേന്ദ്രം നടപ്പിലാക്കുന്നു. ലൈംഗികാതിക്രമം നേരിട്ട സ്ത്രീകളെ തിരികെ സാധാരണ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരാനും ചികിത്സയ്ക്കും, താമസത്തിനുമായി പേരൂർക്കട ഷോർട്ട് സ്റ്റേ ഹോം, സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാര സംരക്ഷണത്തിനായി ഇരവിപേരൂർ പഞ്ചായത്തിലെ കുടും

> സ്ത്രീയെ ശീലിപ്പിച്ചെടുക്കുന്ന സാമാന്യബോധവും പൊതുജീവിതവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. പുരുഷാധിപത്യം നിർമ്മിച്ചെടുക്കുന്ന ഇത്തരം വിടവുകളെ പ്രതിരോധിച്ചും നിയന്ത്രിച്ചും തട്ടിത്തെറിപ്പിച്ചുമാണ് ഓരോ സ്ത്രീയും രാഷ്ട്രീയാധികാരത്തിലേക്കെത്തുന്നത്. നിരന്തരം നിയന്ത്രിച്ചിരുന്ന സമൂഹത്തിലെ വിലക്കുകളിൽ നിന്നുള്ള കുതറിമാറൽ കൂടിയാണിത്.

ബശ്രീയുമായി സഹകരിച്ച് ന്യൂട്രിഷ്യസ് ഫുഡ് പ്രോജക്ട്.

പ്രതിഭാഹരി നേതൃത്വം വഹിക്കുന്ന തകഴി പഞ്ചായത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുകയും അതിനുള്ള പരിശീലനം നൽകുകയും ചെയ്തു. തയ്യൽ, കേറ്ററിംഗ് പരിശീലനം എന്നിവ നടത്തി. സ്ത്രീകളെ സാംസ്കാരികമായി മുന്നോട്ട് കൊണ്ടുവരാനും പൊതുരംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനെപ്പറ്റി ബോധമുണ്ടാക്കാനും വേണ്ടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഓറിയെന്റേഷൻ ക്ലാസുകൾ സംഘടിപ്പിച്ചു. സാമൂഹിക രാഷ്ട്രീയ മേഖലകളിലെ സ്ത്രീയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ഇത്തരം ക്ലാസ്സുകൾ പ്രയോജനപ്പെട്ടിട്ടുണ്ട്.

സാമ്പത്തിക സ്വാശ്രയത്വം, ബോധവത്കരണം ആരോഗ്യം, എന്നിവയെ മുന്നിൽ കണ്ടുള്ള വികസന രീതികളാണ് പൊതുവേ സ്വീകരിക്കുന്നത്. സ്ത്രീ മുന്നേറ്റത്തിനുള്ള ആദ്യഘട്ടം സാമ്പത്തിക സുരക്ഷിതത്വമാണ്. പുരുഷന്റെ ആശ്രയത്തിൽ നിന്നും അവളെ പുറത്തുകൊണ്ടുവരാൻ ഇതിലൂടെ കഴിയുന്നു.

സ്ത്രീയെ ശീലിപ്പിച്ചെടുക്കുന്ന സാമാന്യബോധവും പൊതുജീവിതവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. പുരുഷാധിപത്യം നിർമ്മിച്ചെടുക്കുന്ന ഇത്തരം വിടവുകളെ പ്രതിരോധിച്ചും നിയന്ത്രിച്ചും തട്ടിത്തെറിപ്പിച്ചുമാണ് ഓരോ സ്ത്രീയും രാഷ്ട്രീയാധികാരത്തിലേക്കെത്തുന്നത്. നിരന്തരം നിയന്ത്രിച്ചിരുന്ന സമൂഹത്തിലെ വിലക്കുകളിൽ നിന്നുള്ള കുതറിമാറൽ കൂടിയാണിത്. അവർ നടപ്പിലാക്കുന്ന ഓരോ വികസന പദ്ധതിയും സാമൂഹിക പുരോഗമനത്തോടൊപ്പം സ്വയം പ്രഖ്യാപനം കൂടിയായിതീരുന്നത് വ്യവസ്ഥാപിതഘടനകളെ ലംഘിച്ചുകൊണ്ടാണ്. ഗൗരിയമ്മയും, ടി. എൻ സീമയും, അയിഷാപോറ്റിയും, പ്രതിഭാഹരിയും പ്രതിനിധികൾ മാത്രമാണ്, അറിയപ്പെടാതെയും പറയപ്പെടാതെയും ചരിത്രത്തിന്റെ ഓരങ്ങളിൽ തള്ളിനീക്കിയ ജനപ്രതിനിധികളുടെ സാക്ഷ്യങ്ങൾ. വികസനമെന്നാൽ പഞ്ചനക്ഷത്രഹോട്ടലുകളുടെ നിർമ്മാണമല്ലെന്നും ഏറ്റവും താഴേത്തട്ടിലുള്ള അധഃകൃത വർഗത്തിന്റെ മുന്നേറ്റമാണെന്നും ഇവരുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു.

നൂറ്റാണ്ടുകളായി പുരുഷന്മാർ നിരന്തരം ഭരിച്ചുകൊണ്ടിരുന്നിട്ടും സ്ത്രീ-ദളിത് പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിർണായകമായി ഇടപെടാനോ മികച്ച വികസന രൂപരേഖകൾ തയ്യാറാക്കാനോ കഴിഞ്ഞിട്ടില്ല എന്നതിന്റെയും തെളിവുകൾ കൂടിയാണ് ആദ്യഘട്ടത്തിലോ അതിലും മുന്നിലോ ആയി എത്തി നിൽക്കുന്ന വികസന പ്രവർത്തനങ്ങൾ. പുരുഷഭരണാധികാരികൾ അവശേഷിപ്പിച്ച പരിമിതികളെ മിറകടക്കാനും ഭരണത്തെ ക്രിയാത്മകത വ്യവഹാരമായി വികസിപ്പിക്കാനും കഴിഞ്ഞു എന്നിടത്താണ് വനിതാപ്രതിനിധികൾ വ്യത്യസ്തരാവുന്നത്.

*കൃഷ്ണ അരവിന്ദ് - ഗവേഷക, മലയാള വിഭാഗം, കേരളസർവകലാശാല*

കഥ




സിൽവിക്കുട്ടി ജോസഫ്

# ക്രമസമാധാനം

“ആ മുടിഞ്ഞ തള്ള പഠിപ്പിച്ചുവച്ചിരിക്കുന്ന ഓരോ ശീലങ്ങള്!”

ചായ കപ്പിൽ പകർന്ന് കട്ടിൽത്തലയ്ക്കലെ മേശയിൽ കൊണ്ടുപോയി ഭദ്രമായി മൂടിവയ്ക്കുന്നതിനിടയിൽ മേഴ്സി പിറുപിറുത്തു. രണ്ടുകൊല്ലം മുൻപ് ചത്തു മണ്ണടിക്കാവിൽപോയ അമ്മായിയമ്മയെ പ്രാകിപ്പോയതിൽ മനംനൊന്ത മേഴ്സി തൊട്ടടുത്ത നിമിഷംതന്നെ പാപമോചനത്തിനായി പ്രാർത്ഥിച്ചു. എങ്കിലും ന്യായവിചാരം നടത്തി.

‘എന്തുചെയ്യാനാണ്! പ്രാകാതെങ്ങനിരിക്കും? മൂന്നാൺതരികളാ തള്ളയ്ക്കു പിറന്നത്. ഭാവിയിൽ വന്നുകയറേണ്ട മരുമക്കൾക്ക് പാരപണിയുംവിധം ദുശ്ശീലന്മാരാക്കിയാ മൂന്നിനേം വളർത്തിയത്. തള്ളയ്ക്കുവേറെ പണിയൊന്നുമില്ലായിരുന്നല്ലോ. എന്റെ മക്കളൊറങ്ങിക്കോട്ടേന്നും പറഞ്ഞ് ഉച്ചിയിൽ വെയിലടിക്കുന്നതുവരെ കിടന്നുറങ്ങാനനുവദിച്ചു. ഉണരുമ്പോൾ നല്ല ചൂടുചായ കട്ടിലിൽ; അതും ഓരോരുത്തനിഷ്ടപ്പെട്ട ചൂട് തെർമ്മോമീറ്റർ വച്ച് അളന്നു തിട്ടപ്പെടുത്തിയത്. ചായ മോന്തിയിട്ട് ഓരോ ഗ്ലാസ്സ് ചൂടുവെള്ളം വേറെ. കണ്ണും തിരുമ്മിയെഴുന്നേറ്റാൽ പല്ലുതേക്കാനും കുളിക്കാനുമൊക്കെ ചെറുചൂടുവെള്ളം. തണുത്ത വെള്ളം തൊട്ടാൽ നീരിളകി ചത്തുപോകുമല്ലോ. കുളിക്കാൻനേരം എല്ലാം വലിച്ചൂരി ഒരേറാണ്.



എത്തുന്നിടത്തെത്തും. കുനിഞ്ഞും നിവർന്നും നടന്ന് അതൊക്കെ പെറുക്കിക്കൂട്ടി അലക്കിവെളുപ്പിച്ചുണക്കണം. (കത്ത I ക്ക ാ  നാണ് തോന്നുക!)

പിന്നെ ഊരിയെറിഞ്ഞ ഉറകൾക്കു പകരമണിയാനുള്ളവ തേച്ചുമടക്കി ഒന്നിനുമുകളിലൊന്നായി അടുക്കിക്കെട്ടിവയ്ക്കണം. കുളികഴിഞ്ഞ് രാസ്നാദിപ്പൊടി തിരുമ്മിക്കൊടുക്കുമായിരുന്നു തള്ള! എനിക്കിപ്പം മനസ്സില്ല! മേഴ്സി മുരണ്ടു. തള്ളമാർക്ക് ഒരു പണിയുമില്ലെങ്കിൽ ആൺമക്കളെ വളർത്തി വഷളാക്കും; ഒറപ്പ്!

എല്ലാത്തിനും കെടന്നു വിളിയാണ്. എന്റെ ഷൂസ്... എന്റെ ബാഗ്... എന്റെ കുട... കണ്ണാടി... പൊത്തകം... ഹോ!... മുടിഞ്ഞുപോകാൻ! കുറെക്കൂടി വെഷമം പിടിച്ച പേരിടാമായിരുന്നു. വല്ല നവരത്ലോവ ഫെർണാണ്ടസ് എന്നോ മറ്റോ... മേഴ്സീ... മേഴ്സീ എന്ന് കിടന്നലറാൻ എന്തെളു

പ്പമാണ്! ഒരുതരി സ്നേഹം ചേർക്കില്ല വിളിയിൽ പണ്ടാരക്കാലൻ! ഷുഗറുപേടിച്ച് ചായയിൽ പഞ്ചാരയിടില്ല. അതുപോലെ തന്നാ... ഒരിത്തിരിമധുരം ജീവിതത്തിലും ചേർക്കില്ല ദുഷ്ടൻ!

അടുക്കളയിലെ പതിനായിരം കൂട്ടം പണികൾക്കിടയിലാണ് “പത്രമെവിടെ? കണ്ണാടിയെവിടെ? എനിക്കൊന്നിരിക്കാൻ എന്റെ സ്വന്തം ചന്തിയെവിടെ” ഇത്യാദി ചോദ്യങ്ങൾ. അല്ല! ഞാനോർക്കുവാ... ഈ ആണുങ്ങൾ ഇത്രയ്ക്ക് സ്വയംപര്യാപ്തതയില്ലാത്തവരാണോ. എന്തിനും ഏതിനും പെണ്ണിന്റെ സേവനം വേണം. എന്നാൽ വീരവാദം കേട്ടാലോ! ഇന്നാളൊരുത്തൻ ഓഫീസിലിരുന്നു പറയുകാ... കല്യാണം കഴിച്ചതോടെ ജീവിതം പോയെന്ന്. പോയിപോലും! പെണ്ണുകെട്ടിയില്ലെങ്കിൽ അമ്മമാരുടെ കാലശേഷം ഇവന്മാരൊക്കെ എങ്ങനെ ജീവൻ നിലനിർത്തുമായിരുന്നു! വീരസ്യത്തിനൊരു കുറവുമില്ല! കല്യാണം കഴിക്കുന്നതോടെ പുരുഷന്മാർക്കു വന്നുചേരുന്ന മഹാഭാഗ്യങ്ങളെന്തൊക്കെയാണെന്നു നോക്കണേ...

ധനം! സ്ഥാനമാനങ്ങൾ! സുഖം... പത്തു പൈസ കൂടി വാങ്ങാത്ത ഫുൾടൈം വേലക്കാരി. പുറത്തൊരു പട്ടിപോലും മൈൻഡുചെയ്യാത്തവനെയും ബഹുമാനിച്ചാദരിച്ച് ഓച്ഛാനിച്ചു നിൽക്കാൻ. ഒരുത്തി! സ്വന്തം പാരമ്പര്യത്തിൽ കുട്ടികൾ! പിന്നെവിടം കൊണ്ടാ ഇവന്മാരുടെയൊക്കെ ജീവിതം പോയതെന്റെയീശ്വരാ... കാര്യങ്ങൾ മനസ്സിലാക്കാനുള്ള വിവേകം ഇതുങ്ങൾക്കുകൊടുക്കണേ... എന്നു പ്രാർത്ഥിച്ചുകൊണ്ട് മേഴ്സി അടുക്കളയിൽ പമ്പരം പോലെ തിരിഞ്ഞു.

ക്രിസ്തുവിനുമുമ്പുള്ള ഭക്ഷണശീലങ്ങളാ ഇവിടൊരാൾക്ക്. അതും ആ ചത്തുപോയ തള്ള കഷ്ടപ്പെട്ടുപഠിപ്പിച്ചതാണ്.

അരയ്ക്കലും പൊടിക്കലും വേവിക്കലുമെല്ലാം പ്രത്യേക രീതിയിൽ. മിക്സിയും കുക്കറുമൊന്നും പാടില്ലെന്നൊന്നു കസറിനോക്കിയതാണ്. അമ്മ എല്ലാം അരച്ച്... പൊടിച്ച്... അടുപ്പിൽ തിളപ്പിച്ച്... എന്ന് സെന്റിയടിച്ചും നോക്കി. സമ്മതിച്ചില്ല ഞാൻ. പോയി പണിനോക്കാൻ പറഞ്ഞു. എന്നാലും എന്റീശ്വരാ... അടുക്കളയിൽ ഗവേഷണമായിരുന്നോ ആ തള്ളയ്ക്കു പണി! എന്തെല്ലാമാ പഠിപ്പിച്ചു വച്ചിരിക്കുന്നത്! അതിപുരാതന രുചികൾ ഊട്ടിയൂട്ടി വളർത്തി വകയ്ക്കുകൊള്ളാത്തവരാക്കി.

ദോശ - പേപ്പറുപോലെ... പുട്ടു പഞ്ഞിപോലെ... ചപ്പാത്തി തലയണപോലെ... അപ്പം അരിപ്പപോലെ... പണ്ടാരമടങ്ങാൻ! ഇതെല്ലാം വച്ചും വിളമ്പിയും മരിക്കുന്ന ആളെപ്പറ്റി മാത്രം ഒരു സങ്കല്പവുമില്ല. ഒരു ദിവസം ഓഫീസിൽനിന്നും ഓടിപ്പാഞ്ഞു വരുന്നത് തലയില്ലാതെയാണെന്നിരിക്കട്ടെ! അറിയില്ല! ബാക്കി ഉപയോഗപ്രദമായ ഭാഗങ്ങളെല്ലാമുണ്ടല്ലോ.

അതോർത്തപ്പോൾ മേഴ്സിയുടെ ചിന്തകൾ മുറിഞ്ഞു. കണ്ണിൽ ഒരു നീറ്റലനുഭവപ്പെട്ടു. വല്ലാത്ത ക്ഷീണം.

ദാ... അയാൾ പത്രം വായന കഴിഞ്ഞു. ചിതറിയ പത്രത്താളുകൾ സന്ദർശകമുറിയാകെ നിറയുന്നുണ്ട്. ഫാൻ ഓഫ് ചെയ്തിട്ടില്ല.

മേഴ്സീ... ബ്രേക്ഫാസ്റ്റായില്ലേയെന്നു ചോദിക്കാനായി അയാളുടെ വായ തുറന്നുവരുന്നത് അവൾ ഭാവനയിൽ കണ്ടു. ഇടയ്ക്കൊന്നിരിക്കാൻ അടുക്കളയിലിട്ട സ്റ്റൂളിൽ അവൾ ഇരുന്നതേയില്ലായിരുന്നു. വേദനിക്കുന്ന നടുവിന് കൈകൊടുത്ത് അവളൊന്നു പുറകോട്ടുവളഞ്ഞു.

“നീയവിടെ എന്തെടുക്കുവാ... ഒന്നും കഴിഞ്ഞില്ലേ... ഓഫീസിൽ പോവണ്ടേ നിനക്ക്? ഇന്നാ പി.എഫ്. ലോണിനെഴുതി കൊടുക്കാൻ മറക്കരുത്. പൈസ അത്യാവശ്യമാ.”

അമ്മായിയമ്മയെ ചുമ്മാ ഒരിക്കൽക്കൂടി പ്രാകിക്കൊണ്ട് മേഴ്സി സ്റ്റൂളിനിട്ട് ഒരു തൊഴി വച്ചുകൊടുത്തു. വലിയ ശബ്ദത്തോടെ സ്റ്റൂൾ നിലത്തുവീണ് അടുക്കളയിലെ ക്രമസമാധാനം തകർത്തു.

*ഡോ.സിൽവിക്കുട്ടി ജോസഫ് - മലയാളവിഭാഗം മേധാവി, മഹാരാജാസ് കോളേജ്.*




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 200/-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs......................................DD/MO അയക്കുന്നു. എന്ന്..................................................

മേൽവിലാസം.......................................................................................................................

.............................................................................................................................പിൻ.................................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



രശ്മി ജി.

# ചെങ്കൽച്ചൂളയിലെ ജീവിതം – അതിജീവനത്തിന്റെ പെൺഭാഷ്യങ്ങൾ

ധനൂജ കുമാരി/രശ്മി ജി.




തിരുവനന്തപുരം നഗരമധ്യത്തിലെ ചെങ്കൽചൂള കോളനിക്ക് പറയാൻ ഒരുപാടു ചരിത്രമുണ്ട്. കോളനിയ്ക്കു പുറത്തുള്ള തിരുവനന്തപുരം നിവാസികൾ ഭയത്തോടെയും കൗതുകത്തോടെയും വെറുപ്പോടെയും നോക്കിക്കൊണ്ടിരിക്കുന്ന ചെങ്കൽച്ചൂള കോളനിയിൽ നിന്നും കോളനിയുടെ ഇരുട്ടും വെളിച്ചവും സ്വജീവിതത്തിൽ ഏറെ അനുഭവിച്ചറിഞ്ഞ ധനൂജ കുമാരി ആത്മകഥയെഴുതുമ്പോൾ വ്യവസ്ഥാപിത അക്കാദമിക് പണ്ഡിതർ തട്ടിവിടുന്ന അക്കാദമിക് പ്രവചനങ്ങൾക്കപ്പുറം ആത്മകഥ ഒരു ദേശത്തിന്റെ ചരിത്രമായി മാറുന്നു. നാഗരിക സംസ്കൃതിയുടെ ചെളിക്കുണ്ടായി നിലനിർത്തപ്പെടാൻ വിധിക്കപ്പെട്ട ചെങ്കൽച്ചൂള കോളനിയുടെ അതിജീവനത്തിന്റെ ചരിത്രപാഠങ്ങളാണ് ധനൂജകുമാരിയുടെ ആത്മകഥയിൽ തെളിയുന്നത്. "ശ്രീ ചിത്രാഹോമിൽനിന്ന് അച്ഛമ്മയെയും പപ്പയുടെ നാലു സഹോദരങ്ങളെയും അവർ ഇറക്കിവിട്ടു. അങ്ങനെ മറ്റൊരിടവും അഭയമില്ലാതെ അവർ ചെങ്കൽച്ചൂ

ളയിലെത്തി" സ്വന്തം വംശത്തിന്റെ ചരിത്രം പറയുന്ന ധനൂജയുടെ അനുഭവങ്ങളിൽ സ്ക്കൂളിലെ ജാതീയ വിവേചനങ്ങൾ, വരേണ്യ സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകൾ എന്നിവയെല്ലാം നിറയുന്നുണ്ട്. തന്റെ മക്കളുടെ നേരേയും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള വേർതിരിവുകൾ ഉണ്ടായപ്പോൾ അതിനു മുന്നിൽ സധൈര്യം നില്ക്കാനുള്ള കരുത്ത് നല്കിയത് ചെങ്കൽച്ചൂളയിലെ അനുഭവങ്ങളായിരുന്നു. സ്വന്തം ദാമ്പത്യജീവിതം പരാജയപ്പെടുമ്പോൾ പുരുഷനെ പഴിച്ച് സ്വയം ഫെമിനിസ്റ്റിന്റെ മുഖം മൂടിയണിയുന്ന മധ്യവർഗ്ഗ സ്ത്രീത്വത്തിന്റെ വഴിയേ സഞ്ചരിക്കാത്ത ധനൂജ പരാജയപ്പെട്ട ദാമ്പത്യ ജീവിതത്തെ തിരിച്ചുപിടിച്ച് പ്രതിസന്ധികളെ അതിജീവിച്ച് ഭർത്താവും മക്കളുമൊത്തുള്ള ഒരു നല്ലകുടുംബജീവിതം ഒരുക്കിയെടുത്തു. അതിജീവനത്തിന്റെ വലിയ പാഠങ്ങളാണ് ധനൂജ ആത്മകഥയിലൂടെ സമൂഹത്തിന് കൊടുക്കുന്നത്. ആത്മകഥ പ്രസിദ്ധീകരിച്ചെങ്കിലും എഴുത്തുകാരിയായും സാഹിത്യകാരിയായും വരേണ്യസമൂഹം അംഗീകരിക്കാത്ത ധനൂജ തന്റെ സാമൂഹ്യസാഹചര്യ അവസ്ഥകൾ തുറന്നു പറയുന്നു.

**കേരളത്തിലെ കോളനിയിൽ നിന്നുമുണ്ടാകുന്ന ആദ്യ ആത്മകഥയാണ് ധനൂജകുമാരിയുടേത്. പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം പൊതു സമൂഹത്തിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ എന്തൊക്കെയായിരുന്നു?**

കോളനിക്കു പുറത്തുള്ളവരുടെ പ്രധാന ലക്ഷ്യം കോളനിയിലുള്ളവരെ തമ്മിലടിപ്പിക്കുകയെന്നുള്ളതാണ്. പുറത്തുനിന്നുള്ളവർ വെറുപ്പോടെയും ഭീതിയോടെയുമാണ് ചെങ്കൽചൂള കോളനിയെ നോക്കുന്നതും വിലയിരുത്തുന്നതും. അത്തരക്കാരുടെ മനോഭാവങ്ങളെ മാറ്റുവാനാണ് ഞാൻ ഈ പുസ്തകമെഴുതിയപ്പോൾ ലക്ഷ്യമിട്ടിരുന്നത്.

ചെങ്കൽചൂളയിലെ എന്റെ സഹോദരങ്ങൾ പൊതുസമൂഹത്തിൽ നിന്നും നേരിടുന്ന അവഗണനകൾ മാറണം. അവർ അംഗീകരിക്കപ്പെടണം. പുസ്തകം വായിച്ചതിനുശേഷം നിരവധിപേർ വിളിച്ചു അവർക്കെല്ലാം ചെങ്കൽ ചൂള കാണണമെന്നു താല്പര്യം പ്രകടിപ്പിക്കുന്നു. അതു വലിയ കാര്യമാണ്. നെഗറ്റീവ് ഏരിയ ആയ ചെങ്കൽചൂള പോസിറ്റീവ് ഏരിയ ആയി മാറുന്നു.

അല്ലാതെ എനിക്കുപേരും പ്രശസ്തിയും നേടുവാനല്ല ഞാൻ എഴുതിയത്. ചെങ്കൽചൂളയിലെ എന്റെ സഹോദരങ്ങൾ പൊതുസമൂഹത്തിൽ നിന്നും നേരിടുന്ന അവഗണനകൾ മാറണം. അവർ അംഗീകരിക്കപ്പെടണം. പുസ്തകം വായിച്ചതിനുശേഷം നിരവധിപേർ വിളിച്ചു. അവർക്കെല്ലാം ചെങ്കൽ ചൂള കാണണമെന്നു താല്പര്യം പ്രകടിപ്പിക്കുന്നു. അതു വലിയ കാര്യമാണ്. നെഗറ്റീവ് ഏരിയ ആയ ചെങ്കൽചൂള പോസിറ്റീവ് ഏരിയ ആയി മാറുന്നു.

**ഇപ്പോൾ നിരവധി സ്ത്രീ ആത്മകഥകൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. ധനൂജയുടെ ആത്മകഥ അതിൽ വ്യത്യസ്തമാകുന്നത് ഒരു പ്രദേശത്തിന്റെ ജനതയുടെ പ്രതിനിധാനത്തിന്റെ പേരിലാണ്. ആത്മകഥയിൽ തുറന്നെഴുത്തുകളാണ് പ്രാധാന്യമർഹിക്കുന്നത്. പൂർണ്ണമായും എല്ലാം തുറന്നെഴുതുവാൻ കഴിഞ്ഞുവോ?**

എഴുത്തിൽ പരമാവധി സത്യസന്ധത പുലർത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ജീവിത സാഹചര്യങ്ങൾകൊണ്ട് ഒമ്പതാംക്ലാസിൽ പഠനം നിറുത്തേണ്ടിവന്നു. ആ ഒമ്പതാം ക്ലാസുകാരിയുടെ അറിവിൽ നിന്നു കൊണ്ടാണ് എന്റെ അനുഭവങ്ങളെ അവതരിപ്പിക്കുന്നത്. ആത്മകഥയുടെ എഴുത്ത് നിർവഹിച്ച വിജില ചിറപ്പാടുമായി വലിയ ആത്മബന്ധമുണ്ട്. പുസ്തകമെഴുതുമ്പോൾ അതിൽ 'ധനൂജ'യുടെ ഭാഷമതി. ആർക്കും മനസിലാകാത്ത ഉയർന്ന നിലവാരമുള്ള ഭാഷകൾ വേണ്ടെന്നു വിജിലയോട് പറഞ്ഞിരുന്നു. എന്നെ അറിയുന്നവർ എന്നെ കളിയാക്കുവാൻ പാടില്ലല്ലോ? വിജില നന്നായി പുസ്തകം എഡിറ്റു ചെയ്തു. അതിന്റെ ഗുണവും പുസ്തകത്തിനുണ്ട്. പിന്നെ എല്ലാം തുറന്നു പറയുക എന്നു പറയുന്നത്, 16-ാം വയസ്സിൽ വിവാഹം കഴിഞ്ഞതുമുതലുള്ള എന്റെ ജീവിതത്തിന്റെ കഥയാണ് പ്രധാനമായും ആത്മകഥയിൽ പറഞ്ഞിരിക്കുന്നത്. അതിൽ ഓർമ്മയിലുള്ളതെല്ലാം സത്യസന്ധമായി പറയുവാൻ ശ്രമിച്ചിട്ടുണ്ട്.

**സ്ത്രീ ആത്മകഥകൾ പ്രസിദ്ധീകരിക്കുമ്പോൾ അത് സ്ത്രീ സംഘടനകൾ, ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഏറ്റെടുക്കുവാൻ ശ്രമിക്കാറുണ്ട്. അത്തരത്തിൽ ഉള്ള ഇടപെടലുകൾ ആരുടെയെങ്കിലും ഭാഗത്തു നിന്നുണ്ടായിട്ടുണ്ടോ ?**

സ്ത്രീ സംഘടനകളോ, പ്രസ്ഥാനക്കാരോ ആ രീതിയിൽ എന്നെ സമീപിച്ചിട്ടില്ല. ഒരു പക്ഷേ ഞാൻ ഒരു കോളനിക്കാരിയായതുകൊണ്ടാവാം, അല്ലെങ്കിൽ ജാതിപരമായി താഴെ ആയതുമാവാം കാരണം. പക്ഷേ ടി.എൻ സീമടീച്ചർ ആത്മകഥയെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് പറഞ്ഞത്. ഞങ്ങളുടെ കുടുംബവുമായി വളരെ അടുത്ത ബന്ധമാണ് ടി.എൻ സീമയ്ക്കുള്ളത്. എന്റെ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ പോലും ടീച്ചർ സഹായിച്ചിരുന്നു. ഞങ്ങൾക്ക് തീർത്താൽ തീർത്ത കടപ്പാടുണ്ട്. പിന്നെ

എന്റെ ആത്മകഥ സ്വീകരിക്കപ്പെടുന്നത് ഒരുപക്ഷേ എന്റെ കാലശേഷമായിരിക്കാം. പലരും അംഗീകരിക്കപ്പെടുന്നത് മരണശേഷമാണല്ലോ.

**ധനൂജകുമാരിയുടെ ആത്മകഥ ധനൂജയുടെ മാത്രം ചരിത്രമല്ല, ചെങ്കൽച്ചൂളയുടെ കൂടി ചരിത്രമാണ്. കോളനിയിലുള്ളവരുടെ പ്രതികരണങ്ങൾ എങ്ങനെയായിരുന്നു?**

കോളനിയിലെ ഭൂരിപക്ഷം പേരും ആത്മകഥവായിച്ചിട്ടില്ലായെന്നതാണ് വാസ്തവം. എഴുതുമ്പോൾ ഭർത്താവിന്റെ പൂർണ്ണപിന്തുണയുണ്ടായിരുന്നു. 'ആരു കളിയാക്കിയാലും നീ എഴുത്' എന്നാണ് ഭർത്താവ് പറഞ്ഞത്. ആത്മകഥയിലെ ചില പരാമർശങ്ങൾ വെച്ച് എന്നെ കുറ്റപ്പെടുത്തുവാനും കോളനിക്കുള്ളിൽ ചേരിതിരിവ് സൃഷ്ടിക്കുവാനും ചിലർ ശ്രമിക്കുന്നുണ്ട്. എന്റെ തുറന്നു പറച്ചിലുകൾ അവരുടെ രാഷ്ട്രീയത്തെ പ്രകോപിപ്പിച്ചതാണ് കാരണം. എന്തായാലും പ്രത്യക്ഷത്തിൽ ആരും എന്റെ നേരേ പ്രതികരണങ്ങൾ നടത്തിയിട്ടില്ല.

**ധനൂജകുമാരിയുടെ ആത്മകഥ ഭരണകൂടത്തിനെതിരെയുള്ള പ്രതിഷേധങ്ങളാണ്. ഭരണകൂടത്തിന്റെ ഗൂഢതന്ത്രങ്ങളെ തുറന്നു കാട്ടിയപ്പോൾ ലഭിച്ച പ്രതികരണങ്ങൾ?**

കുറേവർഷങ്ങളായി വാർഡ് കൗൺസിലർ കോൺഗ്രസ്സ് സംഘടനയിൽ പെട്ട ആൾ ആണ്. തുറന്നു പറച്ചിലുകൾ ആ ആൾക്ക് ഇഷ്ടപ്പെട്ടിട്ടില്ല. ചൂളയിലുള്ളവർ വെറും വോട്ട്ബാങ്ക് മാത്രമാണ്. ഇവിടെ ആർക്കും വന്നുപോകാം. ആർക്കും ഞങ്ങളെ ഒഴിപ്പിക്കാം. ഒരുപട്ടയം പോലും ആരുടെകയ്യിലുമില്ല. ഷോപ്പിംഗ് മാൾ, ഫ്ളാറ്റ് എന്നിവയൊക്കെ വരാൻ പോകുന്നെന്നു ഗവൺമെന്റ് പറയുന്നു. അതൊക്കെ ചൂള ഒഴിപ്പിക്കാനുള്ള തന്ത്രങ്ങൾ മാത്രമാണ്. അതിനെതിരെ സംഘടിതമായി പ്രതികരിക്കുവാൻ കോളനിവാസികൾ




സംഘടിത ശക്തിയായി ചൂളക്കാർ നിന്നിരുന്നുവെങ്കിൽ ചെങ്കൽചൂളയിൽ നിരവധി മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു. കോളനിക്കാരുടെ ആവശ്യങ്ങളിൽ പരസ്പരസഹകരണം ഞങ്ങൾക്കിടയിൽ ധാരാളമുണ്ട്.

തയ്യാറാകാത്തത് എന്നെ വളരെ വേദനിപ്പിക്കുന്ന ഒന്നാണ്. പാലക്കാട്ടുനിന്നും വയനാട്ടിൽ നിന്നും ആദിവാസികൾ ഉൾപ്പെടെയുള്ളവർ സെക്രട്ടേറിയേറ്റിന്റെ മുമ്പിൽ എത്തി സമരങ്ങൾ നടത്തി അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നു. സെക്രട്ടേറിയേറ്റിന്റെ തൊട്ടുതാഴെ കിടക്കുന്ന ചൂളയിലുള്ളവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ചൂളക്കാർ സമരം ചെയ്യുന്നില്ല. സംഘടിത ശക്തിയായി ചൂളക്കാർ നിന്നിരുന്നുവെങ്കിൽ ചെങ്കൽചൂളയിൽ നിരവധി മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു. കോളനിക്കാരുടെ ആവശ്യങ്ങളിൽ പരസ്പരസഹകരണം ഞങ്ങൾക്കിടയിൽ ധാരാളമുണ്ട്. ഒരു നൂലുകെട്ട് വന്നാൽപോലും ചുരുങ്ങിയത് രണ്ടായിരത്തിലധികം പേർ ഒത്തുകൂടാറുണ്ട്. കോളനിയിലെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി സംഘടിതശക്തിയായി നില്ക്കുവാൻ ചുറ്റിലുമുള്ള പാർട്ടിക്കാർ സമ്മതിക്കാറില്ല. അവർ പല രഹസ്യധാരണകളിലൂടെയും ഇവിടെയുള്ളവരെ സ്വാധീനിച്ചിരിക്കുകയാണ്.

**സാധാരണ ആത്മകഥ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരാണ് എഴുതുന്നത്. അതിലൂടെ ഒരു വരേണ്യബോധവും നിർമ്മിതമാക്കപ്പെട്ടിരിക്കുന്നു. ആ ഒരു പൊതുബോധത്തെയാണ് ധനൂജ ആത്മകഥയിലൂടെ തള്ളിക്കളയുന്നത്. ഇതിനോടെങ്ങനെ പ്രതികരിക്കുന്നു?**

ഞാനൊരു സാഹിത്യകാരിയല്ല. എന്നെ അങ്ങനെ സാഹിത്യലോകം കാണുന്നുമില്ല. ഞാൻ ആത്മകഥ എഴുതിയത് സാഹിത്യകാരിയോ സാംസ്കാരിക നായികയോ ആകാനല്ല. എന്റെ ചുറ്റുപാടുമുള്ള കാര്യങ്ങൾ പൊതുസമൂഹം അറിയുവാനാണ്. എന്നോട് പലരും ചോദിച്ചു എഴുത്തുകാരിയായല്ലോ ഇനി പല ചർച്ചകളിലും വേദികളിലും കാണുമല്ലോ എന്നെല്ലാം. എന്റെ ആത്മകഥ ഇറങ്ങിക്കഴിഞ്ഞ് ഒരു വർഷം ആയി. ഇത് വരെ ഒരു ചർച്ചയ്ക്കും സാഹിത്യലോകം എന്നെ ക്ഷണിച്ചിട്ടില്ല. അത് വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നുമില്ല. എന്റെ രചനയുടെ ലക്ഷ്യം ചെങ്കൽച്ചൂള എന്നാൽ ഗുണ്ടകളെ ഉത്പാദിപ്പിക്കുന്ന ഫാക്ടറി എന്നുള്ള പുറം സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ മാറ്റാനും ഞങ്ങളും നിങ്ങളെപ്പോലെ ഒരാളാണെന്ന ചിന്ത ഉണ്ടാക്കുവാനുമാണ്. വിദ്യാഭ്യാസത്തിലും മറ്റും മുന്നിട്ടു നിൽക്കുന്ന ധാരാളം കുട്ടികൾ ഇവിടെയുണ്ട്. എന്നാൽ അവർ തൊഴിൽ സ്ഥാപനങ്ങളിൽ കോളനിയുടെ പേരിൽ മാറ്റി നിർത്തപ്പെടുന്നു. അത്തരം മാറ്റി നിർത്തപ്പെടലിനെ മറികടക്കാൻ ഇനിവരുന്ന തലമുറയ്ക്കെങ്കിലും സാധ്യമാകണം. അതാണ് ലക്ഷ്യം.

*രശ്മി ജി. -ഗവേഷക, മലയാള വിഭാഗം, കേരളസർവകലാശാല*

കവർസ്റ്റോറി

# മണ്ണിനെ സ്നേഹിച്ച് വിണ്ണോളമെത്തിയ ഗായത്രീദേവി





സന്ധ്യരാജ്

അധികമാരും കടന്നുവരാത്ത ടിഷ്യുകൾച്ചർ മേഖലയിലൂടെ വിജയം കൊയ്തെടുത്ത കഥയാണ് തേവള്ളി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ടോയോ ബയോടെക്ക് ഉടമയായ ഗായത്രി ദേവിയ്ക്ക് പറയാനുള്ളത്. കർഷക താല്പര്യത്തിനു മുൻഘടന നല്കിയും ഗുണമേന്മയും പ്രത്യുല്പാദന ശേഷിയും ഉള്ള ഉല്പന്നങ്ങൾ നല്കിയും വിശ്വാസ്യത  നിലനിർത്തിയാണ് മൂന്നു ദശകങ്ങളായുള്ള ടോയോ ബയോ ടെക്കിന്റെ വിജയ യാത്ര എന്ന് നിസംശയം പറയാം. 90കളിൽ ആന്തൂറിയം ഓർക്കിഡ് തുടങ്ങിയ പുഷ്പകൃഷിയിൽ ചുവടുവച്ച ഗായത്രി ഇന്ന് കേരളത്തിലെ ഏറ്റവും വലിയ ടിഷ്യുകൾച്ചർ ലാബിന്റെ അമരക്കാരിയാണ്.

ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവ വാങ്ങി അവ വളർത്തി വില്ക്കുന്നതിലൂടെയായിരുന്നു പുഷ്പകൃഷിയിലേക്കുള്ള കടന്നുവരവ്. അവയുടെ പരിചരണത്തിനായി ധാരാള കർഷക സംബന്ധമായ ക്ലാസ്സുകൾക്ക് പങ്കെടുക്കുകയും മറ്റ് ആന്തൂറിയം കർഷകരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവിടെ നിന്നെങ്ങും വ്യക്തമായ ഒരു മറുപടി ലഭിച്ചിരുന്നില്ല. ആയതിനാൽ കൃത്യമായ പരിചരണം ലഭിക്കാത്തത് മൂലം ചിലപ്രശ്നങ്ങളും നേരിടേണ്ടി വന്നു. കൃത്യസമയത്ത് ആവശ്യമായ അളവിൽ ഉല്പ്പന്നങ്ങൾ ലഭിക്കാതെ വന്നതോടുകൂടിയാണ് ടിഷ്യുകൾച്ചർ എന്ന ആശയം ഉൽഭവിച്ചത്.

തന്നെപോലെ തന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന മഹദ്വാക്യം പലരും പലപ്പോഴും മറക്കാറുണ്ട്. എന്നാൽ തനിക്കുണ്ടായ ദുരനുഭവം മറ്റാർക്കും ഉണ്ടാകരുത് എന്ന ദൃഢനിശ്ചയം ഗായത്രിയിലുണ്ടായിരുന്നു. തുടർന്ന് താൻ മനസിലാക്കിയ ഓർക്കിഡ്, ആന്തൂറിയം പരിചരണ രീതികളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഇമെയിലുകൾ വഴിയും നോട്ടീസുകൾ വഴിയും ആവശ്യമായ കർഷകർക്ക് നല്കാൻ ഗായത്രി മറന്നില്ല.

തനിക്കുണ്ടായ എല്ലാ പ്രശ്നങ്ങളേയും മറികടന്ന് വിജയത്തിലേക്ക് എത്തും എന്ന ആത്മവിശ്വാസവും കർഷകരുടെ അധ്വാന ഭാരം കുറച്ച് അവർക്ക് ഏറ്റവും മികച്ച ഉല്പ്പന്നം ന്യായമായവിലയിൽ തന്നെ നല്കും എന്ന ഉറച്ച തീരുമാനവും മുന്നോട്ടുള്ള വഴികളിൽ ഗായത്രിയ്ക്ക് ആത്മവീര്യം പകർന്നു. തന്റെ ഓരോ ചുവടുവയ്പ്പിലും ഒരു നിഴൽ പോലെ കൂടെയുള്ള ഭർത്താവ് കൃഷ്ണമൂർത്തിയുടെ പിന്തുണ അവിസ്മരണീയമാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തും ഉള്ള 90 ഓളം ടിഷ്യു കൾച്ചർ ലാബുകൾ സന്ദർശിച്ച് മൂന്ന് വർഷമെടുത്താണ് നഗരത്തിൽ നിന്ന് അൽപ്പം ഉള്ളിലേക്ക് മാറി ചന്ദനത്തോപ്പിൽ ടോയോബ

## വാഴ, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയുടെ പരിചരണവും നടീൽ രീതികളും കർഷകർക്ക് പകർന്ന് നല്കുന്നതോടൊപ്പം തന്നെ പ്രഗൽഭരുടെ നിർദ്ദേശങ്ങളും ടോയോബയോടെക് ആവശ്യാനുസരണം നല്കാറുണ്ട്.

യോടെക് നിർമ്മിച്ചത്. അക്കാലത്ത് ലാബിനാവശ്യമായ ഉപകരണങ്ങൾ ഒന്നും തന്നെ കേരളത്തിൽ വിപണിയിൽ ഉണ്ടായിരുന്നില്ല. മികവേറിയ ഉൽപ്പന്നങ്ങൾ തന്നെ ലഭിക്കുന്നതിനായി ഇടനിലക്കാരെ ഒഴിവാക്കി ഓരോ ഉൽപ്പന്നങ്ങളും ഉല്പ്പാദക കേന്ദ്രങ്ങളിൽ നിന്നു തന്നെയാണ് സ്വന്തമാക്കിയത്. അങ്ങനെ വലിയ അധ്വാനത്തിന്റെ ഫലമായിട്ടാണ് ടോയോബയോടെക് ഉടലെടുത്തത്.

ടെൻഡ്രോബിയം, ഫെലനോപ്സിസ്, ഒൻസീഡിയം, തുടങ്ങിയ ഓർക്കിഡ് വെറൈറ്റികളും ചുവപ്പ്, പച്ച തുടങ്ങിയ ആന്തൂറിയം വെറൈറ്റികളും ഒൻപതോളം വാഴ വെറൈറ്റികളും അലങ്കാരസസ്യങ്ങളും ഇന്ന് ടോയോബയോടെക് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

വളരെ വലിയ മാർക്കറ്റാണ് ഇന്ന് ടിഷ്യുകൾച്ചറിനുള്ളത്. വിളകളും അതോടൊപ്പം തന്നെ ആവശ്യക്കാരും ധാരാളം കൂടി വരികയാണ്. അതുകൊണ്ട് തന്നെ മറ്റ് വിപണന മേഖലകളിലേതുപോലയുള്ള കിടമത്സരങ്ങൾ ഈ മേഖലയിൽ കുറവാണ്. ഗുണമേന്മയും നിലവാരവും ഉള്ള മാതൃസസ്യങ്ങളിൽ നിന്ന് അതേ ഗുണങ്ങളുള്ള പുത്തൻ തലമുറയെ വികസിപ്പിച്ചെടുക്കാനും ഒരേ സമയത്ത് തന്നെ വിളവെടുക്കുവാനും സാധിക്കുന്നു എന്നതാണ് ടിഷ്യുകൾച്ചറിന്റെ മേന്മ. ഉപഭോക്താവിനാവശ്യമായ ഉല്പ്പാദന മികവ് കൈവരിക്കാൻ ടിഷ്യുകൾച്ചർ ഫലപ്രദമാണ്.

വീടിനോടു ചേർന്ന് കേവലം പത്ത് സെന്റ് സ്ഥലത്ത് നിന്നും ആരഭിച്ച യാത്ര ഇന്ന് എത്തി നില്ക്കുന്നത് 7 മില്യൻ ചെടികൾ വരെ ഉല്പ്പാദിപ്പിക്കാൻ സാധിക്കുന്ന ടോയോബയോടെക് ഫാമിലാണ്. അടുത്ത വർഷമാകുന്നതോടുകൂടി ഉൽപ്പന്ന കയറ്റുമതിയും ആരംഭിക്കുകയാണ്. ആയതിനാൽ അടുത്തവർഷത്തോടുകൂടി ഒരുകോടി രുപയാണ് പ്രതിവർഷം ടോയോബയോടെക് ലാഭം കൈവരിക്കുന്നത്.

മറ്റാർക്കും നല്കാൻ കഴിയാത്ത ടിഷ്യുകൾച്ചർ ബാർകോഡിങ്ങ് സിസ്റ്റവും ടോയോബയോടെക്കിന്റെ വിശ്വാസ്യത കൂട്ടുന്നു. ഓരോ ഉല്പ്പന്നത്തിന്റേയും ഗുണമേന്മ കൂട്ടുന്നതിലും രോഗാണുവിമുക്തമാക്കുന്നതിലും ബാർകോഡിങ്ങ് ടെക്നിക്കിന്റെ മേന്മ വലുതാണ്. ടിഷ്യുകൾച്ചറിന്റെ വിവിധ ഘട്ടങ്ങൾ പ്രത്യകം മുറികളിലാണ് സജ്ജീകരിച്ചിരിക്കുന്നത്.

ചില ചെറുകിട സംരംഭകർ ചെറിയ ടിഷ്യുകൾച്ചർ ലാബുകൾ തുടങ്ങുകയും അതുവഴി ചെടികൾ ഉല്പ്പാദിപ്പിക്കുകയും ചെയ്യാറുണ്ട്. അവയുടെ ഗുണമേന്മയുടെ കാര്യത്തിൽ ഒന്നുകൂടി ഉറപ്പ് നല്കുന്നതിനാൽ ആ വിലയ്ക്ക് ചില പ്പോൾ നല്കാൻ സാധിക്കാറില്ല. ചില സീസണുകളിൽ അത് പ്രതിസന്ധികൾ സൃഷ്ടിക്കാറുണ്ട്. ടിഷ്യുകൾച്ചർ ചെയ്യുമ്പോൾ നമ്മൾ ധാരാളം പരിശോധനകൾ നടത്തേണ്ടതുണ്ട്. പക്ഷേ അവയൊന്നും പലരും ചെയ്യാറില്ല. എങ്കിലും അവയ്ക്കെല്ലാം ഞങ്ങൾ പ്രാധാന്യം നല്കാറുണ്ട്. നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന എന്ന പേരിൽ ട്രിച്ചിയിലുള്ള ലാബ് ചെടി വൈറസ് ഫ്രീ ആണ് എന്ന് സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രമേ ഞങ്ങൾ അവയെ വീണ്ടും ഉല്പ്പാദിപ്പിക്കാറുള്ളു - ഗായത്രി പറയുന്നു.

വാഴ, ആന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയുടെ പരിചരണവും നടീൽ രീതികളും കർഷകർക്ക് പകർന്ന് നല്കുന്നതോടൊപ്പം തന്നെ പ്രഗൽഭരുടെ നിർദ്ദേശങ്ങളും ടോയോബയോടെക് ആവശ്യാനുസരണം നല്കാറുണ്ട്. കർഷകർക്ക് ആവശ്യമായ ഓർക്കിഡുകൾ നേരിട്ടും, വാഴത്തൈകൾ കേരളത്തിനു പുറത്ത് ഏജന്റുകൾ മുഖേനയുമാണ് നല്കുന്നത്.

കാലംതെറ്റി പെയ്യുന്ന മഴ ചിലപ്പോൾ പ്രതിസന്ധികൾ സൃഷ്ടിക്കാറുണ്ടെങ്കിലും അവയെല്ലാം മറികടന്ന് ഉല്പ്പാദനം മെച്ചപ്പെടുത്തി കയറ്റുമതിയിലേക്ക് കടക്കുക എന്നതാണ് ടോയോബയോടെക്കിന്റെ ഭാവി പരിപാടികളിൽ ഒന്ന്. എന്നാൽ പ്രാഗൽഭ്യം നേടിയ ടെക്നിഷ്യന്മാരുടെ കുറവ് ഇന്ന് കേരളത്തിലുണ്ട്. റിസർച്ച് സംബന്ധമായ ടിഷ്യുകൾച്ചർ ലാബുകളിൽ നിന്ന് വ്യത്യസ്തമാണ് വ്യാവസായിക ടിഷ്യുകൾച്ചർ ലാബുകൾ. അതുകൊണ്ടുതന്നെ പരിശീലനം എന്നത് അനിവാര്യമാണ്. ഇതുമുന്നിൽ കണ്ട് ടോയോബയോടെക് പുതിയ ഒരു പദ്ധതിയിലേക്ക് നടന്നു നീങ്ങുകയാണ്.ടോയോ ടിഷ്യുകൾച്ചർ പരിശീലന അക്കാഡമി. +2 അടിസ്ഥാന യോഗ്യതവെച്ച് ആറു മാസത്തെ ടിഷ്യുകൾച്ചർ പരിശീലന കോഴ്സ്.തിയറിയും പ്രാക്ടിക്കലും ഒരേ പോലെ തന്നെ നല്കുന്ന പദ്ധതി നടപ്പിലാകുന്നതോടുകൂടി ധാരാളംപേർക്ക് ടിഷ്യുകൾച്ചർ മേഖലയിൽ പുത്തൻതൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയുമായോ അണ്ണാമല യൂണിവേഴ്സിറ്റിയുമായോ ചേർന്ന് ഈ കോഴ്സ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.അതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

മെറ്റീരിയൽ സയൻസിൽ msc നേടിയ ഗായത്രി ആത്മവിശ്വാസവും ശുഭപ്രതീക്ഷകളും ഉണ്ടെങ്കിൽ വിജയം കൈവരിയ്ക്കാൻ സാധിക്കും എന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണ്..

*സന്ധ്യ രാജ് - ജേർണലിസം വിദ്യാർത്ഥിനി*

വിവ: അമ്പിളി സുധീർ



# ഞാനൊരു വെറുക്കപ്പെട്ട ഉന്നം : ടീസ്റ്റ

**2002** ലെ ഗുജറാത്ത് കലാപത്തിന്റെ ഇരകളുടെ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിന്റെ മുഖം എന്നുവേണമെങ്കിൽ ടീസ്റ്റ സെതൽവാദിനെ വിശേഷിപ്പിക്കാം. പല കേസുകളിലും സ്വന്തം ജീവിതം ഒരു പോരാട്ടമാക്കി മാറ്റിയെടുത്ത ടീസ്റ്റ ഇന്ന് അതിന്റെ പേരിൽ വേട്ടയാടപ്പെടുകയാണ്. പല കെട്ടിച്ചമയ്ക്കപ്പെട്ട കേസുകളുമായി നിയമനടപടികൾ അഭിമുഖീകരിക്കുന്ന അവരുടെ സംഘടനകളുടേയും വ്യക്തിപരമായതുമായ പല അക്കൗണ്ടുകളും ഗവൺമെന്റ് മരവിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ അവരുടെ യാത്രാ സ്വാതന്ത്ര്യത്തിലും പരിമിതികൾ ഏർപ്പെടുത്തിയിരിക്കുന്നു. ഒമാർ റഷീദുമായി അവർ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

*ചോദ്യം : താങ്കൾ ആർക്കുവേണ്ടിയാണോ ഈ സമരങ്ങളിലേർപ്പെട്ടത് അവരെത്തന്നെ നിങ്ങൾ ചതിച്ചു എന്ന വാദത്തെപ്പറ്റി?*

ഗുജറാത്ത് പോലീസും ക്രൈംബ്രാഞ്ചും നടത്തിയ എല്ലാ ആരോപണങ്ങൾക്കും, ഞങ്ങളുടെ കയ്യിലുള്ള 2500 പേജിൽ നിറഞ്ഞു നിന്ന തെളിവുകളുടേയും രേഖകളുടേയും ബലത്തിൽ പിടിച്ചു നിൽക്കാനായില്ല. എന്റെ പേരിൽ ചാർജ്ഷീറ്റ് സമർപ്പിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. ചെയ്യാൻ പറ്റിയത് കുറേ ഭീഷണികളും വ്യക്തിവിരോധ നടപടികളും മാത്രം. ഞങ്ങളെ കസ്റ്റഡിയിലെടുക്കാനുള്ള നടപടികൾ നിഷ്ഫലമായപ്പോൾ ബാങ്ക് അക്കൗണ്ടുകൾ അവർ മരവിപ്പിച്ചു. ഇവയൊക്കെ 2002ന് ശേഷം ഞങ്ങൾ നടത്തിയ പല സമരങ്ങളും വിജയത്തിലേക്കെത്തുമെന്ന കണ്ട് പ്രതികാര മനോഭാവവുമായി ഇറങ്ങിയവരുടെ പ്രവൃത്തികളാണ്. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ FCRA എന്ന നിയമപ്രകാര (വിദേശ സംഭാവന നിയന്ത്രണ നിയമം) മാണ് ഞങ്ങളുടെ അക്കൗണ്ടുകളും മരവിപ്പിച്ചത്.

*ചോദ്യം : താങ്കളുടെ പ്രവൃത്തിമണ്ഡലമായ 'citizens for justice and peace'നും*

ഗുജറാത്ത് പോലീസും ക്രൈംബ്രാഞ്ചും നടത്തിയ എല്ലാ ആരോപണങ്ങൾക്കും, ഞങ്ങളുടെ കയ്യിൽ 2500 പേജിൽ നിറഞ്ഞു നിന്ന കയ്യിലുള്ള തെളിവുകളുടേയും രേഖകളുടേയും ബലത്തിൽ പിടിച്ചു നിൽക്കാനായില്ല. എന്റെ പേരിൽ ചാർജ്ഷീറ്റ് സമർപ്പിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല.

*സബ്‌രങ് കമ്മ്യൂണിക്കേഷനും എതിരെ FCRA നിയമങ്ങൾ ലംഘിക്കുകയും വിദേശസംഭാവനകൾ വാങ്ങുകയും പിന്നീട് ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു എന്നൊരു വാദമുണ്ടല്ലോ?*

ഞങ്ങൾ നിയമം മറികടന്നിട്ടില്ല. *FCRA section* 3ൽ രാഷ്ട്രീയപാർട്ടികളും രജിസ്ട്രേഡ് വർത്തമാനപത്രങ്ങളും വിദേശസഹായം കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്ഷൻ 4ൽ ശമ്പളമായോ, വേതനമായോ വാങ്ങുന്നതിന് വിലക്കില്ല. സബ്‌രങ് കമ്മ്യൂണിക്കേഷൻ പ്രസിദ്ധീകരിക്കുന്ന 'കമ്മ്യൂണലിസം കോമ്പാറ്റ്' ജാതീയ പ്രശ്നങ്ങളേയും വർഗീയ വേർതിരിവുകളേയും പഠിക്കാനുള്ള ഒരു പ്രാരംഭ ശ്രമമായിരുന്നു. 2004ൽ ഫോർഡ് ഫൗണ്ടേഷനുമായി ഒരു സ്പോൺസർഷിപ്പ് അവർക്ക് കിട്ടുകയും ചെയ്തു. ഇതൊരിക്കലും നിയമലംഘനമല്ല.

*ചോദ്യം : താങ്കൾ മോഡി–അമിത്ഷാ ദ്വയങ്ങളുടെ വേട്ടയുടെ സ്ഥിരം ഇരയായി എന്നൊരു വ്യാഖ്യാനമുണ്ടല്ലോ?*

പതിനെട്ടു മാസം മുൻപ് ക്രൈംബ്രാഞ്ചിന്റെ ഒരു ദുരുപദ്ദേശപരമായ നീക്കത്തെ തുടർന്ന് ഗുൽബർഗ് മെമ്മോറിയത്തിന്റെ 4.6 ലക്ഷം ഫണ്ട് തടസ്സപ്പെട്ടു. ഇന്നും ഞങ്ങളുടെ ആസ്ഥാനപദ്ധതി പേപ്പറിൽ മാത്രമായി കിടക്കുന്നു.

*ചോദ്യം : വേട്ടയാടലുകൾ യു.പി.യുടേയോ വാജ്പേയിയുടേയോ ഭരണകാലത്ത് ഉണ്ടായിരുന്നോ?*

ഇല്ല എന്ന് മാത്രമല്ല, 2000 ത്തിൽ 'കമ്മ്യൂണലിസം കോമ്പാറ്റ്' എന്ന പ്രസിദ്ധീകരണത്തിന് 'Prince Clause International Award' കിട്ടിയിരുന്നു. എനിക്ക് 2003ൽ ന്യൂറം ബർഗിൽ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രവർത്തനത്തിനുള്ള അവാർഡും ലഭിച്ചിരുന്നു. അന്നത്തെ വാജ്പേയി ഗവൺമെന്റ് അതിന് അപേക്ഷിക്കാനും സ്വീകരിക്കാനുമുള്ള എല്ലാ സഹായവും ചെയ്തിരുന്നു.

*ചോദ്യം : മോഡി ഭരണത്തിൽ മനുഷ്യാവകാശപ്രവർത്തകരുടെ ഭാവി ഇരുട്ടിലാണോ?*

അതെ

ചോദ്യം : ഒരു കോൺഗ്രസ്സ് അനുഭാവി എന്ന ആരോപണത്തെപ്പറ്റി?

ഈ നിയമപോരാട്ടങ്ങളിലേക്ക് എത്തപ്പെട്ടത് ബാബറി മസ്ജിദ് ആക്രമണ ശേഷമുള്ള കാലഘട്ടത്തിലാണ്. അന്ന് ഭരണം കോൺഗ്രസ്സിന്റെ കൈയ്യിലല്ലായിരുന്നോ? മുംബൈ ഭീകരാക്രമണ സമയത്തും കോൺഗ്രസ്സ് ആയിരുന്നു മഹാരാഷ്ട്രഭരണത്തിൽ. അപ്പോഴൊക്കെ ഭരണവിരുദ്ധ പോരാട്ടങ്ങളുമായി ഏറ്റവും മുന്നിൽ നിന്നത് ഞങ്ങളാണ്. ജസ്റ്റിസ് ശ്രീകൃഷ്ണ റിപ്പോർട്ട് ഫയൽ ചെയ്യപ്പെടാൻ കാരണമായ തെളിവുകളിൽ ഏറ്റവും കൂടുതൽ നൽകപ്പെട്ടത് ഞങ്ങളിലൂടെയാണ്. മതത്തെ ദുരുപയോഗപ്പെടുത്തിയുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളെ ഏറ്റവും എതിർത്തത് ഞങ്ങളാണ്. അത് ന്യൂനപക്ഷമായാലും ഭരണപക്ഷമായാലും.

**നിയമപോരാട്ടങ്ങൾ**

ജൂലൈ 8 : ലംഘനങ്ങളുടേയും ക്രിമിനൽ ഗൂഢാലോചനകളുടേയും ഭാഗമായി സാമൂഹ്യപ്രവർത്തക ടീസ്റ്റ സെതൽവാദിന്റേയും ഭർത്താവ് ജാവേദ് ആനന്ദിന്റെയും പേരിൽ സി.ബി.ഐ കേസ് എടുത്തു. ഫോർഡ് ഫൗണ്ടേഷന്റെ പക്കൽ നിന്നും പണം കൈപ്പറ്റുന്നത് ആഭ്യന്തരമന്ത്രാലയത്തിന്റെ അനുമതിയില്ലാതെ എന്നാണ് വാദം.

ജൂലൈ 14 - *ടീസ്റ്റയുടെ വീട്ടിലും ഓഫീസിലും സി.ബി.ഐ റെയ്ഡ്. ജൂലൈ 27ന് നടക്കുന്ന 'സാക്കിയ ജാഫ്രി' കേസുമായി ബന്ധപ്പെട്ട് ടീസ്റ്റ തെളിവ് കൊടുക്കുന്നത് തടയാനുള്ള സി.ബി.ഐ നീക്കമെന്ന് ആരോപണം.*

ജൂലൈ 17 : *സി.ബി.ഐ ടീസ്റ്റയെ സുരക്ഷയ്ക്ക് ഭീഷണി എന്ന് വിശേഷിപ്പിക്കുന്നു.*

ജൂലൈ 24 : *സി.ബി.ഐ കോടതി ടീസ്റ്റയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളുന്നു.*

ടീസ്റ്റ ഹൈക്കോടതിയിൽ കൊടുത്ത ഹർജിയിൽ ആഗസ്റ്റ് പത്ത് വരെ താത്കാലിക ആശ്വാസം കൊടുക്കുമെന്ന് രേഖപ്പെടുത്തുന്നു. ○


# സാഹിത്യ ക്യാമ്പ്

2015 ആഗസ്റ്റ് 21, 22 തീയതികളിൽ സംഘടിതയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് വെച്ച് നടത്താൻ തീരുമാനിച്ചിരുന്ന സാഹിത്യക്യാമ്പ് ചില സാങ്കേതിക കാരണങ്ങൾ നീട്ടിവെച്ചിരിക്കുന്നു. പുതുക്കിയ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പിൽ മലയാളത്തിലെ പ്രമുഖ എഴുത്തുകാരുമായുള്ള ചർച്ചകളും സംവാദങ്ങളുമാണ് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ളവർ അവരുടെ ഒരു സൃഷ്ടി (പ്രസിദ്ധീകരിച്ചതോ അല്ലാത്തതോ) ബയോഡാറ്റയും ഫോട്ടോയും സഹിതം ജൂലൈ 30നു മുമ്പ് താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. പ്രായപരിധി 18 വയസ്സ് മുതൽ 45 വയസ്സ് വരെ.

**9495230146**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

പെൺപക്ഷം



അജിത കെ.

# ഹിന്ദുത്വവല്ക്കരണത്തിന്റെ ഫാസിസ്റ്റ് രീതികൾ

ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും ഇന്ന് വളരെ അപകടകരമായ അവസ്ഥയിലാണെന്ന് ഓരോ ദിവസവും നമ്മെ താക്കീത് ചെയ്യുന്ന സംഭവങ്ങളാണിപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

ഗുജറാത്തിൽ 2002ൽ നടന്ന അതിനിഷ്ഠൂരമായ വംശഹത്യാ സംഭവങ്ങളുടെ ഇരകൾക്കു നീതി ലഭിക്കാൻ വേണ്ടി വളരെയേറെ എതിർപ്പുകൾ നേരിട്ടുകൊണ്ട് അന്നു മുതൽ പോരാടിക്കൊണ്ടിരിക്കുന്ന ടീസ്റ്റ സെതൽവാദും അവരുടെ ജീവിതപങ്കാളി ജാവേദ് ആനന്ദും 'കമ്മ്യൂണലിസം കൊമ്പാറ്റ്' എന്ന ആനുകാലികവും അവർ നടത്തുന്ന സബ്രങ്ങ് ട്രസ്റ്റ് എന്ന സംഘടനയും അടച്ചുപൂട്ടാനുള്ള വടിയായി ഇന്ത്യൻ ഭരണകൂടവും അതിന്റെ ചട്ടുകമായ സി.ബി.ഐയും അവർ അനധികൃതമായി ഫോർഡ് ഫൗണ്ടേഷനിൽ നിന്ന് പണം വാങ്ങുന്നു എന്ന് ആരോപിക്കുന്നു. ഗുജറാത്ത് സംഭവങ്ങളിൽ അതിമൃഗീയമായി കൊലചെയ്യപ്പെട്ട മുൻ എം.പി.സയിദ് ജഫ്റിയുടെ ഓർമ്മക്കായി ഒരു സ്മാരകമുണ്ടാക്കാനുള്ള പണം ദുരുപയോഗം ചെയ്തുവെന്നും സി.ബി.ഐ ആരോപിക്കുന്നു. ഗുജറാത്ത് സംഭവങ്ങളിൽ നടന്ന പൈശാചികമായ ലൈംഗിക/ഇതര അക്രമങ്ങളെക്കുറിച്ച് വിശദമായി ലോകം അറിയുന്നത് 'കമ്മ്യൂണലിസം കോമ്പാറ്റ്' എന്ന ആനുകാലികത്തിലൂടെയാണ്. നരോദപാട്യയിലെ പച്ചയായ കശാപ്പുകൾ (ആ സ്ഥലത്തെ ഒരു കിണറ്റിൽ എത്രയോ ആളുകളുടെ കൈയും



കാലും തലയും അറുത്തിട്ടിരിക്കുന്നു), കൗസർബാനു എന്ന ഗർഭിണിയായ യുവതിയുടെ ഉദരം പിളർന്ന് ഗർഭസ്ഥ ശിശുവിനെ അറുത്തു കൊന്ന സംഭവം, സയിദ് ജഫ്രിയെ പരസ്യമായി നിരത്തിലൂടെ വലിച്ചിഴച്ച് അറുത്തുകൊല്ലുകയും അദ്ദേഹത്തിന്റെ വീട്ടിൽ അഭയം തേടി എത്തിയ മുപ്പത്തഞ്ചോളം പാവങ്ങളെ വെട്ടിക്കൊല്ലുകയുമൊക്കെ ചെയ്ത സംഭവം- ഇവയെല്ലാം ലോകം അറിയുന്നത് ഈ മാസികയിലൂടെയാണ്. ഞെട്ടിത്തരിച്ച ഇന്ത്യൻ പൗരസമൂഹം ശക്തമായി പ്രതികരിച്ചതും എല്ലാം ഈ മാസികയുടെ പ്രവർത്തനം കൊണ്ടാണ്. ഇത്തരം പ്രവർത്തനങ്ങളും അനുബന്ധ നിയമനടപടികളും വർഗ്ഗീയശക്തികളെ വെല്ലുവിളിച്ച് കൊണ്ട് നടത്തിപ്പോന്നത് സബ്രങ്ങ് ട്രസ്റ്റാണ്. ടീസ്റ്റയും ജാവേദുമാണ്. ഇന്ത്യയിലെ സർക്കാർ അംഗീകരിച്ച ഫോറിൻ കറൻസി റെഗുലേഷൻ ആക്ട് (FCRA) പ്രകാരം നിയമാനുസൃതമായി വിദേശത്തു നിന്ന് പണം വാങ്ങുന്നത് കുറ്റമല്ലെന്നിരിക്കെ കള്ള ആരോപണങ്ങളുന്നയിച്ച് ഈ മാസികയും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ട്രസ്റ്റും അടച്ചുപൂട്ടുകയാണ് നരേന്ദ്രമോഡി സർക്കാറിന്റെ ലക്ഷ്യം. കാരണമെന്തെന്ന് വ്യക്തം – സത്യം വിളിച്ചു പറയാൻ ധൈര്യം കാട്ടിയ മനുഷ്യത്വത്തിന്റെ ഈ പ്രതീകങ്ങളുടെ ശബ്ദം ഇല്ലാതാക്കുക!

ജനാധിപത്യവാദികളും മനുഷ്യാവകാശ പ്രവർത്തകരും ഇക്കാര്യത്തിൽ മിണ്ടാതിരുന്നുകൂടാ. ശക്തമായി പ്രതികരിക്കുകയും ടീസ്റ്റ–ജാവേദ് സഖ്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യേണ്ടതുണ്ട്. സ്ത്രീപ്രസ്ഥാനങ്ങൾക്കും ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്കും വേണ്ടി ഞാൻ ഞങ്ങളുടെ ഐക്യദാർഢ്യം ഉറക്കെ പ്രഖ്യാപിക്കുന്നു–

ഉപ്പും മുളകും



ഗീത

# പൊട്ടിയോ ശീവോതിയോ

മലയാളമാസങ്ങളിൽ കർക്കിടകം ഒരേസമയം ശ്രീകരവും അശ്രീകരവുമാണ്. ഒരു വർഷത്തെ അശണ്ഠകൾ അടിച്ചുവാരി പുറത്തുതട്ടി അകം ശുദ്ധമാക്കുന്നുവെന്നാണ് സങ്കല്പം. അതിന്റെ ഭാഗമായി കർക്കിടകം രാമായണമാസമായി ആഘോഷിക്കപ്പെടുകയും ചെയ്യുന്നു.

എന്നാൽ രാമായണമാസത്തിൽ മായ്ച്ചുകളയപ്പെട്ട അനേക ഇടങ്ങളിൽ ഒന്നാണ് വാല്മീകിയുടെ സീതാവാക്യം. ആരാണ് വാല്മീകിയെന്നല്ല ആരാണു സീതയെന്നതാണു വിഷയം. അവൾ കൃഷിയുടെ അധിഷ്ഠാന ദേവതയാണ്. അന്നവും മനുഷ്യരും തമ്മിലുള്ള ദൃഢബന്ധത്തെ ഊട്ടിയുറപ്പിക്കുന്നവളാണവൾ. ജനകമഹാരാജാവിന്റെ ഔരസപുത്രിമാരല്ല മാനസപുത്രിയാണ് ജാനകിയെന്നറിയപ്പെട്ടത്.

മണ്ണും വെള്ളവും മരങ്ങളും കാറ്റും വെളിച്ചവും നിറഞ്ഞ സീതയുടെ ധർമ്മബോധം വാല്മീകിരാമായണത്തിൽ വ്യക്തമാണ്. ഒരു സന്ദർഭം മാത്രം ഉദാഹരിക്കാം. ആരണ്യകാണ്ഡത്തിൽ വിരാടവധത്തിനു ശേഷമുള്ള സന്ദർഭം. രാമലക്ഷ്മണരുടെ ആയുധപ്രയോഗമോഹം അവളെ അസ്വസ്ഥയാക്കുന്നു. അവൾ പ്രതികരിക്കുന്നു. വൈരം കൂടാതെ ഹിംസയരുത്. കണ്ണിൽ കാണുന്നവരെ മുഴുവൻ ആക്രമിക്കാനുള്ളവയല്ല ആയുധങ്ങൾ. ആയുധധാരികളാണെന്നതു കൊണ്ടു മാത്രം ആരെയും മുറിവേൽപ്പിക്കാൻ അധികാരവുമില്ല. ഏതു 'കാട്ടാള'നെ കണ്ടാലും കൈയിലുള്ള ചാപബാണങ്ങൾ പരീക്ഷിച്ചുകളയാം എന്നു വിചാരിക്കേണ്ടതില്ല. ആദിവാസി ദളിത് വിഭാഗങ്ങളെ ആക്രമിക്കരുതെന്ന് രാജാക്കന്മാരെ ഉപദേശിക്കാൻ മാത്രം ധീരയാണവൾ. തീച്ചേർച്ച പോലെയാണ് ശസ്ത്രചേർച്ച. തെറ്റു കൂടാതെ ലോകരെ കൊല്ലുന്നത് തനിക്കിഷ്ടമില്ലെന്നവൾ അസന്ദിഗ്ദമായി പ്രഖ്യാപിച്ചു കളഞ്ഞു.

'ശസ്ത്രം കാടിനും ക്ഷാത്രം തപസ്സിനും' ചേരില്ലെന്നവൾ രാമലക്ഷണന്മാരോട് പറയുന്നു. മാത്രമല്ല ആയുധമെടുത്താൽ ബുദ്ധി കെട്ടുപോകും.

അതായത് കാടിനും ദളിതർക്കും മേൽ ഏകപക്ഷീയമായി അധികാരം പ്രയോഗിക്കാൻ രാജാക്കന്മാർക്ക് അവകാശമില്ല. മറ്റു രാജാക്കളെപ്പോലെ അനാവശ്യമായ ആയുധപ്രയോഗങ്ങൾ നടത്താൻ തല്പരരാണ് രാമലക്ഷ്മണന്മാരെന്ന് സീതക്കറിയാം അതുകൊണ്ടാണവരെ തിരുത്താൻ അവൾ തുനിയുന്നത്.

വാല്മീകിരാമായണ കാലത്ത് സീതക്കുണ്ടായിരുന്ന ഈ "നാവ്" പില്ക്കാല രാമായണങ്ങൾ പിഴുതെടുത്തു. സാമൂഹിക ശാസ്ത്രജ്ഞർക്കും ചരിത്രപണ്ഡിതർക്കും കാവ്യശാസ്ത്രവിശാരദർക്കും ഇതിനു ന്യായീകരണങ്ങൾ ഉണ്ടായേക്കാം. അതെന്തായാലും സീതയിൽ നിന്ന് ശരിതെറ്റുകളുടെ ശബ്ദം മായ്ച്ചുകളഞ്ഞതിന്റെ ചരിത്രം കൂടിയാണത്.

കാടിനെ സ്വരാജ്യമെന്നും കാട്ടാളരെ സ്വജനമെന്നും തിരിച്ചറിയുന്ന പെണ്ണിനെ രാമരാജ്യങ്ങൾ പുറത്താക്കുന്നു. സീത മൺമറഞ്ഞുപോയതിന്റെ പല യുക്തികളിലൊന്ന് അവളുടെ ഈ വിവേചനബുദ്ധിയായിരുന്നു. സ്വന്തമായ ശബ്ദവും തെരഞ്ഞെടുപ്പുകളും പെണ്ണിനെ ഇല്ലാതാക്കുമെന്ന രാഷ്ട്രീയ പാഠമാണ് രാമായണം. വാല്മീകിരാമായണസീതയുടെ ഈ വാക്കുകൾ പില്ക്കാലരാമായണങ്ങളിൽ ഉച്ചരിക്കപ്പെട്ടില്ലെങ്കിൽപ്പോലും അവളെ രക്ഷിക്കാൻ അവയ്ക്കും കഴിഞ്ഞില്ല. നിന്ദകളാലും നിരാസങ്ങളാലും ഭ്രഷ്ടയാക്കപ്പെട്ട പെണ്ണിന്റെ ആത്മഹത്യ ആദർശവത്ക്കരിക്കുക മാത്രമേ പിന്നീടവയ്ക്കു ചെയ്യേണ്ടതുണ്ടായിരുന്നുള്ളൂ.

ഉത്തരകാണ്ഡം അറിഞ്ഞകറ്റിയ രാമായണം പാരായണം ചെയ്തുകൊണ്ട് കേരളത്തിലെ കർക്കിടകം രാമരാജ്യ ദേശീയതയെ (അ)ബോധമായി ഉദ്ഘോഷണം ചെയ്യുന്നു. എല്ലാ സംക്രാന്തിക്കും അടിച്ചുവാരി മുറത്തിലാക്കി പടിപ്പുറത്ത് തള്ളിയിട്ടും മലയാളി മനസ്സിൽ ഇങ്ങനെ അശ്രീകരത്ത്വങ്ങൾ കുമിഞ്ഞു കൂടുന്നതിൽ അത്ഭുതമെന്തുള്ളൂ! ○

രാഷ്ട്രീയനിരീക്ഷണം



ജ്യോതിനാരായണൻ

മധ്യപ്രദേശ് പ്രൊഫഷണൽ എക്സാമിനേഷൻ ബോർഡ് (വ്യാപം) അഴിമതി കേസ് അന്വേഷണവുമായി ബന്ധപ്പെട്ടവരിൽ ഔദ്യോഗിക കണക്കനുസരിച്ച് 24 പേരും അനൗദ്യോഗിക കണക്കിൽ അതിലിരട്ടിയിലധികം പേരും ഇല്ലാതായിരിക്കുന്നു എന്നത് ജനാധിപത്യസംവിധാനത്തിൽ ഭയപ്പെടുത്തുന്നതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ പത്ര-ടിവി മാദ്ധ്യമങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥലവും സമയവും ചെലവഴിക്കുന്നത് അഴിമതിയുടെ കണക്കുകൾ നിരത്താനാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സുരക്ഷിതത്വം ഉറപ്പാക്കാനും നിയമങ്ങളും നയങ്ങളും ഉണ്ടാക്കാൻ നിയോഗിക്കപ്പെട്ട പാർലമെന്റുകൾ അഴിമതിയാരോപണത്തിന്റെ പേരിൽ മുഴുവൻ സമയവും നഷ്ടപ്പെടുത്തുന്നു. കേരളം അടക്കമുള്ള നിയമസഭകൾ ഭരണപക്ഷ പ്രതിപക്ഷ അഴിമതി ആരോപണത്തിന്റെ ഭാഗമായി നടത്തുന്ന നാടകങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. അത് വ്യാപത്തിനോട് സമാനമായ ചില അഴിമതികൾ വയനാട്ടിലും ഇപ്പോൾ ഉത്തരപ്രദേശിലുമൊക്കെ മാദ്ധ്യമങ്ങളിൽ വായിച്ചിട്ടുണ്ട്. സോളാർ അഴിമതിയും ബാർകോഴയും ലാവലിൻ അഴിമതിയും നേഴ്സിംഗ് തട്ടിപ്പും ഭൂമി തട്ടിപ്പും നിത്യപാരായണത്തിന് വിധേയമാകുന്നു. സരിതയും ബിജുരാധാകൃഷ്ണനും ചാക്ക് രാധാകൃഷ്ണനും നിസാമും റുക്സാനയും ജോപ്പനും, ശബരീനാഥും എല്ലാം നമുക്ക് പരിചിതരാകുന്നത് അവർക്ക് കലയിലോ സാഹിത്യത്തിലോ സേവനത്തിലോ പാരിതോഷികം ലഭിച്ചിട്ടല്ല. ഇത്രയും അഴിമതികൾ ആവർത്തിച്ചിട്ടും അതിന്റെ ഫലമായി പാർലമെന്റും നിയമസഭയും സ്തംഭിപ്പിച്ചിട്ടും എത്ര അഴിമതികൾ തെളിയിക്കുകയും പരിഹരിക്കുകയും ചെയ്തു? അഴിമതിയുടെ തുക ബഡ്ജറ്റ് തുകയേക്കാൾ വലുതാവുകയും എണ്ണം വർദ്ധിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു.

ഭരണരംഗത്തു മാത്രമല്ല അതിന്റെ തുടർച്ചയായി സർക്കാർ സ്ഥാപനങ്ങളിലും വ്യക്തിജീവിതത്തിലും അഴിമതി ഭാഗമായി. അഴിമതി തെറ്റായും കുറ്റമായും കാണാൻ കഴിയാത്തവിധം വ്യാപകവും സ്വാഭാവികവുമായിരിക്കുന്നു. അഴിമതി ചെയ്യാതെ ഭാഗമാകാതെ അതിനെതിരെ മൗനം പാലിക്കാതെ ജീവിച്ചിരിക്കാൻ കഴിയാത്ത വിധം ഇവിടെ പടർന്നു പന്തലിച്ചിരിക്കുന്നു. അഴിമതി കേവലമായ നിയമലംഘനം അല്ല. ബോധപൂർവ്വം സ്വന്തം ലാഭത്തിനായി മറ്റ് ജനങ്ങൾക്ക് നഷ്ടവും ദുരിതവും ഉണ്ടാക്കുന്ന പ്രവർത്തിയാണ്. അതുകൊണ്ട് അഴിമതി സാമ്പത്തീകക്രമക്കേടിൽ ഒതുങ്ങുന്നില്ല. അതിന്റെ തുടർച്ചയായി കൊള്ളവും കൊലപാതകവും മദ്യവും മയക്കുമരുന്ന് വില്പനയും കുട്ടികളേയും സ്ത്രീകളേയും ഉപദ്രവിക്കുക തുടങ്ങി സർവ്വരംഗങ്ങളിലേക്കും വ്യാപിക്കുന്നു. മരുന്നു കമ്പനിക്കാരന്റെ അഴിമതി ജനങ്ങളുടെ ആരോഗ്യത്തെ തകർക്കുന്നു. മതസമുദായങ്ങളിലെ അഴിമതി തത്വസംഹിതകളെയും മൂല്യബോധത്തേയും തകർക്കുന്നു. പോലീസ്, പട്ടാളം, നീതിന്യായ സംവിധാനത്തിലെ അഴിമതി അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുകയും ജനങ്ങളുടെ ആത്മവിശ്വാസത്തെ തകർക്കുകയും ചെയ്യും. അഴിമതിക്കാർ നിയമത്തിന്റെ മുന്നിൽ വരാതിരിക്കുക മാത്രമല്ല, നിയമത്തെ വളച്ചൊടിക്കുകയും ഇവർക്കനുകൂലമായ നിയമം നിർമ്മിക്കുകയും ചെയ്യുന്നു. അഴിമതിക്ക് ഭരണപക്ഷവും പ്രതിപക്ഷവും ഒരേ തൂവൽപക്ഷികളാണ്. ഇതിൽ പലപ്പോഴും പിടിക്കപ്പെടുന്നത് അഴിമതിയെ എതിർക്കുന്നവരോ അറിയാതെയോ നിവർത്തികേടുകൊണ്ടു പെട്ടുപോയവരോ അധികാരത്തിൽ സ്വാധീനമില്ലാത്ത നിരപരാധികളോ ആകാം. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അതിനുള്ളിലെ ഗ്രൂപ്പുകൾക്കും ഓരോ അഴിമതിയും പരസ്പരം വിലപേശാനും ലാഭം വർദ്ധിപ്പിക്കാനുമുള്ള വിഷയങ്ങൾ മാത്രം. ജീവിക്കാൻ വേണ്ടിയും ആർഭാടസമൂഹത്തിൽ പിടിച്ചുനിൽക്കാൻ വേണ്ടിയുമൊക്കെ ഓടുന്നതിനിടയിൽ ഇത്തരം അഴിമതിയുടെ പരിണിത ഫലങ്ങളെക്കുറിച്ച് ചിന്തിക്കാനോ പ്രതികരിക്കാനോ കഴിയുന്നില്ല. അറിഞ്ഞിട്ട് കാര്യവുമില്ല. നിസ്സ

*ശേഷം പേജ് 51*



# വാസ്തവം



ഡോ.ജാൻസി ജോസ്

നമ്മുടെ നാടിന് സംഭവിച്ചത് ചരിത്രത്തിന്റെ തനിയാവർത്തനമാണ്. ഇരിക്കാൻ ഇടംകൊടുത്തപ്പോൾ കയറി നിരങ്ങുകയും നോക്കി നടത്താൻ അനുവാദം കൊടുത്തപ്പോൾ ഭരിച്ചുനശിപ്പിക്കുകയും ചെയ്ത ബ്രിട്ടീഷ് പാരമ്പര്യം ഇന്നും അനുവർത്തിക്കുന്നു എന്നു വേണം കരുതാൻ. സാധാരണക്കാരുടെ ജീവിതം ഇവിടെ പ്രശ്നമേയല്ല, ജീവനും! റോഡുനിയമങ്ങൾ എല്ലാവരെക്കൊണ്ടും പാലിപ്പിക്കാൻ ബാദ്ധ്യതപ്പെട്ടവർ തന്നെ എത്രജീവനൊടുക്കുന്നു! അവരുടെ പോക്കു കാണുമ്പോൾ തന്നെ ജീവൻ പോകും. അപകടങ്ങളിൽപ്പെട്ടവർക്ക് 48 മണിക്കൂർ ഫ്രീ ചികിത്സ എന്ന പ്രധാനമന്ത്രിയുടെ ആശയം ഉത്തമമാണ്. എന്നാൽ കേരളത്തിലെ ചികിത്സാവ്യവസായ കേന്ദ്രങ്ങളിൽ ഇനി മുതൽ രഹസ്യ തീവ്രപരിചരണ വിഭാഗങ്ങളായിരിക്കും ഉണ്ടാകാൻ സാധ്യത. നമ്മുടെ മുഖ്യമന്ത്രിയുടെ ആത്മവിശ്വാസം ഹൃദയം മാറ്റിവയ്ക്കലിലൂടെ വർദ്ധിക്കുകയും അത് കേരളത്തിന്റെ ആത്മവിശ്വാസ വർദ്ധനവിനായി അദ്ദേഹം കാണുകയും ചെയ്യുന്നത് നല്ലതാണ്. രോഗം വന്നാലേ ഹൃദയം മാറ്റിവെക്കാൻ കഴിയൂ. പക്ഷേ, ഹൃദയം ഭേദിച്ച് ചികിത്സ നടത്തുന്ന രീതി അവലംബിക്കാതിരുന്നാൽ നന്ന്. പട്ടികളെ കൊല്ലരുത് എന്നു മൃഗസ്നേഹികൾ പറയുന്നത് ന്യായം. എന്നാൽ സാധാരണക്കാർ എത്തിപ്പെടുന്ന മെഡിക്കൽസെന്റുകളിൽ പേപ്പട്ടിവിഷബാധയ്ക്കുള്ള മരുന്നില്ലാത്തത് ന്യായമോ? ഉള്ളവന് വൻവില കൊടുത്ത് ചികിത്സാവ്യവസായ കേന്ദ്രങ്ങളിൽ നിന്ന് മരുന്ന് വാങ്ങാൻ കഴിയും. റോഡപകടങ്ങളുണ്ടായാലും ചികിത്സകിട്ടിയില്ലെങ്കിലും പേപ്പട്ടി കടിച്ചാലും മരുന്നില്ലേലും ഒന്നും പ്രശ്നമില്ല. നമ്മുടെ നാട്ടിൽ അതിഗംഭീരമായി കയാക്കിംഗ് ചാമ്പ്യൻഷിപ്പ് നടത്താൻ നമുക്കായല്ലോ! അതോർക്കുമ്പോൾ ശിരോവസ്ത്രമില്ലാഞ്ഞിട്ടും തല മൂടാൻ തോന്നുന്നുണ്ട്. ആദ്യ ശിരസ്സും പിന്നീട് ശിരോവസ്ത്രവും ഉണ്ടായതുകൊണ്ട് ആവശ്യം വന്നാൽ ശിരോവസ്ത്രം മാറ്റാം എന്നുതന്നെയാണ് എനിക്കും പറയാനുള്ളത്. തലയിൽ മുണ്ടിടേണ്ട സാഹചര്യമാണ് കേരളത്തിലുള്ളതെങ്കിലും!

○

*പേജ് 50 തുടർച്ച*

ഹായരാണ് വലിയൊരു വിഭാഗം ജനങ്ങളും. യു.എസ്.എസ്.ആർ പോലുള്ള രാജ്യത്തിന്റെ തകർച്ച പോലുള്ള ദൂരവ്യാപകമായ ഫലങ്ങൾ യുവജനങ്ങളുടെ സോഷ്യലിസം എന്ന സ്വപ്നം പോലും തകർക്കുന്നു എന്നതാണ്. അഴിമതിയുടെ ദുരിതങ്ങൾ അനുഭവിക്കുന്നവർ, ആഴം തിരിച്ചറിയുന്നവർ മദ്യത്തിനും മനോരോഗത്തിനും ചിലപ്പോൾ ആത്മഹത്യക്കും പ്രേരിതരാകുന്നു. അഴിമതി നിറഞ്ഞ ഒരു സമൂഹത്തിൽ വികസനം എന്ന് പറയുന്നത് അഴിമതിക്കാരുടെ ലാഭം വർദ്ധിപ്പിക്കലാണ്. അതുകൊണ്ട് പൊതുസമൂഹത്തിന് അനുകൂലമായ സുസ്ഥിര വികസനം അസാദ്ധ്യമാണ്. ജീവിതം എപ്പോഴും അനിശ്ചിതത്വം നിറഞ്ഞതായിരിക്കും.

പക്ഷേ ഈ സമൂഹത്തിലും വലിയൊരു വിഭാഗം ജനങ്ങളും അഴിമതിയെ എതിർക്കുന്നു എന്നും അവർ അതിനെതിരാണെന്നും തെളിയിക്കുന്നതാണ് അണ്ണാഹസാരെയുടെ നിരാഹാരത്തോട് ജനങ്ങൾ കാണിച്ച താല്പര്യം. അവർ അതിനെ എതിർക്കുന്നു എന്നതുകൊണ്ടാണ് എഎപി പോലെ ഒരു പാർട്ടി രൂപം കൊണ്ടതും ഭൂരിപക്ഷത്തോടെ വിജയിപ്പിച്ചതും. അപ്പോഴും ഇത്രയും ജനപിന്തുണയുണ്ടായിട്ടും എന്തുകൊണ്ടാണ് വ്യാപിക്കാനും ശക്തിപ്പെടാനും കഴിയാത്തത്. മറ്റ് രാഷ്ട്രീയപ്രസ്ഥാനങ്ങൾ പറയുന്നതു പോലെ ഒരു പ്രത്യയശാസ്ത്രം എഴുതപ്പെടാത്തതുകൊണ്ടാണോ? ജനങ്ങളുടെ ദാരിദ്ര്യവും മോഹങ്ങളും അജ്ഞതയും അഴിമതിക്കാരുടെ സംഘടിതശക്തിക്കും അധികാരത്തിനും മുമ്പിൽ നിലനിൽക്കാനാവാതാകുന്നു. വ്യാപക അഴിമതി ജനാധിപത്യത്തിന്റെ തകർച്ചയുടെ നേർകാഴ്ചയാണ്.

○



അനുഭവം

ഡോ.മിനി ഉണ്ണികൃഷ്ണൻ

# ചതിക്കപ്പെടുന്ന പെൺമക്കൾ

എനിയ്ക്കിതെഴുതാതെ വയ്യ. എന്റെ പരിചയസീമയിലുള്ള ആരും എന്നോടു പിണങ്ങാതിരിക്കട്ടെ. എന്തിനു ഞാനിതു പറഞ്ഞു എന്ന നല്ലവശം മാത്രം അവർ ഉൾക്കൊള്ളട്ടെ. വീട്ടിലെ പട്ടിണിയിൽനിന്നും ഒരാളെങ്കിലും രക്ഷപ്പെടട്ടെ എന്നോർത്തിരിക്കുമോ ആ അച്ഛനുമമ്മയും മകളെ വിവാഹം കഴിപ്പിച്ചുവിട്ടപ്പോൾ? അതോ മകൾക്കു കല്യാണമായില്ലേ? എന്ന സ്ഥിരം ചോദ്യങ്ങളിൽ നിന്നൊരു രക്ഷപ്പെടലിനോ? ആഹാരം മാത്രമാണോ ഒരാളിനാവശ്യം? വിവാഹമാണോ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം? തങ്ങൾക്കു ജീവിതച്ചെലവു താങ്ങാനാവാത്തതിനു നടതള്ളേണ്ടവരാണോ പെൺമക്കൾ? പണ്ടുകാലങ്ങളിലുമുണ്ടായിരുന്നില്ലേ സന്താനനിയന്ത്രണോപാധികൾ? തങ്ങളുടെ സുഖങ്ങൾ ത്യജിച്ച് ആരും ജീവിക്കണമെന്നു പറയുകയല്ല. വളർത്താൻ നിവൃത്തിയില്ലാത്തവർ സൃഷ്ടിക്കുന്നതെന്തിന്? വിവാഹശേഷം പങ്കാളിയ്ക്കു സംഭവിക്കുന്ന ഏതു ദുര്യോഗവും സഹിക്കുവാനും അവരെ കരുണയോടെ പരിചരിക്കുവാനും ഓരോ വ്യക്തിയും ബാധ്യസ്ഥരാണ്, നമ്മെ ദ്രോഹിക്കുകമാത്രം ചെയ്തവരാണെങ്കിൽപ്പോലും.

എനിയ്ക്കറിയാവുന്ന ഒരു പെൺകുട്ടി, അവളാണെന്നെക്കൊണ്ടിതെഴുതിക്കുന്നത്. സൗമ്യശീലയും ആരോഗ്യവതിയുമായിരുന്നു അവൾ. നിർധനകുടുംബത്തിലെ അംഗം. സാമാന്യം നല്ല സാമ്പത്തികശേഷിയുള്ള, ധാരാളം അംഗങ്ങളുള്ള ഒരു കുടുംബത്തിലാണവൾ സുമംഗലിയായി എത്തിയത്. എല്ലാവരും സ്നേഹശീലർ, പരസ്പരസഹകരണത്തോടെയും ഒത്തൊരുമയോടെയും ജീവിക്കുന്ന മാതൃകാകുടുംബം. എല്ലാവരെയും സ്നേഹിച്ചും എല്ലാവരാലും സ്നേഹിക്കപ്പെട്ടും തന്നെയാണ് അവൾ ജീവിക്കുന്നതും. ഒന്നുമാത്രമേ ഉള്ളു അവിടെ ശരിയല്ലാതെ പോയത്, അവളുടെ ജീവിതപങ്കാളി! ചെറിയചെറിയ ജോലികൾ ചെയ്യുമെങ്കിലും അധികരിച്ച വൈരൂപ്യവും പെരുമാറ്റവൈകല്യവും അപസ്മാരവും ഒത്തുചേർന്നൊരു മനുഷ്യൻ! രോഗിയായതോ സൗന്ദര്യമില്ലാത്തതോ അയാളുടെ കുറ്റമല്ല. ആരും കബളിപ്പിച്ചു നടത്തിയ വിവാഹവുമല്ല. എങ്കിലും പ്രസവിച്ച അമ്മയും പോറ്റിവളർത്തിയ അച്ഛനും എന്തിന്റെ അടിസ്ഥാനത്തിലാണ് മകൾക്ക് ഇങ്ങനെയൊരു വിവാഹം സമ്മാനിച്ചത്? അവൾക്കു സമ്മതമായിരുന്നുവോ അയാളുടെ പങ്കാളിയാകുവാൻ.? വിവാഹം കഴിഞ്ഞാൽ മകന്റെ രോഗം മാറുമെന്ന മിഥ്യാധാരണയാണോ ഈ വ്യക്തിയ്ക്കൊരു പത്നിയെ കണ്ടെത്താൻ അയാളുടെ മാതാപിതാക്കളെ പ്രേരിപ്പിച്ചത്? ഓരോ പ്രാവശ്യം അവളെ കാണുമ്പോഴും എന്റെ മനസ്സിലൂടെ ഒരുപാടു ചോദ്യങ്ങൾ കടന്നുപോയിരുന്നു. എങ്ങിനെയാണ് ഇങ്ങനൊരു മനുഷ്യന്റെ ഭാര്യയായി ഈ കുട്ടി ജീവിക്കുന്നത്? അവളുടെ രാത്രികൾ എത്ര ദുസ്സഹങ്ങളായിരിക്കും? അയാളുടെ ഭ്രാന്തൻകാമങ്ങൾ അവളെ എത്രമാത്രം നോവിച്ചിരിക്കില്ല?

ചുംബനങ്ങൾ എങ്ങനെ ഉൾക്കൊള്ളാനാവുന്നു? എങ്ങിനെയാണവൾ ഇങ്ങനെ പരാതിയോ പരിഭവമോ ഇല്ലാതെ ജീവിക്കുന്നത്? നല്ല ഒരു മകളാണവളുടേത്. നല്ലത്, ഞാനോർത്തു. ഏതാനും ദിവസങ്ങൾക്കു മുൻപ് അയാൾ എന്നെ കാണാൻവന്നിട്ടു പറഞ്ഞു, ഡോക്ടർ, എന്റെ മകൾക്കു സുഖമില്ല, അവൾ എന്തൊക്കെയോ ആംഗ്യങ്ങൾ കാട്ടുകയും പേടിക്കുകയും ചെയ്യുന്നു. സത്യമായും ഞാൻ നടുങ്ങി , എന്താണു ഞാനീ കേൾക്കുന്നത്? ആ അമ്മയെയും മകളെയും എനിക്കുകാണണം എന്നു ഞാൻ അയാളോടു പറഞ്ഞു. ഇന്നലെ അവരെത്തി, ആ കുട്ടി സാധാരണപോലെതന്നെ. പക്ഷേ വളരെക്കുറച്ചേ മിണ്ടിയുള്ളു. തീരെ കുഞ്ഞായിരിക്കുമ്പോൾ മുതൽ കാണുന്ന അടുപ്പത്തിൽ എന്നോട് ഓരോരോ സംശയങ്ങൾ ചോദിക്കുമായിരുന്ന ആ പതിനഞ്ചുകാരി അന്നു വെറുതേ മൂളുകയും തലയാട്ടുകയും മിക്കപ്പോഴും ശൂന്യമായി നോക്കുകയും മാത്രം ചെയ്തു. ഒരു മരണവീട്ടിൽനിന്നുള്ള മടങ്ങിവരവു മുതലായിരുന്നു അവൾക്കു ഭാവമാറ്റങ്ങൾ കണ്ടുതുടങ്ങിയത്. . അവളുടെ അമ്മയെ എനിക്കഭിമുഖീകരിക്കാൻ വയ്യായിരുന്നു. ഞാൻ അപ്പോൾ ഒരു ഡോക്ടർ അല്ലായിരുന്നു, അവളുടെ സ്വന്തം കൂടപ്പിറപ്പായിരുന്നു. കുറേ ഉപദേശങ്ങളും മരുന്നുകളും കൊടുത്തുവിട്ടു ഞാനവർക്ക്. ആ അമ്മയ്ക്ക്, എനിക്കു പറ്റുന്ന രീതിയിൽ സാന്ത്വനവും. സകല പ്രതീക്ഷകളും അറ്റ് വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ട് എന്റെ മുറിയിൽനിന്നിറങ്ങിപ്പോയ ആ രൂപം എന്നെ വല്ലാതെ നോവിക്കുകയാണ്. അവളുടെ ദുർവിധിയുടെ പങ്കുപറ്റാൻ അവളെ ഇതിലേയ്ക്കു തള്ളിവിട്ടവർ തയ്യാറാകുമോ? അവൾക്കു നോവുന്നതുപോലെ അവർക്കാർക്കെങ്കിലും നോവുമോ? കുലമഹിമയിലും ജാതകപ്പൊരുത്തത്തിലും കുരുങ്ങി മനപ്പൊരുത്തമില്ലാത്ത പങ്കാളിയെ സ്വീകരിക്കേണ്ടി വരുന്നവർ, അഹന്തകൾക്കും അവഗണനകൾക്കും മുൻപിൽ സ്വത്വം അടിയറവെയ്ക്കേണ്ടി വരുന്നവർ, സർഗ്ഗവാസനകളെ താഴിട്ടുപൂട്ടി അടിമപ്പണി ചെയ്യേണ്ടി വരുന്നവർ, സ്വന്തം അധ്വാനഫലം മറ്റുള്ളവരാൽ ചൂഷണം ചെയ്യപ്പെടുന്നവർ, ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു സ്വതന്ത്രവിഹായസ്സു തേടിപ്പറക്കുന്നവർ, മനസ്സ് കൈവിട്ടുപോകുന്നവർ, സ്വയം എരിഞ്ഞുതീരുന്നവർ, പിന്നെ, ജീവിതം ഊരിയെറിഞ്ഞു കടന്നുപോകുന്നവരും. ഒരു രോഗി മുറിയിൽ നിന്നും ഇറങ്ങുമ്പോൾത്തന്നെ മനസ്സിൽനിന്നും അയാൾ പോയിരിക്കണം എന്ന, എന്റെ ഗുരുവായ തോമസ് ഡോക്ടറിന്റെ ഉപദേശം എനിയ്ക്കു പിൻതുടരാൻ പറ്റാത്തതെന്തേ? മരുന്നിന്റെ കൂടെ എന്റെ രോഗികൾ എന്നിൽനിന്നും സാന്ത്വനം തേടുന്നതെന്തിനേ? അവരുടെ ഓരോ നോവുകളും എന്നെ വീണ്ടുംവീണ്ടും നോവിക്കുന്നതുമെന്തിനായ്? ○

*പേജ് 33 തുടർച്ച*

ലൂടെ കടന്നുപോയിട്ടാണ് അവർ ചെറുപ്പക്കാരെ ബാധിക്കുന്ന പുതിയ തരം രക്തക്കുഴൽ തകരാറ് മ്യൂക്കോയിഡ് വാസ്ക്കുലോപതി (Mucoid Vasculopathy) കണ്ടെത്തിയത്. പോഷകാഹാരത്തിന്റെ അസന്തുലിതാവസ്ഥയാണ് ഇതിന് കാരണമെന്നും അവർ തിരിച്ചറിഞ്ഞു. വൈദ്യശാസ്ത്രമേഖലയിൽ വിജയം കൈവരിക്കാൻ ഒരു പാട് വിവേചനങ്ങളെ നേരിടേണ്ടിവരുമെന്നുള്ളതിന് ഡോക്ടർ സന്ധ്യാറാണി ഒരു ഉദാഹരണം മാത്രമാണ്. വളരെയധികം വനിതാ ഡോക്ടർമാർ ഇത്തരത്തിൽ ലിംഗപരമായ വിവേചനം അനുഭവിച്ച് തൊഴിൽ ചെയ്യുന്നു[4].

ആരോഗ്യരംഗത്ത വാണിജ്യവൽക്കരണത്തിന്റെ ഫലമായി സേവനമായി കരുതപ്പെട്ടിരുന്ന വൈദ്യവൃത്തിയുടെ സുതാര്യത. നഷ്ടപ്പെടുന്ന സമകാലീന സാഹചര്യത്തിലാണ് ഇന്ന് ജനങ്ങൾ ജീവിക്കുന്നത്. ഡോക്ടർ- രോഗി ബന്ധത്തിലുണ്ടായിരുന്ന പരസ്പര വിശ്വാസത്തിനു വിള്ളൽ സംഭവിച്ചിട്ടുണ്ട്. 1951 ൽ സ്ഥാപിതമായ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അമ്പത് വിദ്യാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. രണ്ടായിരത്തി ഏഴ് ആയപ്പോഴേക്കും അത് ഇരുനൂറായി വർദ്ധിച്ചു. അതിൽ നൂറ്റിഒന്ന് വനിതകൾ ഉണ്ടായിരുന്നു എന്നത് മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ സ്ത്രീകളുടെ വർദ്ധനവിനെ സൂചിപ്പിക്കുന്നു. വരുംകാലങ്ങളിൽ മെഡിക്കൽ രംഗത്ത് കൂടുതൽ വനിതകളുടെ സാന്നിദ്ധ്യം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കാം. അതുവഴി ആരോഗ്യമുള്ള ഒരു ജനസമൂഹത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളാകാനും വനിതകൾക്ക് സാധിക്കും. ○

സഹായകഗ്രന്ഥങ്ങൾ


1. Women and Science in India A Reader edited by Neelam Kumar. Oxford University Press. New Delhi. 2009
2. Women and Medicine Joyce leeson and Judiat gray. Tavistock Publications Limited. London 1978
3. കേരള ആരോഗ്യ മാതൃക വിജയത്തിൽ നിന്നു പ്രതിസന്ധിയിലേക്ക്. ഡോ. ബി.ഇക്ബാൽ. മാതൃഭൂമി ബുക്സ് 2006
4. ലീലാവതിയുടെ പെൺമക്കൾ : (എഡിറ്റർ) രോഹിണി ഗാഡ്ബൊളെ, രാം രാമസ്വാമി. ശാസ്ത്ര സാഹിത്യ പരിഷത്ത് :2013


*അമ്പിളി പി.സി.- ഗവേഷക, യൂണിവേഴ്സിറ്റി ലൈബ്രറി, തിരുവനന്തപുരം* ○

# അന്വേഷി കേസ് ഡയറി



സ്മിത

രമ്യ അതാണവളുടെ പേര്. അവളും അമ്മയും വലിയ വിഷമത്തോടെയാണ് അന്വേഷിയിലെത്തിയത്. അവരെ സമാധാനിപ്പിച്ച് കാര്യങ്ങൾ അന്വേഷിച്ചപ്പോൾ വളരെ വിചിത്രമായ കഥയുടെ ചുരുളഴിഞ്ഞു.

രമ്യ +2വിനു പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരു യുവാവുമായി പ്രണയത്തിലായി. അന്യജാതിയിൽപ്പെട്ട രമേഷുമായുള്ള ബന്ധത്തെ വീട്ടുകാർ എതിർത്തു. 18 വയസ്സ് പൂർത്തിയായപ്പോൾ തന്നെ രമ്യ ആ യുവാവിന്റെ കൂടെ ആരുമറിയാതെ പോയി. പോവുന്ന സമയത്ത് ഇട്ടിരുന്ന ആഭരണങ്ങൾ ഏകദേശം 10 പവന്റെയടുത്ത് വരും അതും കുറച്ചു പൈസയും അവളുടെ കയ്യിലുണ്ടായിരുന്നു.

ജീവിതം തുടങ്ങിയ സമയത്താണ് അവൾ ആ യുവാവിന്റെ യഥാർത്ഥരൂപം മനസ്സിലാക്കുന്നത്. മദ്യത്തിനും കഞ്ചാവിനും അടിമയായിരുന്നു അയാൾ. മദ്യപിച്ച് വന്ന് സ്ഥിരം വഴക്കായിരുന്നു വീട്ടിൽ. അവൾ ആരേയും അറിയിക്കാതെ സഹിച്ചു. ചെറിയൊരു ജോലി സമ്പാദിച്ചു ജോലി ചെയ്തു ജീവിച്ചു. അതിൽ നിന്നും കിട്ടുന്ന വരുമാനം മുഴുവൻ അയാൾ തട്ടിയെടുത്തു. കൊടുത്തില്ലെങ്കിൽ മർദ്ദനമായിരുന്നു. ആരും സഹായത്തിനില്ലാതെ വളരെ ചെറിയ പ്രായത്തിൽ തന്നെ താങ്ങാനാവാത്ത ഭാരം ചുമന്ന് അവശയായ രമ്യക്ക് ഒരു താങ്ങായി ആരും ഉണ്ടായിരുന്നില്ല. കൂടാതെ ഇയാളുടെ പരസ്ത്രീ ബന്ധവും സഹിക്കാൻ കഴിയുന്നതായിരുന്നില്ല.

എന്നാലും എവിടെയും പോവാനും എന്തുചെയ്യണമെന്നറിയാതെ മൂന്നുവർഷം അയാളുടെ കൂടെ കടിച്ചുപിടിച്ച് ആ ദുരിതജീവിതം തുടർന്നു. ഒരിക്കൽ അയാളുടെ മർദ്ദനം അസഹനീയമായതിനെത്തുടർന്ന് വീടുവിട്ടിറങ്ങി സ്വന്തം വീട്ടിലേക്ക് പോയി. വീട്ടുകാർ അവരെ സ്വീകരിച്ചില്ല. എങ്ങോട്ട് പോകണമെന്നറിയാതെ നിൽക്കുമ്പോഴാണ് അമ്മയുടെ ചേച്ചിയെ ഓർമ്മ വന്നത്. അവരുടെ അടുത്തേക്കാണ് അവൾ പോയത്.അവർ കൊടുത്ത ധൈര്യത്തിൽ കോടതിയിൽ കേസ് ഫയൽ ചെയ്തു. അമ്മയുടെ ചേച്ചി രമ്യയെ അവരുടെ കൂടെ താമസിപ്പിക്കാൻ തയ്യാറല്ലായിരുന്നു. ഒരു കൂട്ടുകാരി രമ്യയ്ക്ക് സ്വന്തം വീട്ടിൽ അഭയം കൊടുത്തു. ആറുമാസം അവിടെ താമസിച്ചു. അതിനിടെ അമ്മയുടെ ചേച്ചി അവളുടെ അമ്മയോടും വീട്ടുകാരോടും സംസാരിച്ചു. വിവാഹമോചനം ചെയ്ത് ഭർത്താവിനെ ഒഴിവാക്കിയാൽ സ്വീകരിക്കാമെന്ന് അവർ പറഞ്ഞു.കോടതിയിൽ രമേഷ് ഹാജരാവാതിരുന്നതിനാൽ വിവാഹമോചനം കിട്ടി.എന്നാൽ വീട്ടുകാർ വാക്കു പാലിച്ചില്ല. അവർ രമ്യയെ ഹോസ്റ്റലിൽ ആക്കി. ഈ സാഹചര്യത്തിലാണ് അന്വേഷിയിലെത്തുന്നത്. വളരെ ദയനീയമായ സ്ഥിതിയായിരുന്നു. വീട്ടുകാർ സ്വീകരിക്കുന്നില്ല, ജോലിയില്ല, ആശിച്ച ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ. അവളുടെ ഉറക്കം പൂർണ്ണമായി നഷ്ടപ്പെട്ടു. അന്വേഷിയിലെത്തിയപ്പോൾ അവളോട് കാര്യങ്ങൾ ചോദിച്ചറിയുകയും അവളോട് കാര്യങ്ങൾ ചോദിച്ചറിയുകയും വൈകാരികമായ പിന്തുണ നൽകുകയും ചെയ്തു. നിയമപരമായി ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ച് അവളെ ബോധവതിയാക്കി. അവളുടെ വീട്ടുകാരുമായി ബന്ധപ്പെട്ടപ്പോഴാണ്. സഹോദരീഭർത്താവാണ് ഇതിനു പിന്നിൽ കളിക്കുന്നതെന്ന് മനസ്സിലായി. അച്ഛന്റെ നിയന്ത്രണത്തിലായിരുന്നു കാര്യങ്ങൾ. അച്ഛനാണെങ്കിൽ മൂത്തമരുമകന്റെ നിയന്ത്രണത്തിലും. അയാളുടെ ലക്ഷ്യങ്ങൾ മനസ്സിലായതോടെ അന്വേഷി ശക്തമായി ഇടപെട്ടു. അവളുടെ അമ്മയെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. പക്ഷേ അമ്മക്ക് അവളെ വീട്ടിൽ കയറ്റാനുള്ള അധികാരം ഇല്ലായിരുന്നു. അച്ഛന് അന്വേഷി ഓഫീസിലേക്ക് വരാൻ പറ്റാത്ത സാഹചര്യമായതുകൊണ്ട് അയാളുമായി ഫോണിലൂടെ ബന്ധപ്പെട്ടു. കാര്യങ്ങളെല്ലാം മനസ്സിലാക്കിയിട്ടും അവർ സഹോദരീ ഭർത്താവിന്റെ കൂടെ തന്നെ നിന്നു. മറ്റൊരു മാർഗ്ഗവും ഇല്ലാത്തതുകൊണ്ട് അന്വേഷിയുടെ ലീഗൽ എയ്ഡ് സെല്ലുമായി ബന്ധപ്പെട്ട് വക്കീലിന്റെ ഉപദേശപ്രകാരം പെറ്റീഷൻ തയ്യാറാക്കി പോലീസ് സ്റ്റേഷനിൽ കൊടുത്തു. പോലീസ് സഹായത്തോടെ രമ്യയെ അന്വേഷിയിലെ കമ്മ്യൂണിറ്റി വർക്കേഴ്സ് വീട്ടിൽ കൊണ്ടാക്കി. വീട്ടിലെത്തിയത് രമ്യക്ക് അവിശ്വസനീയമായിരുന്നു. ഒരിക്കലും വീട്ടിൽകയറാൻ കഴിയുമെന്ന് അവൾ വിചാരിച്ചിരുന്നില്ല. അതിലുമുപരിയായി നഷ്ടപ്പെട്ടുവെന്നു കരുതിയ അമ്മയേയും കിട്ടി. തെരുവിലാകുമെന്ന് ഭയന്ന രമ്യക്ക് എല്ലാം തിരിച്ചുകിട്ടി. വീണ്ടും പഠനത്തിലേക്കും ജോലിയിലേക്കും തിരിയണമെന്നും എന്തുവിഷമമുണ്ടായാലും അന്വേഷിയിലെത്തണമെന്നും രമ്യയോട് പറഞ്ഞു. ഒരാഴ്ച കഴിഞ്ഞ് വിളിച്ചപ്പോൾ അവൾ വളരെയേറെ സന്തോഷവതിയായിരുന്നു. ○


വായനാനുഭവം



ഷംഷാദ് ഹുസൈൻ

# അതിരുകൾ മായ്ക്കുന്ന സ്ത്രീവാദ സങ്കല്പങ്ങൾ

ഇസ്ലാമിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക സാധ്യതകളെ ആദ്യ മായി ഒരു പുസ്തകത്തിലൂടെ നാമ റിയുന്നത് ഒരു പക്ഷെ ഫാത്തിമ മെർ നസിയുടേ താകാം. ആമിനാവദൂദി ന്റെ പുസ്തകം ആദ്യം മലയാളത്തി ലാക്കപ്പെട്ടു എങ്കിലും മെർനസിയു ടെ പുസ്തകം അതിനു മുമ്പെ മല യാളത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. Vail and the Male Elite എന്ന പു സ്തകം തുടങ്ങുന്നത് ഒരു വ്യക്തി ഗത അനുഭവത്തിൽ നിന്നാണ്. ഒ രു പലചരക്കു കടക്കാരൻ ഉദ്ധരിച്ച ഹദീസ് വാക്യം ബാലികയായിരുന്ന മെർനസിക്ക് വളരെയധികം അപമാ നകരമായി തോന്നി സ്ത്രീയെ കൈ കാര്യ കർത്തൃത്വം ഏല്പിക്കുന്ന ഒ രു ജനതയും വിജയിക്കുകയില്ല എ ന്നതായിരുന്നു ആ ഹദീസ് സൂക്തം. ഈയൊരനുഭവത്തിൽ നിന്നാണ് ഫാത്തിമ മെർനസി ഇസ്ലാമിലെ സ് ത്രീയുടെ പദവിയെക്കുറിച്ചുള്ള ഗ വേഷണമാരംഭിക്കുന്നത്. ഇത് ഹദീ സുകളെക്കുറിച്ചു മാത്രമല്ല ഖുർആ നിലെയും അറേബ്യൻ ചരിത്രത്തി ലെയും നബിയുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തിയ നുഭവങ്ങൾവരെ പഠന വിധേയമാ ക്കുന്നതിലേക്ക് പിന്നീടവരുടെ അ ന്വേഷണം നീങ്ങുന്നതു കാണാം. മെർനസിയുടെ മറ്റൊരു പ്രധാന പഠ നം ലോകമെമ്പാടുമുള്ള മുസ്ലീം സ് ത്രീ ഭരണകർത്താക്കളെ ക്കുറിച്ചുള്ള അന്വേഷണമാണ്. ഈ പുസ്തകം ആരംഭിക്കുന്നതു തന്നെ ഇന്ത്യയി ലെ റസിയ സുൽത്താനയിൽ നിന്നാ ണ്. ഇങ്ങനെ വിവിധ രാജ്യങ്ങളിൽ മുസ്ലീം ഭരണകൂടങ്ങളിലുണ്ടായിട്ടു ള്ള സ്ത്രീകളായ ഭരണകർത്താക്ക ളെ കുറിച്ചുള്ള വിവരങ്ങളാണീ പു സ്തകത്തിന്റെ പ്രധാന ആകർഷ ണം. ഒരു പക്ഷെ ഈ പഠനത്തിനും വഴി വെച്ചത് തുടക്കത്തിൽ പറഞ്ഞ ഹദീസ് വാക്യം കേട്ട വ്യക്തിഗത അനുഭവമാകാം. എന്തായാലും ഫാ ത്തിമ മെൻനസിയുടെ വ്യക്ത്യനു ഭവങ്ങൾ എങ്ങനെയാണവരുടെ പഠ നങ്ങളുടെ സൈദ്ധാന്തിക ദിശ നിർ ണ്ണയിച്ചിട്ടുള്ളതെന്ന് ഇത്തരം പഠന ങ്ങളിൽ നിന്നുതന്നെ നമുക്ക് വള രെ വ്യക്തമാണ്. ഇപ്പോൾ മലയാ ളീകരിക്കപ്പെട്ടിട്ടുള്ള ഈ പുസ്തക ത്തിന്റെ പ്രാധാന്യവും ഈ നില യിൽ വിലമതിക്കാനാവാത്തതാണ്. സാമാന്യമായി നോക്കിയാൽ ഫാ ത്തിമ മെർനസിയുടെ ബാല്യകാലാ നുഭവ ങ്ങളാണ് വേലിചാടുന്ന




പെൺകിനാവുകൾ എന്ന പുസ്തകത്തിന്റെ പ്രമേയം. പക്ഷെ അതോടൊപ്പം ചു രുൾ നിവരുന്നത് കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യ ദശകങ്ങ ളിൽ നിലനിന്നിരുന്ന മൊറോ ക്കൻ ഹരീം എന്നറിയപ്പെ ട്ട വലിയ കൂട്ടുജീവിത വ്യവ സ്ഥയും അതിലെ ജീവിത രീതികളുമാണ്. സ്ത്രീകളു ടെ അന്ത:പുരം എന്നിതിനെ പ്രസാധകരും വിവർത്തക നും വിശേഷിപ്പിക്കുന്നു. ഇ തിനകത്തുള്ള വ്യത്യസ്ത ത ലമുറകളിൽപെട്ട സ്ത്രീകളു ടെ ജീവിത രീതികളും താ ല്പര്യങ്ങളും മതത്തെയും സ്ത്രീ സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള അവരുടെ സമീ പനങ്ങളുമെല്ലാം രസകരമാ യി പ്രതിപാദിക്കുന്നുണ്ട് ഈ പുസ്തകത്തിൽ.

ഇസ്ലാമിനെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിശ്വാസ സംഹിതയെ മുഴുവൻ പുനർവായിക്കാനും വ്യത്യസ്ത സംസ്കാരങ്ങളിൽ പുലരുന്ന ഇസ്ലാംമത വിശ്വാസികളെ മുഴുവൻ സ്വാധീനിക്കാനുമുള്ള കരുത്ത് എങ്ങനെയാണ് തന്റെ പഠനങ്ങൾക്കുണ്ടായതെന്ന് ഒരളവു വരെ ഈ പുസ്തകം വ്യക്തമാ ക്കുന്നുണ്ട്. ഈ ഹരീമിൽ സാമ്പ്രദാ യിക രീതികളെ അനുസരിച്ച്/ ചോദ്യം ചെയ്ത് ജീവിക്കുന്ന അവരു ടെ അമ്മ ഇതിൽ പ്രധാന ഘടക മാണ്. തന്റെ പിറവി മുതൽക്കിങ്ങോട്ട്

അമ്മ നടത്തുന്ന പ്രതിരോധങ്ങളെ ഇതിൽ രേഖപ്പെടുത്തുന്നു. ആൺകുഞ്ഞ് ജനിച്ചാലും പെൺകുഞ്ഞു ജനിച്ചാലും ഒരേ നിയമമല്ല. അമ്മ അവിടെ നിന്നു തുടങ്ങുന്ന അമ്മയുടെ പ്രതിരോധങ്ങളെക്കുറിച്ച് മെർനസി എഴുതുന്നതിങ്ങനെ.

വ്രതമാസമായ റമദാനിലെ നീണ്ട ഒരു പകലിൽ ഒരേ ദിവസമാണ് ഞാനും സമീറും ജനിച്ചത്. ആദ്യം പുറത്തു വന്നത് അവനാണ്. രണ്ടാം നിലയിൽ അവന്റെ അമ്മയുടെ ഏഴാമത്തെ സന്തതിയായി അവൻ പിറന്നുവീണു. ഒരു മണിക്കൂർ കഴിഞ്ഞ് താഴത്തെ നിലയിലെ ഞങ്ങളുടെ മുറിയിൽ എന്റെ മാതാപിതാക്കളുടെ ആദ്യ കുഞ്ഞായി ഞാനും പിറന്നു. അമ്മയ്ക്ക് നല്ല ക്ഷീണമുണ്ടായിരുന്നു. സമീറിന്റെ ജനനം സ്വാഗതം ചെയ്തപോലെ അതേ ആഘോഷങ്ങളും ആചാരങ്ങളും നടത്തി അമ്മാവിമാരും ബന്ധുക്കളും എന്റെ ജനനവും കൊണ്ടാടണമെന്ന് അമ്മ വാശിപിടിച്ചു. അമ്മ എപ്പോഴും ആൺകോയ്മയെ തീർത്തും മുസ്ലീം വിരുദ്ധമായൊരു അസംബന്ധമായി തള്ളിക്കളഞ്ഞു. അല്ലാഹു നമ്മളെയെല്ലാം ഒരുപോലെയാണ് സൃഷ്ടിച്ചത് അവർ പറയും. അന്ന് വൈകുന്നേരം വീട്ടിൽ വീണ്ടും പരമ്പരാഗത യൂ-.യൂ-യൂ ആരവം (ജനനം, കല്യാണം, അലങ്കാരത്തുന്നലുകളുടെ സമാപനം, പ്രായമായ അമ്മാവിമാർക്കു വേണ്ടി സംഘടിപ്പിക്കുന്ന വിരുന്ന് തുടങ്ങിയ ആഹ്ലാദവേളകളിൽ ആലപിക്കുന്ന ഗാനം) മുഴങ്ങുകയും രണ്ടാമതൊരു ആൺകുഞ്ഞ് കൂടി പിറന്നോ എന്ന് അയൽക്കാരൊക്കെ സംശയിക്കുകയും ചെയ്തതായി ഇതിനെക്കുറിച്ച് പിന്നീട് അമ്മ അനുസ്മരിക്കുകയുണ്ടായി. (പുറം 21)

പിന്നീട് വാക്കുകളെ സൂക്ഷിച്ചു പയോഗിക്കുന്നതിന് (ഓരോ വാക്കും നാക്കിനു ചുറ്റും ഏഴു തവണ ചുഴറ്റിയെടുക്കുക എന്നതായിരുന്നു അവരുടെ ഉപദേശം) ഒച്ചയിടാനും പ്രതിഷേധിക്കാനും എല്ലാം അവളെ പരിശീലിപ്പിച്ചു. ശകാരം കേൾക്കുമ്പോൾ കരയാൻ തുടങ്ങിയാൻ പിന്നെയും നീ ശകാരം ക്ഷണിച്ചു വ

> ഏറ്റവും രസകരമായ ചേരി ലല്ലാറാദിയയുടെയും അവരുടെ മകൾ ശാമയുടേതുമാണ്. ശാമ ശക്തമായ രീതിയിൽ ഹരീമിനെയും അവിടുത്തെ വ്യവസ്ഥകളെയും എതിർത്തു. പൂർവ്വികരായ ഖലീഫാമാരെ വിമർശിച്ചു. ലല്ലാറാദിയ ഇതു തിരുത്താൻ ശ്രമിക്കും.

രുത്തും ഇതായിരുന്നു അവരുടെ ഉപദേശം.

കൂടാതെ യാസ്മിന മുത്തശ്ശി, ഹബീബ അമ്മായി, പാചകക്കാരിയായെ ത്തിയ അടിമയായിരുന്ന മീന, മച്ചുനത്തികളായ ശാമ, മലീക, മച്ചുനന്മാരായ സൈൻ, സെയ്ദ് തുടങ്ങിയവരിൽ നിന്നെല്ലാം താനാർജ്ജിക്കുന്ന അറിവുകൾ എങ്ങനെയാണവരുടെ ധാരണകളെ രൂപപ്പെടുത്തിയതെന്ന് പടിപടിയായി വെളിവാക്കുകയാണീ ബാല്യകാല അനുഭവങ്ങൾ. കുറെയധികം വ്യക്തികളും അതിൽ തന്നെ പല വിഭാഗക്കാരും ഉള്ളതുകൊണ്ട് അവരിൽ നിന്ന് ലഭിക്കുന്ന കാഴ്ചപ്പാടുകളും വ്യത്യസ്തമായിരുന്നു. അവർ താമസിക്കുന്ന വലിയ ഹരീമിനെക്കുറിച്ച്, മുതിർന്നവർ ധരിച്ചിരുന്ന ഹായ്ക് വസ്ത്രത്തെക്കുറിച്ച്, തലമറയ്ക്കുന്നതിനെക്കുറിച്ച്, പാരമ്പര്യത്തെയും ആധുനികതയെയും സംബന്ധിച്ച് എല്ലാം പരസ്പര വിരുദ്ധമായ ആശയങ്ങളാണ് പലരിൽ നിന്നും ലഭിച്ചത്. ഏറ്റവും രസകരമായ ചേരി ലല്ലാറാദിയയുടെയും അവരുടെ മകൾ ശാമയുടേതുമാണ്. ശാമ ശക്തമായ രീതിയിൽ ഹരീമിനെയും അവിടുത്തെ വ്യവസ്ഥകളെയും എതിർത്തു. പൂർവ്വികരായ ഖലീഫാമാരെ വിമർശിച്ചു. ലല്ലാറാദിയ ഇതു തിരുത്താൻ ശ്രമിക്കും.

സ്വന്തം മകൾ ഹരീമിനെ കുറിച്ചു പറഞ്ഞതൊക്കെ തെറ്റാണെന്ന് അവർ ഉറപ്പിച്ചു പറയുകയും ചെയ്തു. ഹരീമുകൾ വളരെ സുന്ദരമായ ലോകമാണ്. മാന്യന്മാരായ എല്ലാ പുരുഷന്മാരും പെണ്ണുങ്ങൾക്ക് ചെലവിന് കൊടുക്കാറുണ്ട്. അതിനാൽ അരക്ഷിതവും അപകടകരവുമായ തെരുവുകളിലേക്ക് അവർക്കിറങ്ങേണ്ടിവരില്ല. അവർ സ്ത്രീകളെ തറയിൽ മാർബിൾ വിരിച്ച ജലധാരകളുള്ള അരമനകളിൽ പാർപ്പിച്ചു. നല്ല ഭക്ഷണം നൽകി. ചന്തമുള്ള വസ്ത്രങ്ങളും ആഭരണങ്ങളും സമ്മാനിച്ചു. ഒരു പെണ്ണിന് സന്തോഷിക്കാൻ ഇതിനെക്കാളേറെ എന്താണ് വേണ്ടത്? കാവൽക്കാരൻ അഹ്മദിന്റെ ഭാര്യ ലൂസയെപ്പോലുള്ള പാവപ്പെട്ട പെണ്ണുങ്ങൾക്കേ കുടുംബം പോറ്റാൻ പുറത്തിറങ്ങി വേല ചെയ്യേണ്ടതുള്ളൂ. (പുറം 54)

ഇങ്ങനെ ചുരുക്കം ചിലരാണ് ഹരീമിനെ അനുകൂലിച്ചിരുന്നതെങ്കിലും ഈ കാഴ്ചപ്പാടുകൾ കുട്ടികളെ ആശയക്കുഴപ്പത്തിലാക്കുകയും അവർ സ്വതന്ത്രമായ അന്വേഷണങ്ങൾക്കുമുതിരുകയും ചെയ്യുന്നുണ്ട്. പക്ഷെ ഹരീമുകളിൽ തന്നെ പലതരങ്ങളുണ്ട് എന്നവർ മനസ്സിലാക്കുന്നു. ഫാമിലെ വീടുകൾക്ക് വലിയ മതിൽക്കെട്ടുകളില്ല. പക്ഷെ അധികാരിയും ഉടമയുമുള്ളതുകൊണ്ട് അവയും ഹരീമാണെന്ന് യാസ്മിന മുത്തശ്ശി വിശദീകരിച്ചു കൊടുക്കുന്നു. അപ്പോൾ എല്ലാ സ്ത്രീകളുടെയും ജീവിതത്തിനിടക്ക് മറഞ്ഞിരിക്കുന്ന ഒരു ഹരീം അവർക്ക് തിരിച്ചറിയാനാകുന്നു. പക്ഷെ അതിരുകളെക്കുറിച്ച് വേവലാതിപ്പെട്ട് തീർക്കേണ്ടതല്ല പെണ്ണിന്റെ ജീവിതം എന്ന ഉപദേശമാണവർക്ക് ലഭിക്കുന്നത്. അതിനിടയിലും ലഭ്യമാകുന്ന ഹാസ്യ വിനോദങ്ങളിലും ആനന്ദങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണവർക്കു കിട്ടുന്ന ഉപദേശം.

ഈ ഉപദേശം തന്നെയാവാം ഈ ഹരീം ജീവിതത്തെ സ്ത്രീകൾ എങ്ങനെയെല്ലാം സ്വീകരിച്ചു അതുമായി എങ്ങനെ നീക്കുപോക്കുകൾ നടത്തി എങ്ങനെയെല്ലാം അതിനോട് പ്രതിഷേധിച്ചു എങ്ങനെയെല്ലാം മാറ്റങ്ങളുണ്ടാക്കി എന്നെല്ലാമുള്ള സൂക്ഷ്മ നിരീക്ഷണങ്ങളാകുന്നു ഒരർത്ഥത്തിൽ ഈ ബാല്യകാലാനുഭവങ്ങൾ.

ഫാത്തിമ മെർനസിയുടെ അമ്മയും മച്ചൂനത്തി ശാമയുമാണ് പ്രധാനപ്പെട്ട പാരമ്പര്യ നിഷേധികൾ. ഹബീബ അമ്മായി ആശയപരമായി ഇവരോട് യോജിക്കുന്നുവെങ്കിലും അവരുടെ ഒറ്റപ്പെടലും വിവാഹമുക്തയെന്ന പദവിയുമെല്ലാം പാരമ്പര്യവുമായി നീക്കുപോക്കുകൾ നടത്തി അതിനോടൊപ്പം നിൽക്കാനവരെ നിർബന്ധിതയാക്കുന്നു. എന്നാൽ എല്ലാ പാരമ്പര്യ നിഷേധങ്ങളെയും ചെറുപുഞ്ചിരിയോടെ അവർ സ്വീകരിക്കുന്നു. മറ്റുള്ളവർ ആ പുഞ്ചിരി കാണാതിരിക്കാൻ അവർ ചുണ്ടുകൾ കോട്ടുന്നു.

ഹബീബ അമ്മായിയുടെ കഥ പറച്ചിലും ശാമയുടെ നാടകങ്ങളുമായിരുന്നു ഹരീമിലെ പ്രധാന വിനോദ പരിപാടികൾ. റേഡിയോ കേൾക്കാൻ സ്ത്രീകൾക്കനുവാദമുണ്ടായിരുന്നില്ല. എന്നാൽ പുരുഷന്മാരില്ലാത്ത നേരത്ത് റേഡിയോ സൂക്ഷിക്കുന്ന അലമാരക്ക് കള്ളത്താക്കോലുണ്ടാക്കി സ്ത്രീകൾ അത് ആസ്വദിക്കുമായിരുന്നു. റേഡിയോ ഓപ്പറേറ്റു ചെയ്യാൻ ശാമ വളരെ പ്രയാസപ്പെട്ടു.

ശ്യാമ അവസാനം അതിൽ വിജയിക്കുകയും ഉഹിബ്ബു ഇശ്തിൽ ഹുർരിയ്യ (സ്വതന്ത്രമായ ജീവിതത്തെ ഞാൻ ഇഷ്ടപ്പെടുന്നു ) എന്നത് പോലുള്ള ഗാനങ്ങൾ ഈജിപ്ഷ്യൻ ഗായകനായ അബ്ദുൽ വഹാബിന്റെ വികാരോഷ്മളമായ പുരുഷ ശബ്ദത്തിലൂടെ അന്തരീക്ഷത്തിൽ ഒഴുകിയെത്തുകയും ചെയ്യുമ്പോൾ അങ്കണത്തിൽ മുഴുവൻ സത്രീകളുടെയും മുഖത്ത് സന്തോഷം വിടരുന്നത് കാണാം. ശാമയുടെ മാന്ത്രിക വിരലുകൾ ലബനീസ് രാജകുമാരി അസ്മഹാന്റെ വശ്യ ശബ്ദം അഹ്വ അന അന അന അഹ്വ (ഞാൻ പ്രേമിക്കുന്നു ഞാൻ.....ഞാൻ.....ഞാൻ..... പ്രേമിക്കുന്നു) എന്ന ഗാനം ആലപിക്കുന്നത് പിടിച്ചെടുക്കുമ്പോൾ ഗൃഹാങ്കണത്തിലെ സ്ത്രീകൾ മുഴുവൻ ഹർഷോന്മാദിനികളാകും. തുല്യതയില്ലാത്ത ലഹരി ആപാദചൂഡം അവരെ ആവേശിക്കും. ചെരിപ്പുകൾ അന്തരീക്ഷത്തിലേക്ക് വലിച്ചെറിഞ്ഞ് ജല

ഹബീബ അമ്മായിയുടെ കഥ പറച്ചിലും ശാമയുടെ നാടകങ്ങളു മായിരുന്നു ഹരീമിലെ പ്രധാന വിനോദ പരിപാടികൾ. റേഡിയോ കേൾക്കാൻ സ്ത്രീകൾക്കനുവാദമുണ്ടായിരുന്നില്ല. എന്നാൽ പുരുഷന്മാരില്ലാത്ത നേരത്ത് റേഡിയോ സൂക്ഷിക്കുന്ന അലമാരക്ക് കള്ളത്താക്കോലുണ്ടാക്കി സ്ത്രീകൾ അത് ആസ്വദിക്കുമായിരുന്നു. റേഡിയോ ഓപ്പറേറ്റു ചെയ്യാൻ ശാമ വളരെ പ്രയാസപ്പെട്ടു.

ധാരയ്ക്ക് ചുറ്റും അണി നിരന്ന് നഗ്നപാദരായി നൃത്തമാടും. ഒരു കൈ കഫ്താന്റെ തലപ്പിൽ ഉയർത്തിപ്പിടിച്ചു മറുകൈ സാങ്കല്പിക പുരുഷ പങ്കാളിയെ വരിഞ്ഞു പിടിച്ചു കൊണ്ടുള്ള നൃത്തം (പുറം 108)

എന്നാലിതെപ്പോഴും ലഭ്യമല്ലാതിരുന്നതു കൊണ്ട് ശാമ ഇതെല്ലാം നാടകരൂപത്തിൽ അവതരിപ്പിക്കുന്ന വേദികളായിരുന്നു സ്ത്രീകൾക്ക് പ്രാപ്യമായ വിനോദോപാധി. വിദ്യാർത്ഥിയായ ശാമ വായിച്ച പുസ്തകങ്ങളിൽ നിന്നും വാർത്തകളിൽ നിന്നും അറിഞ്ഞ പ്രധാനപ്പെട്ട സ്ത്രീകളെയും അവരുടെ ജീവിതങ്ങളെയുമാണ് നാടകമാക്കിയത്. അസ്മഹാന്റെ ജീവിതം എല്ലാ വിശദാംശങ്ങളോടും കൂടി വേദിയിലവതരിപ്പിക്കപ്പെടുമ്പോൾ മൂന്നു തവണ വിവാഹമോചനം നേടിയ അപവാദങ്ങൾ കൊണ്ട് മൂടപ്പെട്ട 32-ാം വയസ്സിലൊടുങ്ങിയ ഹ്രസ്വ ജീവിതം ഹരീമിലെ സ്ത്രീകളുടെ ആവേശമായി മാറുന്നു.

മരണത്തോടെ അസ്മഹാൻ ജീവിച്ചിരുന്ന കാലത്തേക്കാൾ വലിയൊരു ഇതിഹാസമായി മാറി. സ്വതന്ത്രമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു ജീവിതം, അതെത്രമാത്രം ഹ്രസ്വവും അപവാദങ്ങൾ നിറഞ്ഞതുമാണെങ്കിലും ജീർണ്ണ പാരമ്പര്യങ്ങളുടെ ബന്ധനത്തിൽ വീർപ്പുമുട്ടുന്ന സുദീർഘമായ മുഷിപ്പൻ ജീവിതത്തേക്കാൾ എത്രയോ ഭേദമാണെന്ന് പുരുഷലോകത്തിനും സ്ത്രീ ലോകത്തിനും അവർ കാണിച്ചു കൊടുത്തു. സാഹസികത നിറഞ്ഞൊരു ജീവിത ത്തിൽ വിജയപരാജയങ്ങൾ ഒരു പ്രശ്നമല്ലെന്ന് അവർ തെളിയിച്ചു. സുരക്ഷിതമായ വാതിലുകൾക്ക് പിന്നിൽ ഉറങ്ങുന്നതിനേക്കാൾ ആസ്വാദ്യ മധുരമാണ് അത്തരമൊരു ജീവിതമെന്ന് അസ്മഹാൻ സ്വയം അടയാളപ്പെടുത്തി. ഹ്രസ്വവും ദുരന്ത പൂർണ്ണവുമെങ്കിലും അവിശ്വസനീയമാംവിധം ആവേശം തിരതല്ലുന്ന അവരുടെ ജീവിതത്തിന്റെ ചിത്രശകലങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് ഓടിയണയാതെ അവരുടെ ഒരു ഗാനവും നിങ്ങൾക്ക് മൂളാൻ കഴിയില്ല. (പുറം 112)

ഇവരെ കൂടാതെ ഈജിപ്റ്റിലെ ലെബനാനിലെയും ഫെമിനിസ്റ്റുകൾ, ആയിരത്തൊന്നു രാവുകളിലെ രാജകുമാരിമാർ, സുപ്രധാന മതനേതാക്കൾ ഇവരുടെയെല്ലാം ജീവിതങ്ങൾ ശാമ വേദിയിലവതരിപ്പിച്ചു. ഫെമിനിസ്റ്റ് നേതൃനിരയിൽ മൂന്നുപേരാണ് ശാമയുടെ പ്രിയ താരങ്ങൾ. ആയിശ തൈമൂർ (1840-1906) ഇവർ മരിക്കുന്നതുവരെ മൂടുപടത്തെക്കുറിച്ച് കവിതകളെഴുതിക്കൊണ്ടിരുന്നു. സൈനബ് ഫവ്വാസ് 1850 ൽ ജനിച്ച ഇവർ വീട്ടുവേലക്കാരിയായിരുന്നു. സ്വപ്രയത്നത്താൽ വായിക്കുകയും പണ്ഡിതയായി പ്രശസ്തയാവുകയും ചെയ്തു. പക്ഷെ ഹരീമിന് പുറത്തിറങ്ങാത്ത ഇവരുടെ ജീവിതം ചിത്രീകരിക്കുന്നതിൽ ഏറെ പ്രയാസപ്പെടേണ്ടി വന്നു. ഇവരിൽ ഏറ്റവും നാടകീയ സാധ്യതകളുള്ളതും കാണികളെ ആകർഷിച്ചതുമായ ജീവിതം ഹുദാഷരാവിയുടേതായിരുന്നു. ഇസ്ലാമിക സ്ത്രീവാദത്തിന്റെ ആദ്യവക്താക്കളിലൊരാളായി അറിയപ്പെടുന്ന ഹുദാഷരാവിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇതിലുണ്ട്.

പതിമ്മൂന്നാം വയസ്സിൽ വിവാഹബന്ധത്തിലേർപ്പെടാൻ നിർബന്ധിക്ക പ്പെട്ട ഹുജാ ശഅ്റാവി ശാമ

യുടെ ഹൃദയം കീഴടക്കി. കാരണം ഏതാനും ദശകങ്ങൾക്കകം ഹുദാശഅ്റാവി ഒരു സമൂഹത്തെ അപ്പാടെ സ്വന്തം ഇച്ഛാശക്തി കൊണ്ട് മാത്രം മാറ്റിമറിക്കയുണ്ടായി. വിരുദ്ധമെന്ന് തോന്നാവുന്ന രണ്ട് കാര്യങ്ങൾ ഒരേ സമയം നിർവ്വഹിക്കാൻ അവർക്ക് സാധിച്ചു; ബ്രിട്ടീഷ് അധിനിവേശത്തിന്നെതിരെ പൊരുതാനും, സ്ത്രീയെന്ന നിലയിൽ പരമ്പരാഗതമായി അനുഭവിച്ചു വരുന്ന ഉൾവലിഞ്ഞ ജീവിതത്തിന് അറുതിവരുത്താനും. 1919-ൽ ബ്രിട്ടീഷുകാർക്കെതിരിൽ സ്ത്രീകൾ നടത്തിയ ആദ്യത്തെ തെരുവ് പ്രകടനം നയിച്ചപ്പോൾ അവർ മൂടുപടം വലിച്ചെറിഞ്ഞു. പെൺകുട്ടികളുടെ വിവാഹ പ്രായം 16 ആക്കി ഉയർത്തിയ 1924-ലെ നിയമമടക്കം സുപ്രധാനമായ ഒട്ടനവധി നിയമങ്ങൾ കൊണ്ടുവരാൻ നിയമനിർമ്മാണ സഭാംഗങ്ങളിൽ അവർ സ്വാധീനം ചെലുത്തി. 1923-ൽ വോട്ടവകാശം പുരുഷന്മാരിൽ പരിമിതപ്പെടുത്തി ഭരണഘടന പാസ്സാക്കിയപ്പോൾ അവർ ഈജിപ്ഷ്യൻ ഫെമിനിസ്റ്റ് യൂണിയൻ രൂപവല്ക്കരിച്ചു സ്ത്രീകളുടെ വോട്ടവകാശത്തിന് വേണ്ടി വിജയകരമായി പൊരുതി (പുറം 135).

ഈ കാലഘട്ടത്തിലുണ്ടായ രാഷ്ട്രീയ മാറ്റങ്ങളും ഹരീമിനകത്തെ ചർച്ചകളായും ശാമയുടെ നാടകങ്ങളിലൂടെയും അനാവരണം ചെയ്യുന്നുണ്ട്. മുതിർന്നവരെക്കുറിച്ചും ശാരീരിക വളർച്ചകളെക്കുറിച്ചുള്ള ജിജ്ഞാസകളുമെല്ലാം ഒരു കൊച്ചുകുട്ടിയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള വിവരണം ഏറെ ശ്രദ്ധേയമായി തോന്നി. എങ്കിലും ഏറെ ശ്രമകരമായ ഹരീം ജീവിതത്തിൽ അവർ കണ്ടെത്തുന്ന ആനന്ദ നിമിഷങ്ങൾക്കു തന്നെയാണ് ഈ ആഖ്യാനത്തിൽ ഏറെ ആകർഷണീയതയുള്ളത്. അത് ടെറസിൽ അരങ്ങേറുന്ന അത്ഭുത കഥകളിലും കുളിപ്പുരകളിലുമെല്ലാമാണേറെയുള്ളത്. പാത്രം കഴുകുന്ന ജോലി പോലും ഒരു വിനോദാവസരമായി സ്ത്രീകൾ പ്രയോജനപ്പെടുത്തിയ രീതിയും ഏറെ രസകരമാണ്. കുളിപ്പുരകളെക്കുറിച്ചുള്ള നീണ്ട വിവരണങ്ങളും സൗന്ദര്യ വർദ്ധക വസ്തുക്കളുടെയും ചി

> പതിമ്മൂന്നാം വയസ്സിൽ വിവാഹബന്ധത്തിലേർപ്പെടാൻ നിർബന്ധിക്കപ്പെട്ട ഹുജാ ശഅ്റാവി ശാമയുടെ ഹൃദയം കീഴടക്കി. കാരണം ഏതാനും ദശകങ്ങൾക്കകം ഹുദാശഅ്റാവി ഒരു സമൂഹത്തെ അപ്പാടെ സ്വന്തം ഇച്ഛാശക്തി കൊണ്ട് മാത്രം മാറ്റിമറിക്കയുണ്ടായി. വിരുദ്ധമെന്ന് തോന്നാവുന്ന രണ്ട് കാര്യങ്ങൾ ഒരേസമയം നിർവ്വഹിക്കാൻ അവർക്ക് സാധിച്ചു; ബ്രിട്ടീഷ് അധിനിവേശത്തിന്നെതിരെ പൊരുതാനും, സ്ത്രീയെന്ന നിലയിൽ പരമ്പരാഗതമായി അനുഭവിച്ചു വരുന്ന ഉൾവലിഞ്ഞ ജീവിതത്തിന് അറുതിവരുത്താനും.

ല ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണത്തെക്കുറിച്ചുള്ള വിവരണങ്ങളും ഏറെ ദീർഘമാവുന്നതും ഇത്തരം രാഷ്ട്രീയ അജണ്ടയുടെ ഭാഗമാകാം. എന്തായാലും ആനന്ദത്തെയും വിപ്ലവത്തെയും വിരുദ്ധ ദ്വന്ദ്വങ്ങളായി കാണാൻ ഫാത്തിമ മെർനസി തയ്യാറാകുന്നില്ല. അതുകൊണ്ടു തന്നെ ഈ പുസ്തകം ഹരീം ജീവിതത്തിന്റെ ദുരിതങ്ങളെയല്ല അതിൽ സ്ത്രീകൾ കണ്ടെത്തുന്ന ആനന്ദത്തിന്റെയും പ്രതിഷേധങ്ങളുടെയും വിപ്ലവങ്ങളുടെയും ആവിഷ്കാരങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്.

സ്ത്രീകളുടെ വിമോചനാർത്ഥം എന്നെങ്കിലുമൊരു പോരാട്ടം നയിക്കേണ്ടി വരികയാണെങ്കിൽ ജീവിതത്തിന്റെ ആനന്ദരസങ്ങൾ ഒരിക്കലും അവഗണിക്കുകയില്ലെന്ന് അന്ന് ഞാൻ തീരുമാനിക്കുകയുണ്ടായി. ഹബീബ അമ്മായി പറഞ്ഞപോലെ, ജീവിതത്തിൽ നഷ്ടപ്പെട്ടത് നിങ്ങൾക്ക് തിരിച്ചു കിട്ടുന്നില്ലെങ്കിൽ എന്തിന് നിങ്ങൾ കലാപം നടത്താനും ലോകത്തെ മാറ്റിപ്പണിയാനും പോകണം? യഥാർത്ഥത്തിൽ നമുക്ക് ജീവിതത്തിൽ നഷ്ടപ്പെട്ടിട്ടുള്ളത് സ്നേഹവും ആർദ്രവികാരങ്ങളുമാണ്. പുതുലോകം വികാരരഹിതമായൊരു മരുഭൂമിയാകാൻ പോകുകയാണെങ്കിൽ പിന്നെ എന്തിന് നാം ഒരു വിപ്ലവം സംഘടിപ്പിക്കണം? (പുറം 137) എന്ന കാഴ്ചപ്പാടിന്റെ ഭാഗമാകാം ഈ ആഖ്യാന രീതിയും.

ഈ പുസ്തകത്തിന്റെ പ്രാധാന്യത്തെ ഞാൻ വിലയിരുത്തുക ഈ അർത്ഥത്തിൽ തന്നെയായിരിക്കും. സാമ്പ്രദായികമായി നാം പുലർത്തിപ്പോരുന്ന കുറെയധികം വിശ്വാസങ്ങളെ അതേപടി പിന്താങ്ങുന്നവയല്ല ഇതിലെ കാഴ്ചപ്പാടുകൾ പലപ്പോഴും നേർവിപരീതവുമാണ്. ഹരീം ജീവിതം ഒരു തടവറയാണെന്ന് അവർക്കുറപ്പുണ്ട്. എങ്കിലും ഒരു അന്ത:പുരവാസം പോലെ അതിലെ ആനന്ദങ്ങളെ ആവിഷ്കരിക്കാനും കണ്ടെടുക്കാനും ശ്രമിക്കുന്നു. ഇതിലേറ്റവും കൂടുതൽ ഭാഗഭാക്കാവുന്ന ഫാത്തിമ മെർനസിയുടെ അമ്മ നിരക്ഷരയാണ്. പാരമ്പര്യവാദത്തോടൊപ്പം നിൽക്കുന്ന ലല്ലാറാദിയ ഒരു പണ്ഡിതയും. ഈ തടവറ തകർക്കാനുള്ള ശ്രമങ്ങളെ പല നിലകളിൽ അടയാളപ്പെടുത്താനീ പുസ്തകം നടത്തുന്ന ശ്രമങ്ങളുടെ ഭാഗം കൂടിയാണീ സൂക്ഷ്മ നിരീക്ഷണങ്ങൾ. മാറ്റമെന്നത് ചില വിദ്യാസമ്പന്നകളായ സ്ത്രീകളുടെ ചുരു ങ്ങിയ കാലഘട്ടത്തിലെ ശ്രമഫലമാണെന്ന് ചില ചരിത്ര പുസ്തകങ്ങളെപ്പോലെ ഇത് കള്ളം പറയുന്നില്ല.

സാഹിത്യം, സാമൂഹ്യ ജീവിതം എന്നിവ മാത്രമല്ല മതപാഠങ്ങൾ വരെ പ്രതിഷേധങ്ങളുതിർക്കാനുള്ള ആയുധങ്ങളായി ഇവർ കണ്ടെടുക്കുന്നു. ആയിരത്തൊന്നു രാവുകൾ മലയാളി വായിക്കാനും വിവർത്തനം ചെയ്യാനും തുടങ്ങിയിട്ടുനാളുകളേറെയായി. എന്നാൽ സ്ത്രീകളുടെ വിമോചന പാഠമായി അതിനെ കാണുന്ന വായനകളേറെയില്ല. അത്ഭുത വനിതയായ ഷഹർസാദയും അവർ പറയുന്ന അത്ഭുതകഥകളുമായാണവയെ നാം കണ്ടത്. എന്നാൽ ശാമയുടെ ടെറസ് നാടകങ്ങളിലും ഹബീബ അമ്മായിയുടെ അത്ഭുത ആഖ്യാന ങ്ങളിലൂടെയും പല കഥകളും ഇതിൽ വിമോചന പാഠമാകുന്നു. പ്ര

ത്യേകിച്ചും ബദൂർ രാജകുമാരിയുടെ കഥ. അത് ഖമറുസമാന്റെ കഥയായാണ് പുസ്തക ത്തിൽ കൊടുത്തിട്ടുള്ളത്. തൊള്ളായിരത്തി അറുപത്തിരണ്ടാം രാവിലാണത് പറയുന്നത്.

ഭർത്താവിന്റെ അഭാവത്തിൽ പുരുഷവേഷം കെട്ടി പ്രതിസന്ധികളെ അതിജീവിച്ച രാജകുമാരിക്ക് പിന്നീട് ഹയാതുന്നുഫൂസ് രാജകുമാരിയെ കല്യാണം കഴിക്കേണ്ടി വരുന്നു. കുറെ ദിവസങ്ങൾ ഒഴിഞ്ഞു മാറിയെങ്കിലും ഒടുവിൽ എല്ലാം തുറന്നു പറഞ്ഞ് അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ പെരുമാറാൻ തുടങ്ങി. ബദൂൽരാജകുമാരി ഒരു കൈകൊണ്ട് ഭരണചക്രം തിരിക്കുകയും മറു കൈകൊണ്ട് പ്രിയതമനെ അന്വേഷിക്കാനുള്ള പരിശ്രമങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു (145)

ഇത് സ്ത്രീപുരുഷ വ്യത്യാസം വേഷത്തിൽ മാത്രമേയുള്ളു എന്ന നിലക്കു പോലും സ്ത്രീകൾക്ക് ധൈര്യം കൊടുത്ത കഥയായി സ്ത്രീകൾ വ്യാഖ്യാനിക്കുന്നു. മതാചാരങ്ങളുടെയും പുരുഷാധിപത്യത്തിന്റെയും തടവിൽ കിടക്കുന്നവരായി മാത്രം മുസ്ലീം സ്ത്രീകളെ കണ്ടു ശീലിച്ച നമുക്ക് വിമോചനം സ്വപ്നം കാണാൻ കഴിയുന്നവരായിപോലും അവരെ സങ്കല്പിക്കാനായില്ല എന്നർത്ഥം. അതുകൊണ്ടാവാം വിമോചന പാഠമായി ആയിരത്തൊന്നു രാവുകളെ നാം ഇതുവരെ കാണാതെ പോയത്.

ഇനി എന്താണ് ഈ വിവർത്തനത്തിന്റെ പ്രാധാന്യം എന്നു നോക്കാം. വിവർത്തകന്റെ അറബി പരിജ്ഞാനവും അറബ് സംസ്കാരത്തെക്കുറിച്ചുള്ള ജ്ഞാനവുമാണ് ഒന്നാമതായി ഇതിൽ പ്രകടമാകുന്നത്. ഇംഗ്ലീഷിനോടൊപ്പം അറബി വിവർത്തനങ്ങളും ചേർത്തുവെച്ചു കൊണ്ട് ഒരു സംസ്കാരത്തെ തന്നെയാണിതിൽ വിവർത്തനം ചെയ്യുന്നത്. ഒരു ഗാർഹിക ഇടത്തിലെ അനുഭവമെന്ന നിലക്ക് ഇതിലെ മലയാളത്തിനുമുണ്ട് സവിശേഷത. വീട്ടിലുപയോഗി ക്കുന്ന വിനിമയ ഭാഷയെന്ന നിലക്ക് അതിനു ചേർന്ന ഭാഷാ രീതി ഉപയോഗിക്കുന്നു. അതിനായി തെരഞ്ഞെടുത്ത വാക്കുകളാണ് വിവർ

> ഭർത്താവിന്റെ അഭാവത്തിൽ പുരുഷവേഷം കെട്ടി പ്രതിസന്ധികളെ അതിജീവിച്ച രാജകുമാരിക്ക് പിന്നീട് ഹയാതുന്നുഫൂസ് രാജകുമാരിയെ കല്യാണം കഴിക്കേണ്ടി വരുന്നു. കുറെ ദിവസങ്ങൾ ഒഴിഞ്ഞു മാറിയെങ്കിലും ഒടുവിൽ എല്ലാം തുറന്നു പറഞ്ഞ് അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ പെരുമാറാൻ തുടങ്ങി.

ത്തകൻ ഉപയോഗിച്ചിട്ടുള്ളത്. കോപ്പിരാട്ടി, പെമ്പറന്നോത്തി, അയഞ്ഞാം കൊയഞ്ഞാം മാഞ്ഞാളം, കുഞ്ഞോൾ, പടപ്പത്തരം, തടിയെടുക്കുക (രക്ഷപ്പെടുക), മൂപ്പിലാൻ, ഏനക്കേട്, ഇള്ളക്കുട്ടി, ചിള്ളിക്കളയുക (നിസ്സാരമാക്കി വലിച്ചെറിയുക) ഇവയെല്ലാം ഈ പുസ്തകത്തിനുചിതമായ ഭാഷ കൊടുത്തു എന്ന നിലക്കു മാത്രമല്ല പ്രാധാനമാകുന്നത്. മലയാളി തന്നെ അവരുടെ ഭൂതകാലങ്ങളിലെവിടെയോ മറന്നിട്ട വാക്കുകൾക്ക് പുനർജന്മം കൊടുക്കുക തന്നെയാണീ വിവർത്തനത്തിലൂടെ വി.എ.കബീർ ചെയ്യുന്നത്. വാക്കുകളെ മാത്രമല്ല ഭാഷാ ശൈലിയെയും (ആവൂല, കാര്യമാക്കൂല എന്നിങ്ങനെ) വീട്ടു ശൈലിയിലാക്കി ഇതിൽ ഉപയോഗിക്കുന്നതിലൂടെ ഏറ്റവും അടുപ്പമുള്ള ഭാഷയായി വായനക്കാർക്കിതനുഭവപ്പെടാം. പഴയ മലയാള വാക്കുകൾ മാത്രമല്ല അറബി വാക്കുകളെയും അതിന്റെ സാഹചര്യവും പ്രയോഗവുമടക്കം വിവരിക്കുന്ന ഈ കൃതി അനേകം അറബി വാക്കുകളെയും മലയാളിക്ക് സമ്മാനിക്കുകയാണ്. ഒരു മലയാള കൃതിയിൽ അവർക്കു മനസ്സിലാകുന്ന തരത്തിൽ വാക്കുപയോഗിച്ചാൽ ആ വാക്ക് മലയാളമാക്കി മാറ്റുന്ന പ്രക്രിയ തന്നെയായത് കണക്കാക്കാം. ആ നിലക്ക് കുറെയധികം അറബി വാക്കുകളും നമുക്ക് സ്വന്തമാകുന്നുണ്ടിതിൽ. സമാൻ (കാലം), ഹമാം (കുളിപ്പുര), സലാം (ശാന്തി) തുടങ്ങിയ കുറെ വാക്കുകൾ നമുക്ക് നേരത്തെ പരിചയമുള്ളവതന്നെയാണ്. എങ്കിലും ബഹുമാനസൂചകമായി മുതിർന്ന സ്ത്രീകളെ കുറിക്കാനുപയോഗിക്കുന്ന ലല്ല എന്ന പദവും സീദി എന്ന മുതിർന്ന പുരുഷനെക്കുറിക്കാനുപയോഗിക്കുന്ന പദവും ഈ കൃതി നമുക്കേറെ പരിചയമുള്ള ഒന്നാക്കി മാറ്റുന്നു. തഖ്‌ലിദി (പാരമ്പര്യം), അസ്രി (ആധുനികത), ജാരിയകൾ (അടിമ സ്ത്രീ) കൂടാതെ സീരിഅ എന്ന പാനീയം പോലുള്ള അനേകം ഭക്ഷണ പദാർത്ഥങ്ങൾ, കാനൂൻ(കൽക്കരിയടുപ്പ്), ഹമ്മ് എന്ന വാക്ക് മുശ്കിൽ(പ്രശ്നം) എന്ന വാക്കിൽ നിന്ന് എങ്ങനെ വ്യത്യസ്തമാകുന്നു എന്നുപോലും ഇതിൽ വിവരണങ്ങളുണ്ട്. കഫ്താൻ, ജിൽബാബ് (പുരുഷന്മാരുടെ വസ്ത്രം), ഹായ്ക് (സ്ത്രീകളുടെ വസ്ത്രം), ലിസാം (ചെറിയ മുഖപടം) എന്നിങ്ങനെയുള്ള വസ്ത്രനാമങ്ങൾ എല്ലാം ഈ പുസ്തകത്തിൽ വിവരിക്കപ്പെടുന്നു.

ഇങ്ങനെ വാക്കുകളും ശൈലികളും മാത്രമല്ല ജീവിതരീതി തന്നെ പ്രകടമാക്കുന്ന കുറെയധികം വാക്കുകൾ, പ്രയോഗങ്ങൾ ഈ കൃതി നമുക്ക് തരുന്നുണ്ട്. ചിലയിടത്ത് നാടോടിയായ മലയാള പദങ്ങളും ഉചിതമായിടത്ത് അറബി വാക്കുകളും സൂക്ഷ്മമായുപയോഗിച്ച് അനുഭവത്തെ അതിന്റെ തീവ്രതയിലവതരിപ്പിക്കാൻ ഈ വിവർത്തനത്തിന് കഴിയുന്നുണ്ട്. ഇസ്ലാമിക സ്ത്രീവാദത്തിന്റെ മേഖലയിലുണ്ടായ കുറെയധികം വ്യക്തികൾ, അവരുടെ പ്രവർത്തനങ്ങൾ, മെർനസിയുടെ പഠനങ്ങൾക്ക് തന്നെ ആധാരമായ അനുഭവ ങ്ങൾ എല്ലാം ആ സംസ്കാരിക മൂല്യത്തിനോടുകൂടി നീതി പുലർത്തിക്കൊണ്ടവതരിപ്പിക്കുന്ന വിവർത്തനം തീർച്ചയായും ഈ പുസ്തകത്തെ ഒരു സാംസ്കാരിക അനുഭവമാക്കി മാറ്റിത്തീർക്കുന്നുണ്ട്.

***ഷംഷാദ് ഹുസൈൻ*** *: കാലടി സംസ്കൃതം സർവ്വകലാശാല, തിരൂർ സെന്ററിന്റെ മലയാളം അദ്ധ്യാപികയാണ്.*


ശാസ്ത്രം



സീമ ശ്രീലയം

# പ്ലൂട്ടോയുടെ ചക്രവാളങ്ങൾ തേടി ന്യൂ ഹൊറൈസൺസ്

2006 ജനുവരി 19 അന്നാണ് ന്യൂ ഹൊറൈസൺസ് പേടകം ഭൂമിയിൽ നിന്ന് യാത്ര തിരിച്ചത്. അങ്ങകലെയുള്ള പ്ലൂട്ടോയെത്തേടി. പ്ലൂട്ടോയെക്കുറിച്ചും സൗരയൂഥത്തിന്റെ അതിർത്തിയിലുള്ള കുയ്പ്പർ ബെൽറ്റിനെക്കുറിച്ചും ഇനിയുമറിയാത്ത രഹസ്യങ്ങൾ ചുരുൾനിവർക്കുക എന്നതാണ് പര്യവേക്ഷണ ലക്ഷ്യം. ഒമ്പതര വർഷത്തെ നീണ്ട യാത്രയ്ക്കൊടുവിൽ ഈ ജൂലൈ 14 ന് പേടകം പ്ലൂട്ടോയ്ക്ക് സമീപമെത്തി നിരവധി ചിത്രങ്ങൾ ഭൂമിയിലേക്കയച്ചതോടെ ബഹിരാകാശ ഗവേഷണത്തിൽ കുറിക്കപ്പെട്ടത് പുതിയ ചരിത്രം.



സൗരയൂഥത്തിന്റെ അങ്ങേയറ്റത്തുള്ള പ്ലൂട്ടോ എന്ന ആകാശഗോളം ശാസ്ത്രജ്ഞർക്ക് എന്നുമൊരു വിസ്മയമാണ്.1930 ൽ ക്ലൈഡ് ടോംബോ എന്ന ജ്യോതിശാസ്ത്രജ്ഞനാണ് പ്ലൂട്ടോയെ കണ്ടെത്തിയത്. വാൽനക്ഷത്രങ്ങൾ നിദ്ര കൊള്ളുന്ന, ഛിന്ന ഗ്രഹങ്ങളും ക്ഷുദ്രഗ്രഹങ്ങളുമൊക്കെയുള്ള , അതിശൈത്യമേഖലയായ കുയ്പ്പർ ബെൽറ്റിലുള്ള പ്ലൂട്ടോയെക്കുറിച്ച് നാമിങ്ങറിഞ്ഞത് അല്പം മാത്രം. നാസയുടെ പേടകമായ ന്യൂ ഹൊറൈസൺസ് കേപ്കനാവറിൽ നിന്ന് സൗരയൂഥത്തിന്റെ ചക്രവാളങ്ങൾ തേടി യാത്രതിരിക്കുമ്പോൾ പ്ലൂട്ടോയുടെ സ്ഥാനം ഗ്രഹങ്ങളുടെ കൂട്ടത്തിലായിരുന്നു. എന്നാൽ ഭൂമിയിൽ നിന്നുള്ള ഈ അതിഥി അഞ്ഞൂറു കോടി കിലോമീറ്റർ താണ്ടി പ്ലൂട്ടോയ്ക്ക് സമീപമെത്തിയപ്പോഴേക്കും ഒൻപതാമത്തെ ഗ്രഹം എന്ന സ്ഥാനം നഷ്ടമായ പ്ലൂട്ടോ ഗ്രഹപ്പട്ടികയിൽ നിന്നു പുറത്തായി. കുള്ളൻ ഗ്രഹങ്ങളുടെ കൂട്ടത്തിലാണ് ഇപ്പോൾ പ്ലൂട്ടോയുടെ സ്ഥാനം.

2006 ലാണ് ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയൻ പ്ലൂട്ടോയെ ഗ്രഹപ്പട്ടികയിൽ നിന്ന് പുറത്താക്കിയത്. സ്വയം ഗോളാകൃതി പ്രാപിക്കാൻ ആവശ്യമായ മാസ് ഇല്ല, മറ്റു ഗ്രഹങ്ങളെ അപേക്ഷിച്ച് വലിപ്പം കുറവാണ്, ചിലപ്പോൾ പ്ലൂട്ടോയുടെ ഭ്രമണ പഥം നെപ്റ്റ്യൂണിന്റെ ഭ്രമണപഥത്തെ മുറിച്ചുകടക്കുന്നു തുടങ്ങിയ പോരായ്മകളാണ് രാജ്യാന്തര ജ്യോതിശാസ്ത്ര യൂണിയൻ ഇതിനു കാരണമായി ചൂണ്ടിക്കാട്ടിയത്. പ്ലൂട്ടോയെക്കാൾ വലിയ ആകാശഗോളങ്ങൾ കണ്ടുപിടിക്കപ്പെട്ടതും ഇതിനൊരു കാരണമായി. തന്നെയുമല്ല പ്ലൂട്ടോയുടെ ഉപഗ്രഹമായ ഷാരോണും പ്ലൂട്ടോയും ഏതാണ്ട് ഇരട്ടകളെപ്പോലെയാണ്.

പക്ഷേ ഇപ്പോൾ പ്ലൂട്ടോയ്ക്ക് സമീപം ചെന്ന് ന്യൂ ഹൊറൈസൺസ് പകർത്തിയ ചിത്രങ്ങൾ നൽകുന്ന സൂചനയനുസരിച്ച് നാം കരുതിയിരുന്നതിലും കൂടുതലാണ് പ്ലൂട്ടോയുടെ വലിപ്പം. പ്ലൂട്ടോ വീണ്ടും ഗ്രഹങ്ങളുടെ പട്ടികയിൽ ഇടം പിടിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല എന്നു സാരം. ഇപ്പോഴത്തെ കണക്കുകൂട്ടലനുസരിച്ച് 2370 കിലോമീറ്ററാണ് പ്ലൂട്ടോയുടെ വ്യാസം. പ്ലൂട്ടോയുടെ ഉപരിതലം, ക്ഷയിച്ചുകൊണ്ടിരിക്കുന്ന അന്തരീക്ഷം, പ്ലൂട്ടോയെ ചുറ്റുന്ന ചെറു ഗോളങ്ങൾ, കുയ്പ്പർ ബെൽറ്റിലെ കാണാക്കാഴ്ചകൾ എന്നിവയുടെ നിഗൂഢതകളിലേക്ക് വെളിച്ചം വീശുന്നതോടെ സൗരയൂഥത്തിന്റെ ഉല്പത്തിരഹസ്യങ്ങൾ കൂടി വെളിച്ചത്തുവരുമെന്ന പ്രതീക്ഷയിലാണ് ശാസ്ത്രജ്ഞർ. വിശദമായ പഠനങ്ങൾക്കായി ഇൻഫ്രാറെഡ് സ്പെക്ട്രോമീറ്റർ, അൾട്രാ വയലറ്റ് സ്പെക്ട്രോമീറ്റർ, റേഡിയോ സയൻസ് എക്സ്പിരിമെന്റ് , പ്ലാസ്മ സ്പെക്ട്രോമീറ്റർ, ലോങ് റേഞ്ച് ഇമേജർ തുടങ്ങി നിരവധി നൂതന ഉപകരണങ്ങളുണ്ട് പേടകത്തിൽ. സൗരയൂഥത്തിന്റെ ചക്രവാളങ്ങൾ താണ്ടിയെത്തുന്ന പുതിയ ദൃശ്യങ്ങൾക്കും വിസ്മയങ്ങൾക്കുമായി കൺതുറന്നിരിക്കുകയാണ് ശാസ്ത്രലോകം.



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara